# സത്യദൂതൻ

2017 മെയ് | ലക്കം 5
വില ₹ 30



## രാഷ്ട്രം, സമൂഹം, ഖിലാഫത്ത്

### പ്രക്ഷുബ്ധമാവുന്ന ലോകം

## വായിക്കുക, വരിക്കാരാവുക!





# സത്യദൂതൻ

**ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ**
**ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

**ഒരു കോപ്പിക്ക് 30 രൂപ**
**വാർഷിക വരിസംഖ്യ 300 രൂപ**

---

കൂടുതൽ വിവരങ്ങൾക്ക്
മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഫോൺ : 8089574250, ഇമെയിൽ sathyadoothan1@gmail.com




The Sathyadoothan Monthly


لا إله إلا الله محمد رسول الله

# സത്യദൂതൻ

2017 മെയ്
ഹി.ശ.1396 – ഹിജറത്ത്
1438 ശഅബാൻ – റംസാൻ
പുസ്തകം 89 ലക്കം 5
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം





**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**

ഖുത്ബ സംഗ്രഹം

**ഗുരുതരാവസ്ഥയിലാവുന്ന കാലം**
**വിജ്രംഭിതമാവുന്ന ദൈവ ക്രോധം**

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2017 ഏപ്രിൽ 21ന് ജർമ്മനിയിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

**12** **ഔഷധങ്ങളെക്കുറിച്ചുള്ള അറിവ്**
ഖലീൽ അഹ്മദ്

**16** **ആദമിന്റെ ഏദൻ തോട്ടം**
മുഹമ്മദ് നജീബ് ഖാൻ വാഴക്കാല

**20** **രാഷ്ട്രം, സമൂഹം, ഖിലാഫത്ത്**
എ. എം. മുഹമ്മദ് സലിം

**26** **സ്വർഗനരകങ്ങൾ**
**ഇസ്‌ലാമിലും മറ്റു മതങ്ങളിലും**
ഫസൽ അഹ്മദ്

**31** **ഹദ്റത്ത് ബിലാൽ (റ)**
**പറഞ്ഞ കഥ – 7**
ഇബ്നു വഫ കോഴിക്കോട്

**36** കുറിപ്പുകൾ
**പ്രക്ഷുബ്ധമാവുന്ന ലോകം**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി–682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ:** 99460 21252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250



Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്

സമസ്ത മനുഷ്യർക്കും സന്മാർഗദായകവും മാർഗദർശനത്തിന്റേയും സത്യാസത്യ വിവേചനത്തിന്റേയും സ്പഷ്ടമായ തെളിവുകൾ ഉൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിക്കപ്പെട്ട മാസമാണ് റമദാൻ. അതുകൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ വ്രതമനുഷ്ഠിക്കണം (2:186)



## നബിവചനം



ഹദ്റത്ത് അബൂഹുറൈറ (റ) യിൽ നിന്നുള്ള നിവേദനം: റമദാൻ മാസം ആഗതമാവുമ്പോൾ സ്വർഗത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുകയും നരകത്തിന്റെ കവാടങ്ങൾ അടക്കപ്പെടുകയും ശൈത്വാൻ ബന്ധിതനായിത്തീരുകയും ചെയ്യുന്നതാണ്. (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം

### നോമ്പിന്റെ ഉദ്ദേശ്യവും നോമ്പുകാരന്റെ കടമയും

"ഇസ്‌ലാമിന്റെ അനുഷ്ഠാന കർമങ്ങളിൽ മൂന്നാമത്തേത് നോമ്പാകുന്നു. നോമ്പിന്റെ യാഥാർഥ്യത്തെക്കുറിച്ചും ജനങ്ങൾ അജ്ഞരാണ്. വാസ്തവം എന്താണെന്നു വെച്ചാൽ, പോയി കണ്ടിട്ടില്ലാത്ത രാജ്യത്തെക്കുറിച്ചും അറിവില്ലാത്ത ലോകത്തെക്കുറിച്ചും മനുഷ്യന് എന്താണ് പറയാൻ കഴിയുക? മനുഷ്യൻ വിശന്നും ദാഹിച്ചും ഇരിക്കുകയെന്നതു മാത്രമല്ല നോമ്പ്. അതിനൊരു തത്ത്വമുണ്ട്. അതിനൊരു പ്രഭാവമുണ്ട്. അത് അനുഭവത്തിലൂടെയാണ് അറിയാൻ കഴിയുക. ഭക്ഷണം കുറയ്ക്കുന്നതനുസരിച്ച് ആത്മാവ് പരിശുദ്ധമാകുന്നുവെന്നത് മനുഷ്യ പ്രകൃതിയിലുള്ളതാണ്. ദർശനശക്തി വർധിക്കുന്നു. ഭൗതികഭക്ഷണം കുറച്ച് ആത്മീയഭക്ഷണം അധികമാക്കുക എന്നതാണ് അല്ലാഹു ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. വിശപ്പ് മാത്രമല്ല അവനിൽനിന്ന് പ്രതീക്ഷിക്കുന്നതെന്ന കാര്യം നോമ്പുകാരന്റെ ദൃഷ്ടിയിലുണ്ടായിരിക്കണം. എന്നല്ല, ഏകാന്തവാസവും ഭൗതികതയിൽനിന്നുള്ള അകൽച്ചയും ലഭിക്കാനായി ദൈവസ്മരണയിൽ അധിമധികം ലയിക്കുകയും വേണം. കേവല ശരീരത്തിന് പോഷണം നൽകുന്ന ഭക്ഷണം ഉപേക്ഷിച്ച് ആത്മാവിന്റെ തൃപ്തിയ്ക്കും സമ്പുഷ്ടിക്കും ഉതകുന്ന ഭക്ഷണം സ്വീകരിക്കുക എന്നതാണ് നോമ്പുകൊണ്ടുള്ള ഉദ്ദേശ്യം. ഒരു ചടങ്ങുതീർക്കുന്നുവെന്ന നിലയിലല്ലാതെ ആരാണോ അല്ലാഹുവിനുവേണ്ടി നോമ്പുനോല്ക്കുന്നത് അയാൾ ആധ്യാത്മിക ഭക്ഷണം ലഭിക്കുന്നതിനായി അല്ലാഹുവിനെ സ്തുതിക്കുന്നതിലും അവനെ പ്രകീർത്തിക്കുന്നതിലും അവന്റെ ഏകത്വ കീർത്തനത്തിലും മുഴുകേണ്ടതാണ്." (മൽഫൂദാത്ത് വാള്യം 9 പേജ് 123, 1984)



# വിശുദ്ധ റമദാൻ

മതഭൗതിക പ്രലോഭനങ്ങളുടെ ആന്ദോളനത്തിൽപെട്ട് ആടിയുലയുന്ന മനുഷ്യൻ അന്ന പാനീയങ്ങൾ വർജിജിച്ച് ശരീരത്തിനെതിരെ ആത്മാവിന്റെ രോധങ്ങൾ തീർക്കുന്ന പുണ്യമാസമാണ് റമദാൻ. ഭക്ഷണത്തിന്റെ നിരാസം മനുഷ്യാത്മാവിനുമേൽ മന്ദമായി വേദനിക്കുന്ന ഒരറിവായി പകലുടനീളം നില കൊള്ളുന്നു. മനുഷ്യന്റെ ആത്മീയ വികാസത്തിന് ഭക്ഷണത്തിന്റെ ജൈവ രസതന്ത്രം ഇസ്‌ലാമിന്റെ പോലെ ഇത്രയും ശാസ്ത്രീയമായി ഉപയോഗപ്പെടുത്തിയ മറ്റൊരു മതവുമില്ല എന്ന് നിസ്സംശ്ശയം പറയാം. അത്രമാത്രം സൂക്ഷ്മവും ഗഹനവുമാണ് വ്രതാനുഷ്ഠാനത്തിന്റെ അദ്ധ്യാപനങ്ങൾ. വാഗ്ദത്ത മസീഹ് പറയുന്നു. ***റമദ എന്ന പദത്തിന് അർഥം സൂര്യതാപം എന്നാകുന്നു. റമാദാൻ മാസത്തിൽ ഒരു ഭാഗത്ത് ജനങ്ങൾ ഭക്ഷണ പാനീയങ്ങളും മറ്റെല്ലാ ശാരീരിക സുഖങ്ങളും ത്യജിക്കുകയും മറു ഭാഗത്ത് ദൈവിക കൽപ്പനകൾ അനുസരിക്കുന്നതിൽ ശ്രദ്ധയും ആവേശവും വളർത്തുകയും ചെയ്യുന്നു. ആത്മീയമായും ഭൗതികമായും ഉള്ള ഈ രണ്ടു ജ്വലനങ്ങളുടെ സമാഗമമാണ് റമദാൻ (മൽഫൂസാത്ത്)***

വ്രതം മനുഷ്യ ശരീരത്തോടുള്ള പ്രതിരോധമാണെന്ന് ഖുർആൻ പറയുന്നു.

***നിങ്ങൾ സ്വന്തം ശരീരങ്ങളോട് അനീതി പ്രവർത്തിക്കുകയായിരുന്നുവെന്ന് അല്ലാഹു അറിഞ്ഞിട്ടുണ്ട്. അതിനാൽ അവൻ നിങ്ങളുടെ മേൽ കനിവ് കാണിക്കുകയും നിങ്ങൾക്ക് ആശ്വാസമേകുകയും ചെയ്തിരിക്കുന്നു (2:188)***

ശരീരത്തിന് മേൽ ആത്മാവിന്റെ വിജയം പ്രഖ്യാപിക്കുന്ന വ്രതാനുഷ്ഠാന മാസം ഒരു വിശ്വാസിയുടെ ആത്മീയോത്സവ കാലമാണ്. റസൂൽ തിരുമേനി (സ) റമദാനെക്കുറിച്ച് പറഞ്ഞത് ശ്രദ്ധേയമാണ്. ***റമദാൻ ആഗതമായാൽ സ്വർഗ കവാടങ്ങൾ തുറക്കപ്പെടുകയും നരക കവാടങ്ങൾ അടക്കപ്പെടുകയും പിശാചിനെ ചങ്ങലക്കിടുകയും ചെയ്യും.***

***(ബുഖാരി)***



ഹദ്റത്ത് അഹ്മദ് (അ)

# വ്രതാനുഷ്ഠാനം ഒരു ആത്മീയ പരിശീലനം

ഇസ്ലാമിലെ ഒരു മൗലികകർമ്മമാണ് വ്രതാനുഷ്ഠാനം. ഇസ്ലാം നിർദേശിച്ചിട്ടുള്ള ആരാധനാ കർമങ്ങളിൽ ഭേദഗതി വരുത്തേണ്ട തുണ്ടെന്ന് മുസ്ലിംകൾ എന്ന് പറയ പ്പെടുന്ന ചിലർ തന്നെ ഇക്കാലത്ത് അഭിപ്രായപ്പെടുന്നുണ്ടെന്നത് വ്യസനകരമാണ്. ഇവർ ആത്മീയാന്ധത ബാധിച്ച വരും ദൈവകൽപ്പനകളിൽ അന്തർഭവിച്ചിരിക്കുന്ന തത്ത്വരഹസ്യങ്ങൾ ഗ്രഹിക്കാത്തവരുമാകുന്നു. അധ്യാത്മിക രംഗത്ത് കാലുറച്ചിട്ടില്ലാത്തവർ പ്രസ്തുത കർമാനുഷ്ഠാനങ്ങളെ സംബന്ധിച്ച കാര്യങ്ങളിൽ കൈകടത്താൻ ശ്രമിക്കുന്നത് യുക്തി സഹമല്ല. തങ്ങൾ ഒരിക്കലും കടന്നുചെന്നിട്ടില്ലാത്ത പ്രസ്തുത ആത്മീയ സാമ്രാജ്യത്തിൽ പരിഷ്ക്കാര ങ്ങൾ വരുത്തുന്നതിന് ഇവർ കൃത്രിമ പദ്ധതികൾ നിർദേശിക്കുന്നു. ഇവർ ജീവതം മുഴുവൻ ലൗകിക കാര്യങ്ങളിൽ മാത്രം ചെലവഴിക്കുന്നവരും ആത്മീയ കാര്യങ്ങളെക്കുറിച്ച് വിവരമില്ലാത്തവരും ആകുന്നു. ആഹാരം കുറക്കുകയും വിശപ്പ് സഹിക്കുകയും ചെയ്യുക എന്നത് ആത്മാവിന്റെ സംസ്കരണത്തിനും പുരോഗതിക്കും അത്യാവശ്യമ ായ ഒരു കർമമാകുന്നു. അത് ആത്മീയ ദർശനത്തിനുള്ള ശക്തിയെ പോഷിപ്പിക്കുന്നതു മാകുന്നു. മനുഷ്യൻ ഭക്ഷണ പദാർഥങ്ങളാൽ മാത്രമല്ല ജീവിക്കുന്നത്. ഈ ജീവിതത്തിന് ശേഷം അവന് മറ്റൊരു ജീവിതമുണ്ട്. നിത്യമായ ആ പാരത്രിക ജീവിതത്തെ അലക്ഷ്യമായി തള്ളി ക്കളയുക എന്നത് ദൈവത്തിൽ നിന്നുള്ള വേർപാടിനേയും അത് വഴി അവന്റെ അനിഷ്ട ത്തെയും സ്വയം വരിക്കയാകുന്നു.

വ്രതാനുഷ്ഠാനം കൊണ്ടുള്ള വിവക്ഷ ഒരു ക്ലിപ്ത കാലം അവരെ പാനാശനങ്ങൾ ചെയ്യാതെ വിശപ്പും ദാഹവും സഹിക്കുക മാത്രമല്ലെന്നത് സ്മർത്തവ്യമാണ്. എല്ലാതരം ദോഷങ്ങളിൽ നിന്നും അകന്നു നിൽക്കുമാറ് നോമ്പുകാരൻ ദൈവ സ്മരണയിൽ അധികമധികം ഏർപ്പെട്ടിരിക്കുക അത്യാവശ്യമാകുന്നു വിശുദ്ധ നബി കരീം (സ) തിരുമേനി റമദാൻ മാസത്തിൽ വളരെ യധികം ദൈവാരാധയിൽ വ്യാപൃതനാവുക പതിവായി രുന്നു. ആകയാൽ നോമ്പുകാലത്ത് ഭക്ഷ്യപാനീ യാദികളെ സംബന്ധിച്ച ചിന്തകളിൽ നിന്ന് വിരമിക്കുകയും പ്രസ്തുത കാര്യങ്ങളുമായുള്ള കെട്ടുപാടുകളെ ഉപേക്ഷിക്കുകയും ചെയ്തു കൊണ്ട് ശ്രദ്ധയെല്ലം അല്ലാഹുവിൽ ആക്കിത്തീർ ക്കേണ്ടതാണ്. ഭൗതികമായ ഭക്ഷണ സാധനങ്ങൾ ലഭിച്ചിരിക്കേ ആത്മീയാഹാരത്തെക്കുറിച്ച് ചിന്തിക്കാത്ത മനുഷ്യൻ ഭാഗ്യഹീനനാണെന്ന് വേണം പറയാൻ. ഭക്ഷണം കഴിക്കുന്നത് മൂലം ശരീരത്തിന് ബലവും ഓജസ്സും നിലനിൽക്കുന്നത് പോലെ ആത്മീയാഹാരം മൂലം ആത്മാവിന് രക്ഷയും ആത്മീയ ശക്തിയും ചൈതന്യവും സിദ്ധിക്കുന്നു. എല്ലാവിധ സഫലതകളുടെയും ദൈവാനുഗ്രഹങ്ങൾ തുറക്കുമാറാകുന്നതിനാൽ വിജയ ലബ്ധിക്ക് അവങ്കൽ നിന്നുതന്നെ സഹായം തേടേണ്ടതാണ്. (ബദർ 18 . 1 1907)

റമദ എന്നത് സൗരോഷ്ണത്തിനാണ് പറയുന്നത്. റമദാനിൽ മനുഷ്യൻ ഭക്ഷണ പാനീയങ്ങളുടെയും ഇതര ശാരീരികാനന്ദങ്ങളു ടേയും കാര്യത്തിൽ ക്ഷമ കൈക്കൊള്ളുന്നു. മറ്റൊന്ന് അല്ലാഹുവിന്റെ കൽപ്പനകൾക്കായി ഒരു വിധത്തിലുള്ള ഊഷ്മാവും ആവേശവും സംജാതമാവുന്നു ഇങ്ങനെ ആത്മീയവും ഭൗതികവുമായ ഊഷ്മാവുകൾ ഒന്നായി ചേർന്ന് റമദാൻ (രണ്ടു വിധത്തിലുള്ള റമദുകൾ) ഉണ്ടാകുന്നു. റമദാൻ മാസം ഒരു ഉഷ്ണകാലത്ത് വന്നതിനാലാണ് റമദാൻ എന്ന പേരു സിദ്ധിച്ചതെന്ന വൈയാകരണന്മാരുടെ അഭിപ്രായത്തോട് എനിക്ക് യോജിപ്പില്ല. കാരണം ഇത് അറബികൾക്ക് മാത്രമായുള്ള പ്രത്യേകതയല്ല. ആത്മീയമായ റമദ എന്നത് കൊണ്ട് ആത്മീയമായ അഭിരുചിയും ആനന്ദവും ഊഷ്മാവുമാണ് ഉദ്ദേശ്യം. (അൽഹക്കം 24. 7. 1901)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2017 ഏപ്രിൽ 21ന് ജർമ്മനിയിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം. വിവ. മുഹമ്മദ് ഇസ്മായിൽ, ആലപ്പി.

# ഗുരുതരാവസ്ഥയിലാവുന്ന കാലം വിജ്രംഭിതമാവുന്ന ദൈവ ക്രോധം

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)




നാം ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചിരിക്കുന്നു എന്നത് അല്ലാഹുവിന്റെ കൃപയും ഔദാര്യവുമാണ്. ആ മഹാത്മാവിന്റെ ബയ്അത്തിൽ നാം ചേർന്നിരിക്കുന്നു. ഇക്കാര്യം നമ്മുടെ ഈമാൻ വർധിപ്പിക്കുന്നതിനുള്ള ഉപാധിയാക്കേണ്ടതാണ്. വിശ്വസിച്ചതിനുശേഷം നമ്മൾ നമ്മുടെ വിശ്വാസത്തിലും അതിന്റെ ദൃഢതയിലും (യഖീനിലും) ഗുണപരമായ മാറ്റം വരുത്തുന്നില്ലെങ്കിൽ ആ

വിശ്വാസം കൊണ്ട് ഒരു പ്രയോജനവുമുണ്ടാകുകയില്ല. അപകർഷതാബോധവും ഭീരുത്വവും ഒന്നുംകൂടാതെ തുറന്ന നിലയിൽ നമ്മൾ ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കേണ്ടതാണ്. മുസ്‌ലീംകളുടെ അവസ്ഥയും അവരെക്കുറിച്ച് പറയപ്പെടുന്ന കുഴപ്പവും കലഹവും കണ്ടിട്ട് ഇസ്‌ലാമിനെക്കുറിച്ച് കൂടുതലൊന്നും പറയേണ്ടെന്ന ചിന്താഗതി യുവജനങ്ങൾ കണ്ടു വരുന്നുണ്ട്. വാസ്തവത്തിൽ മറ്റു മുസ്‌ലീംകളുടെ പ്രവർത്തനം കൊണ്ട് ഇസ്‌ലാമിന്റെ യഥാർഥമായ ചിത്രം ലോകത്തിനുമുമ്പിൽ മറക്കപ്പെടുകയാണ്. മുസ്‌ലിംകളുടെ ഇന്നത്തെ പരിതാപകരമായ അവസ്ഥയിൽ ഇസ്‌ലാം സത്യമാണെന്നതിന് ലോകത്തോട് പറയാനുളള ധൈര്യം കൂടുതൽ വർദ്ധിപ്പിക്കുകയാണ് ചെയ്യേണ്ടത്. എന്തുകൊണ്ടെന്നാൽ മുസ്‌ലീംകളിൽ ഛിദ്രതയും കലഹവും കുഴപ്പവും ഉണ്ടാകുന്ന ഒരു കാലം വരുമെന്നും നാമമാത്ര ഉലമാ ആയിരിക്കും അതിന്റെ ഉത്തരവാദികളെന്നും നബി(സ)തിരുമേനി പ്രവചനം ചെയ്തിരുന്നു. ഭൗതികത മുസ്‌ലീംകളിൽ അതിജയിക്കുന്നതായിരിക്കും. ആ നേരത്ത് മസീഹ് മൗഊദിന്റേയും മഹ്ദിയെ മഅ്ഹൂദിന്റേയും വെളിപ്പെടലുണ്ടാകും. അദ്ദേഹം ഇസ്‌ലാമിന്റെ യഥാർഥമായ ചിത്രം ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കുന്നതാണ്. നമ്മൾ ആ മസീഹ് മൗഊദിനെ വിശ്വസിച്ചവരാണ്. യഥാർഥ ഇസ്‌ലാമിന്റെ അധ്യാപനം എത്രമാത്രം മനോഹരമായ രീതിയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നമ്മെ കാണിക്കുകയും പഠിപ്പിക്കുകയും ചെയ്തുവോ അതനുസരിച്ച് പ്രവർത്തിക്കുന്നവരാണ്.

വെറും വിശ്വാസപരമായ പരിഷ്കരണത്തിന്നായുള്ള ജമാഅത്ത് സ്ഥാപിക്കാനല്ല ഹദ്റത്ത് മസീഹ് മൗഊദ്(അ)ആഗതരായത്. പ്രത്യുത എല്ലാ തലങ്ങളിലും സമൂലമായ കർമപരമായ പരിഷ്കരണം നടത്തുന്ന ജമാഅത്താണ് സ്ഥാപന ലക്ഷ്യം. അതിനു വേണ്ടി നാം പരിശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ടോ? എന്ന് ഓരോരുത്തരും ആത്മപരിശോധന നടത്തേണ്ടതാണ്. നമ്മുടെ അംഗസംഖ്യ വർധിക്കുമ്പോൾ, ലോകം നമ്മെ കൂടുതൽ അറിയുമ്പോൾ നിരൂപണ ദൃഷ്ടിയും വർധിക്കുമെന്നത് സ്വാഭാവികമാണ്. അതിനാല നാം നമ്മുടെ കർമ്മപരമായ അവസ്ഥകളുടെ നിലവാരം ഉയർത്താനും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തതിന്റെ ഉദ്ദേശ്യം പൂർത്തിയാക്കാനും നമ്മളോടു ആവശ്യപ്പെടുന്നു.

കഴിഞ്ഞ കുറച്ചു ദിവസമായി ജർമനിയിലെ വിവിധ നഗരങ്ങളിൽ മസ്ജിദുകളുടെ ഉൽഘാടനങ്ങളുടേയും ശിലാസ്ഥാപന കർങ്ങളുടേയും പരിപാടികൾ നടന്നു വരികയാണ്. അവയിൽ പങ്കെടുത്ത തദ്ദേശവാസികളുടേയും തദ്ദേശ രാഷ്ട്രീയക്കാരുടേയും അഭിപ്രായങ്ങളിൽനിന്ന് മനസ്സിലാകുന്നത് അല്ലാഹുവിന്റെ കൃപയാൽ തദ്ദേശവാസികളിൽ തദ്ദേശ അഹ്മദികളുടെ നല്ല സ്വാധീനമുണ്ടെന്നാണ്. പക്ഷേ, ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം എത്രത്തോളം ജനങ്ങളെ പരിചയപ്പെടുത്തണമായിരുന്നുവോ അത്രത്തോളം ഉണ്ടായിട്ടില്ലെന്ന് എനിക്കു തോന്നി. കാരണം ധാരാളമാളുകൾ പറഞ്ഞത് ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം തങ്ങൾക്കറിയില്ലായിരുന്നുവെന്നും മാധ്യമങ്ങൾ കാണിക്കുന്ന ഇസ്‌ലാമിന്റെ സങ്കല്പമാണ് തങ്ങളുടെ മനസ്സിലുണ്ടായിരുന്നതെന്നുമാണ്.

ഇസ്‌ലാമിന്റെ കാര്യങ്ങൾ നമ്മിൽനിന്ന് കേട്ട് ആളുകൾ എങ്ങനെയാണ് തങ്ങളുടെ ചിന്താഗതികൾ മാറ്റുന്നത്. അതിനുളള ചില ഉദാഹരണങ്ങൾ ഞാൻ പറയാം ഒരു ഡോക്ടർ പറഞ്ഞു:'വിദ്വേഷത്താലല്ലാതെ സ്നേഹത്താൽ വ്യാപിച്ചുകൊണ്ടിരിക്കുന്ന ഇസ്‌ലാമിനെ ഞാൻ ഇന്നു കണ്ടു.' ഒരു സ്ത്രീ പറഞ്ഞു:'ഞാൻ ഇന്നു കേട്ട കാര്യങ്ങൾ ഒരിക്കലും ഒരു മുസ്‌ലിം ലീഡ

അപകർഷതാബോധവും ഭീരുത്വവും ഒന്നുംകൂടാതെ തുറന്ന നിലയിൽ നമ്മൾ ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കേണ്ടതാണ്. മുസ്‌ലീംകളുടെ അവസ്ഥയും അവരെക്കുറിച്ച് പറയപ്പെടുന്ന കുഴപ്പവും കലഹവും കണ്ടിട്ട് ഇസ്‌ലാമിനെക്കുറിച്ച് കൂടുതലൊന്നും പറയേണ്ടെന്ന ചിന്താഗതി യുവജനങ്ങൾ കണ്ടു വരുന്നുണ്ട്. വാസ്തവത്തിൽ മറ്റു മുസ്‌ലീംകളുടെ പ്രവർത്തനംകൊണ്ട് ഇസ്‌ലാമിന്റെ യഥാർഥമായ ചിത്രം ലോകത്തിനു മുമ്പിൽ മറക്കപ്പെടുകയാണ്. മുസ്‌ലിംകളുടെ ഇന്നത്തെ പരിതാപകരമായ അവസ്ഥയിൽ ഇസ്‌ലാം സത്യമാണെന്നതിന് ലോകത്തോട് പറയാനുളള ധൈര്യം കൂടുതൽ വർദ്ധിപ്പിക്കുകയാണ് ചെയ്യേണ്ടത്. എന്തുകൊണ്ടെന്നാൽ മുസ്‌ലീംകളിൽ ഛിദ്രതയും കലഹവും കുഴപ്പവും ഉണ്ടാകുന്ന ഒരു കാലം വരുമെന്നും നാമമാത്ര ഉലമാ ആയിരിക്കും അതിന്റെ ഉത്തരവാദികളെന്നും നബി(സ)തിരുമേനി പ്രവചനം ചെയ്തിരുന്നു. ഭൗതികത മുസ്‌ലീംകളിൽ അതിജയിക്കുന്നതായിരിക്കും.

റിൽനിന്നും കേട്ടിട്ടില്ല.' ഒരു സ്ത്രീ മിസ്സ് ഈസ്തർ പറഞ്ഞു:'ഇവിടെ ഞാൻ മനസ്സിൽവച്ചുകൊണ്ടു വന്ന എന്റെ എല്ലാ ചോദ്യങ്ങൾക്കും നിങ്ങളുടെ ഖലീഫ മറുപടി തന്നു.' പറഞ്ഞു:ഇന്ന് ഞാൻ എത്രമാത്രം മനോഹരമായ കാര്യമാണ് കേട്ടതെന്നാൽ നാളെ ഇസ്‌ലാമിന്റെ പേരിൽ ഏതെങ്കിലും ഉഗ്രവാദി ആക്രമണം നടത്തുകയും ജനങ്ങൾ അവനിലേക്ക് തിരിയുകയും ഈ സമാധാന നിർഭരമായ സന്ദേശത്തെ മറക്കുകയും ചെയ്യുമോ എന്നാണ് എന്റെ ഭയം. അമീറുൽമുഅ്മിനീൻ പറഞ്ഞു:'ഇത് യാഥാർഥ്യമാണ്, ഇപ്രകാരമാണ് സംഭവിക്കുന്നതും. ഇസ്‌ലാമിന്റെ നല്ല ചിത്രം ഒരിക്കലും ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കപ്പെടാതിരിക്കാനാണ് പ്രത്യേകമായും മാധ്യമങ്ങൾ ശ്രമിക്കുന്നത്. അതുകൊണ്ട് ഇസ്‌ലാമിന്റെ ഈ സന്ദേശത്തെ-ഇത് സ്നേഹത്തിന്റേയും അനുരക്തിയുടേയും മൈത്രിയുടേയും സമസൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുന്നതിന്റേയും സന്ദേശമാണ്- പ്രചരിപ്പിക്കാൻ ശ്രമിച്ചുകൊണ്ടുപോകുക എന്നതാണ് നമ്മുടെ ജോലി. ഇസ്‌ലാമിന്റെ പേരിൽ നാമമാത്ര മുസ്‌ലീംകൾ ചെയ്തുകൊണ്ടിരിക്കുന്ന നെഗറ്റീവായിട്ടുള്ള എല്ലാ പ്രവർത്തനങ്ങൾക്കും ശേഷം നമ്മുടെ ജോലിയാണ് പോസിറ്റീവായിട്ടുള്ള അധ്യാപനങ്ങൾ ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുക എന്നത്. ചില യൂണിവേഴ്സിറ്റികളിൽ പഠിക്കുന്ന നമ്മുടെ ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും ചിന്താഗതി ഒരുപക്ഷേ, പഴയകാല കർമശാസ്ത്ര പണ്ഡിതന്മാരേയും ആലിമീംകളേയും പഠിച്ചിട്ട് അല്ലെങ്കിൽ പഴയകാല ഇമാമുകളുടേയും സിദ്ധന്മാരു ടെയും സ്മരണിക പഠിച്ചിട്ട് അവരുടെ അറിവ് ഒരുപാട് വർധിച്ചുവെന്നാണ്. അവരുടെ അറിവിനെ നേരിടാൻ ആർക്കും കഴിയില്ലത്രെ! ഈ കീടാണു ആരുടെയെങ്കിലും മനസ്സിലുണ്ടെങ്കിൽ അതിനെ പുറത്തുകളയേണ്ടതാണ്. പഴയകാല ഉലമായേയും വൊലിമാരേയും ഇപ്പോൾ ഉപേക്ഷിക്കുക. ഇപ്പോൾ യഥാർഥ അറിവും ഇസ്‌ലാമിന്റെ ശരിയായ ചിത്രവും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ വായിച്ചെങ്കിൽമാത്രമെ ലഭിക്കുകയുള്ളു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പുറപ്പെടുവിച്ചിട്ടുള്ള വിധികളാണ് യഥാർഥ വിധികൾ. അവിടത്തെ ഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിൽ ഏതൊരു വ്യാഖ്യാനമാണോ അവിടത്തെ ഖലീഫമാർ നല്കിയിട്ടുള്ളത് ആ വ്യാഖ്യാനങ്ങളാണ് യഥാർഥ വ്യാഖ്യാനങ്ങൾ. അവ വായിക്കുകയും നിങ്ങളുടെ അറിവുകൾ വർധിപ്പിക്കുകയും ചെയ്യുക. പറഞ്ഞു:'ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇക്കാലത്തെ നീതിമാനായ വിധികർത്താവായിക്കൊണ്ടാണ് വന്നിരിക്കുന്നത്. ഇക്കാര്യം നമ്മൾ എപ്പോഴും നമ്മുടെ മുമ്പിൽ വെക്കേണ്ടതാണ്. അതുകൊണ്ട് എന്തൊന്നാണോ അവിടന്ന് പറഞ്ഞത് അതാണ് സത്യവും ഇസ്‌ലാമികാധ്യാപനങ്ങളുടെ യാഥാർഥ്യവും.

അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഇക്കാലത്തെ പരിഷ്കരണത്തിനായി അയച്ചപ്പോൾ ആ മഹാത്മാവിന് നേരിട്ട് അറിവും പ്രദാനം ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരിടത്ത് പറയുന്നു:'ആരാണോ വിശ്വസിക്കുന്നത് അവൻ തന്റെ ഈമാനിൽനിന്ന് യഖീനും ഇർഫാനുംവരെ അഭിവൃദ്ധിപ്പെടേണ്ടതാണ്. അല്ലാതെ അവൻ നിഗമനത്തിൽ കുടുങ്ങിക്കിടക്കുന്നവനാകാൻ പാടില്ല. പറഞ്ഞു:'യഖീൻ അഥവാ ദൃഢജ്ഞാനം കൂടാതെ ഒന്നുമുണ്ടാകുകയില്ല.' പറഞ്ഞു:'ഇനി സ്വയം ചിന്തിക്കുകയും നിങ്ങളുടെ മനസ്സുകളിൽ തീരുമാനമെടുക്കുകയും ചെയ്യുക. നിങ്ങൾ എന്റെ കൈയിൽ ബയ്അത്തുചെയ്യുകയും എന്നെ നീതിമാനായ വിധികർത്താവായി വിശ്വസിക്കുകയും ചെയ്തിട്ടുള്ള സ്ഥിതിക്ക്, ആ വിശ്വാസത്തിനു ശേഷം എന്റെ ഏതെങ്കിലും വിധിയേയും പ്രവൃത്തിയേയും കുറിച്ച് മനസ്സിൽ എന്തെങ്കിലും വൈമനസ്യമോ വിഷമമോ ഉണ്ടാകുന്നുണ്ടെങ്കിൽ നിങ്ങളുടെ ഈമാനെപറ്റി ചിന്തിച്ചുകൊള്ളുക. മസീഹ് മൗഊദ് യഥാർഥത്തിൽ നീതിമാനായ വിധികർത്താവാണെന്ന് നിങ്ങൾ സത്യഹൃദയത്തോടെയാണ് അംഗീകരിച്ചിട്ടുള്ളതെങ്കിൽ, അദ്ദേഹത്തിന്റെ വിധിയുടേയും കർമത്തിന്റേയും മുമ്പിൽ നിങ്ങളുടെ ആയുധം ഇടുക. നിശബ്ദരാകുക. നബി(സ)തിരുമേനി പറഞ്ഞ പരിശുദ്ധകാര്യങ്ങളെ ആദരിക്കുന്നവരും മഹത്ത്വപ്പെടുത്തുന്നവരും ആകുന്നതിന് പറയപ്പെട്ടത് അംഗീകരിക്കുകയും അദ്ദേഹത്തിന്റെ വിധികളെ ആദര ദൃഷ്ടിയോടെ നോക്കുകയും ചെയ്യുക.' പറഞ്ഞു: നബി(സ)തിരുമേനിയുടെ സാക്ഷ്യം മതിയായതാണ്. വരുന്ന മസീഹ് മൗഊദ് നിങ്ങളുടെ ഇമാമായിരിക്കുമെന്നും നീതിമാനായ വിധികർത്താവായിരിക്കുമെന്നും അത് സമാധാനിപ്പിക്കുന്നു. അതിൽ തൃപ്തി ഉണ്ടാകുന്നില്ലെങ്കിൽ പിന്നീട് എപ്പോൾ തൃപ്തി ഉണ്ടാകാനാണ്.' പറയുന്നു:'ഞാൻ സത്യവാനല്ലെങ്കിൽ നിങ്ങൾ പോകുക, സത്യവാനെ അന്വേഷിക്കുക. ഈ നേരത്ത് മറ്റൊരു സത്യവാനെ കിട്ടുകയില്ലെന്ന് തീർച്ചയായും മനസ്സിലാക്കിക്കൊള്ളുക. പിന്നീട് മറ്റൊരു സത്യവാനെ കിട്ടുന്നില്ലെങ്കിൽ-കിട്ടുകയില്ലെന്നത് വേറെ കാര്യം-നബി(സ)തിരുമേനി എനിക്കു നല്കിയിട്ടുള്ള അവകാശം മാത്രമേ ഞാൻ ചോദിക്കുന്നുള്ളു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)എതിരാളികളെ സംബോധന ചെയ്തുകൊണ്ട് പറയുന്നു:'അഹോ കഷ്ടം! ശുദ്ധമായ ഉദ്ദേശ്യത്തോടെ എന്റെ അടുത്ത് വന്നിരുന്നെങ്കിൽ എനിക്ക് അല്ലാഹു നല്കിയ അല്ലാഹുവിനെ ഞാൻ അവർക്ക് കാണിച്ചു കൊടുക്കുമായിരുന്നു. ആ അല്ലാഹു അവരുടെമേൽ സ്വയം കൃപചൊരിയുകയും അവർക്ക് മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യുമായിരുന്നു. എന്നാൽ, അവർ പിശുക്കോടും അസൂയയോടുംകൂടി പണിയെടുത്തു. ഇനി ഞാൻ അവർക്ക് എങ്ങനെയാണ് മസ്സിലാക്കിക്കൊടു

ക്കേണ്ടത്? പക്ഷേ, ആ അല്ലാഹുവുമായി ബന്ധം ഉണ്ടാക്കുക എന്നത് വിശ്വാസികളായ നമ്മുടെ ജോലിയാണ്. ഭൗതികതയിൽ പതിയരുത്. ഈ ലോകം താൽക്കാലികമാണ്. അതുകൊണ്ട് പരലോകത്തെയും നമ്മൾ ചിന്തിക്കേണ്ടതാണ്. അവിടന്ന് പറഞ്ഞു:'മനുഷ്യൻ സത്യഹൃദയത്തോടെ സത്യാന്വേഷണത്തിനായി വരുമ്പോൾ എല്ലാ വിധികളും നടന്നുപോകുന്നു. പക്ഷേ, ചീത്തപറയുകയും ദ്രോഹിക്കുകയുമാണ് ഉദ്ദേശ്യമെങ്കിൽ ഒന്നും നടക്കുകയില്ല.' പറഞ്ഞു:'മസീഹ് മൗഊദ് വരുമ്പോൾ അദ്ദേഹത്തെ കറ്റുകെട്ടുകാരനെന്നും അജ്ഞനെന്നും പറയുമെന്ന് ഹുജജുൽ കിറാമയിൽ ഇബ്നു അറബിയെ ഉദ്ധരിച്ച് എഴുതിയിരിക്കുന്നു. അദ്ദേഹം ദീനിനെ മാറ്റിമറിക്കുന്നവനാണെന്ന് പറയുമെന്നും പറയപ്പെട്ടിരിക്കുന്നു. ഇപ്പോൾ അങ്ങനെതന്നെയണ് നടന്നുകൊണ്ടിരിക്കുന്നത്. ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ എനിക്കെതിരെ ഉന്നയിക്കുന്നു. തന്റെ ഇജ്തിഹാദിന്റെ ഗ്രന്ഥം(ഗവേഷണത്തിന്റെ)അടച്ചുവെക്കുകയും സ്വയം ന്യായീകരണങ്ങൾ അവതരിപ്പിക്കാതെ അത് ഒരു ഭാഗത്ത് വെക്കുകയുമാണെങ്കിൽ ഈ സംശയങ്ങളിൽനിന്ന് മനുഷ്യനെങ്ങനെ മോക്ഷം പ്രാപിക്കാനാണ്? പറഞ്ഞു:'ഇതിനു പകരം ഇത് സത്യമാണോ അല്ലെ എന്ന് ചിന്തിക്കേണ്ടതാണ്. ഇതുനോക്കുകയും ഇക്കാര്യം ചിന്തിക്കുകയും ചെയ്യുക. ഇതു സത്യമാണോ എന്നറിയാൻ അല്ലാഹുവിനോടു ദുആ ഇരക്കുക.' അവിടന്ന് പറയുന്നു: 'ചിലകാര്യങ്ങൾ ഗ്രാഹ്യത്തിന്നതീതമായിരിക്കും എന്നതിൽ സംശയമില്ല. പക്ഷേ, പ്രവാചകന്മാരിൽ വിശ്വസിക്കുന്നവൻ സദുദ്ദേശ്യത്തോടും ക്ഷമയോടും സ്ഥൈര്യത്തോടും കൂടി ഒരു കാലംവരെ കാത്തിരിക്കുമ്പോൾ അല്ലാഹു അവന് യാഥാർഥ്യം തുറന്നുകൊടുക്കുന്നു.' പറഞ്ഞു: 'നബി(സ)തിരുമേനിയുടെ കാലത്ത് സ്വഹാബാക്കൾ ചോദ്യങ്ങൾ ചോദിക്കാറില്ലായിരുന്നു. മറിച്ച് ആരെങ്കിലും വന്ന് ചോദ്യം ചോദിക്കാൻ കാത്തിരിക്കുകയാണ് ചെയ്തത്. അതിൽനിന്ന് അവർ ഫലമെടുത്തു. ഇല്ലെങ്കിൽ തലകുനിച്ച് നിശബ്ദരായിരിക്കുമായിരുന്നു. ചോദിക്കാൻ തന്റേടം കാണിച്ചിരുന്നില്ല.' പറഞ്ഞു, 'എന്റെ അഭിപ്രായത്തിൽ ഉൽകൃഷ്ടമായൊരു അനുസരണ മാർഗം ഇതുതന്നെയാണ്. അതായത് മര്യാദപാലിക്കുക. നബിയോടുള്ള മര്യാദ മനസ്സിലാക്കാത്തവനും അതു സ്വീകരിക്കാത്തവനും നശിച്ചുപോകുമോ എന്ന ആശങ്കയുണ്ട്.' തെറ്റുധാരണകൾക്ക് വശംവദരാകരുതെന്നും അനാവശ്യമായി ചോദ്യങ്ങൾ ചോദിക്കരുതെന്നും തന്റെ സ്വന്തം ആളുകളേയും അവിടന്ന് ഉപദേശിച്ചു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഒന്നാമത്തെ കാര്യം നമുക്ക് ഒരു അപകർഷതാബോധത്തിനും ഇരയാകേണ്ട ആവശ്യമില്ലന്നതാണ്. ചില കാര്യങ്ങളിൽ കഴിഞ്ഞുകടന്ന മഹാത്മാക്കളുടേയും സിദ്ധന്മാടെയും അഭിപ്രായങ്ങളുണ്ടെങ്കിൽ അത് ഈ നീതിമാനായ വിധികർത്താവിന്റെ മുമ്പിൽ നിഷ്പ്രഭമാണ്. ഖാത്തമുൽഖുലഫായും (ഖലീഫമാരിൽ അതിശ്രേഷ്ഠനും)ഖാത്തമുൽ ഔലിയായും(വൊലിമാരിൽ അതിശ്രേഷ്ഠനും)മുജദ്ദിദ് ആഖിറുസ്സമാനും(അവസാന കാലത്തെ മുജദ്ദിദും)നീതിമാനായ വിധികർത്താവും വന്നിരിക്കുന്ന സ്ഥിതിക്ക് ആ മഹാത്മാവിന്റെ തീരുമാനങ്ങളും ഇസ്‌ലാമിനെക്കുറിച്ച് അദ്ദേഹം പറഞ്ഞിട്ടുള്ള അറിവുകളും തന്നെയാണ് സത്യം. മറ്റുള്ളതെല്ലാം തെറ്റാണ്. നമ്മൾ ബയ്അത്തു ചെയ്തതിനുശേഷം അതനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്.

ഓർമ വെക്കേണ്ട രണ്ടാമത്തെ കാര്യം ഹദ്റത്ത് മസീഹ് മൗഊദ്(അ)വിട്ടുംവച്ചുപോയിട്ടുള്ള സാഹിത്യങ്ങളും ഗ്രന്ഥങ്ങളും വായിക്കുകയും അതിൽനിന്ന് അറിവ് കരസ്ഥമാക്കുകയും ചെയ്യുന്നതുതന്നെയാണ് യഥാർഥ ഇസ്‌ലാമിനെക്കുറിച്ച് നമുക്ക് പറഞ്ഞു തരുന്നത്. നിത്യേനയുള്ള പ്രശ്നങ്ങളിലും കാരങ്ങളിലും അതിലെ ഉദ്ധരണികളാണ് നമ്മൾ നല്കേണ്ടത്. ഇത് നിർബന്ധമാണ്. അതിനാൽ എല്ലാ അഹ്മദികളും അവിടത്തെ ഗ്രന്ഥങ്ങളിൽനിന്ന് ഏറ്റവും കൂടുതൽ സ്വയം ഫലമെടുക്കുന്നതോടൊപ്പം അത് മുമ്പോട്ടു പ്രചരിപ്പിക്കുകയും വേണ്ടതാണ്. ലോകമെന്തു പറയുമെന്ന് നമ്മൾ ഗൗനിക്കേണ്ടതില്ല. നമുക്ക് ഭയക്കേണ്ട ആവശ്യവുമില്ല. ദീൻ തെറ്റെന്ന് പറഞ്ഞിട്ടുള്ളതിനെ നമ്മളും തെറ്റെന്ന് പറയേണ്ടതാണ്. ഇക്കാര്യം എല്ലാ അഹ്മദികളും ഹൃദിസ്തമാക്കേണ്ടതാണ്. കൂടുതൽ ചോദ്യങ്ങൾ ചോദിക്കാതിരിക്കേണ്ടതാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു. കാരണം അതിൽനിന്ന് സമ്പൂർണമായ അനുസരണം പ്രകടമാകുകയില്ല. അതുകൊണ്ട് പറഞ്ഞു, 'നബിയുടെ മുഖലക്ഷണവിദ്യ എങ്ങനെയുള്ളതാണെന്നാൽ വരുന്നവരുടെ ചോദ്യങ്ങൾക്കുള്ള ഉത്തരം അവരുടെ മനസ്സുകൾ ഉൾക്കൊണ്ടുകൊണ്ട് നല്കുന്നു.' താൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിസാര ദാസനാണെന്നും തന്റെ മനസ്സിലുണ്ടായിരുന്ന ചോദ്യങ്ങൾക്കുള്ള മറുപടി മസീഹ് മൗഊദ്(അ)ന്റെ പ്രഭാഷണം തങ്ങൾക്ക് നല്കിയെന്നും ചിലർ പറയാറുണ്ട്. നബിയുടെ മുഖലക്ഷണവിദ്യ അധികമായിരിക്കും. അതുകൊണ്ട് അതി സൂക്ഷ്മമായ കാര്യങ്ങൾ ചോദിക്കാൻ വരുന്നവർക്ക് അവർ ചോദിക്കുന്നതിനു മുമ്പേ മറുപടി നല്കുന്നു. അതുകൊണ്ട് മറുപടി ഒന്നുമില്ലെന്ന് മനസ്സിലാക്കരുത്. മറുപടിയുണ്ട്. പക്ഷേ, വിശ്വസിക്കുന്നവർക്ക് അനുസരണത്തിന്റെ നിലവാരം ഉയർത്തുക എന്ന് ജോലിയുമുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ ജമാഅത്തിലുള്ളവർ എങ്ങനെ ആയിരിക്കണമെന്നും അവരുടെ ഈമാനിന്റെ അവസ്ഥഎന്തായിരിക്കണമെന്നും ആർത്തിച്ചാവർത്തിച്ച് ഉപദേശിച്ചു. നമ്മളിൽ എല്ലാവരും ബയ്അത്തു ചെയ്തതിന്റെ കടമ നിറവേറ്റുന്നവരാകാൻ

ഇതിനെക്കറിച്ചും ഞാൻ ആ മഹാത്മാവിന്റെ ഒരു ഉദ്ധരണി സമർപിക്കുകയാണ്. അവിടന്ന് തന്റെ ജമാഅത്തിന് അനിവാര്യമായൊരു വലിയ ഉപദേശം നല്കിക്കൊണ്ടു പറയുന്നു:'ഈയിടെയായി കാലം വളരെ മോശമായക്കൊണ്ടിരിക്കുകയാണ്. പലതരത്തിലുള്ള ശിർക്കുകളും ബിദ്അത്തുകളും ദോഷങ്ങളും ഉണ്ടായിരിക്കുന്നു. ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്ന് ബയ്അത്തിന്റെ നേരത്ത് പ്രതിജ്ഞ ചെയ്യുന്നു. ഈ പ്രതിജ്ഞ അല്ലാഹുവിന്റെ മുമ്പിലുള്ള പ്രതിജ്ഞയാണ്. മരണംവരെ അതിൽ നല്ലവണ്ണം നിലനില്ക്കേണ്ടതാണ്. ഇല്ലെങ്കിൽ ബയ്അത്ത് ചെയ്തിട്ടില്ലെന്ന് കരുതിക്കൊള്ളുക. നിങ്ങളുടെ അല്ലാഹുവിന്റെ ഇച്ഛയ്ക്കനുസരിച്ച് പൂർണമായും തഖ്വ സ്വായത്തമാക്കുക. കാലം ഗുരുതരാവസ്ഥയിലാണ്. ദൈവകോപം വെളിപ്പെട്ടുകൊണ്ടിരിക്കുന്നു.അല്ലാഹുവിന്റെ ഇച്ഛയ്ക്കനുഗുണമായി തന്നെ ആക്കുന്നവൻ തന്റെ ജീവനിലും തന്റെ കുടുംബാദികളിലും തന്റെ സന്താനങ്ങളിലും കരുണചെയ്യും. ലോകാവസ്ഥ മോശമായിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ അതിൽ ചിന്തിച്ചുകൊണ്ട് എല്ലാവരും അല്ലാഹുവിലേക്ക് വളരെയധികം മടങ്ങേണ്ടതാണ്. അല്ലാഹുവിന്റെ ചില കാര്യങ്ങളെ വിശ്വസിക്കാതിരിക്കൽ അവന്റെ എല്ലാ കാര്യങ്ങളേയും ഉപേക്ഷിക്കുകയാണെന്ന് നല്ലവണ്ണം ഓർത്തുകൊള്ളുക. ഒരു ഭാഗം ശയ്ത്വാന്റേതും ഒരു ഭാഗം അല്ലാഹുവിന്റേതുമാണെങ്കിൽ അല്ലാഹു പങ്കാളിത്തം ഇഷ്ടപ്പെടുന്നില്ല. അല്ലാഹുവിലേക്ക് വരിക എന്നത് വളരെ പ്രയാസമുള്ളതും, ഒരു തരത്തിലുള്ള മരണവുമാണെങ്കിലും അവസാനം ജീവിതവും അവനിൽത്തന്നെയാണുള്ളത്. ആരാണോ തന്റെ ഉള്ളിൽനിന്ന് ശയ്ത്വാന്റെ ഭാഗമെടുത്ത് പുറത്തെറിയുന്നത് അവൻ അനുഗൃഹീതനായ മനുഷ്യനാണ്. അവന്റെ വീട്ടിലും ആത്മാവിലും നഗരത്തിലും എല്ലായിടത്തും അവന്റെ അനുഗ്രഹം എത്തുന്നു. പക്ഷേ, അവന്റെ ഓഹരിയിൽ അല്പം വന്നുപോയാൽ ആ അനുഗ്രഹം ഉണ്ടാകുകയില്ല. ഒരു മനുഷ്യന്റെ മുമ്പിൽ നിങ്ങൾ ഒരുപാടു കാര്യങ്ങൾ നാവുകൊണ്ടു പറയുകയും എന്നാൽ, കർമപരമായി ഒന്നും ചെയ്യാതിരിക്കുകയുമാണെങ്കിൽ അവൻ സന്തോഷിക്കാത്തതു പോലെയാണ് അല്ലാഹുവിന്റെ കാര്യവും. അവൻ എല്ലാ ആത്മാഭിമാനിയെക്കാളും കൂടുതൽ ആത്മാഭിമാനിയാണ്.' പറഞ്ഞു:'തിന്മ രണ്ടു തരമുണ്ട്. ഒന്നു അല്ലാഹുവിനോടു പങ്കു ചേർക്കൽ. അവന്റെ മഹത്ത്വം അറിയാതിരിക്കൽ. അവനെ ആരാധിക്കുന്നതിലും അനുസരിക്കുന്നതിലും മടികാണിക്കൽ. രണ്ടാമത്തേത് അവന്റെ ദാസരുടെമേൽ അനുകമ്പ കാണിക്കാതിരിക്കുകയും അവരോടുള്ള കടമകൾ നിറവേറ്റാതിരിക്കുകയും ചെയ്യുക. ഈ രണ്ടു തരത്തിലുള്ള ദോഷങ്ങളും ചെയ്യാതിരിക്കേണ്ടതാണ്. അല്ലാഹുവിന്റെ അനുസരണത്തിൽ നിലകൊള്ളുക. ബയ്അത്തിൽ ചെയ്തിട്ടുള്ള പ്രതിജ്ഞയിൽ ഉറച്ചു നില്ക്കുക. അല്ലാഹുവിന്റെ ദാസരെ ബുദ്ധിമുട്ടിക്കാതിരിക്കുക. വിശുദ്ധ ഖുർആൻ വളരെ ചിന്തിച്ചു പാരായണം ചെയ്യുക. അതനുസരിച്ച് പ്രവർത്തിക്കുക. എല്ലാ തരത്തിലുള്ള പരിഹാസങ്ങളിൽനിന്നും വ്യർഥമായ കാര്യങ്ങളിൽനിന്നും ബഹുദൈവാരാധനാപരമായ മജ്ലിസുകളിൽനിന്നും രക്ഷപ്പെടുക. അഞ്ചുനേരവും നമസ്കാരത്തെ നിലനിറുത്തുക. ചുരുക്കത്തിൽ നിങ്ങൾ ഒഴിവാക്കുന്നതായ ഒരു ദൈവകല്പനയും ഉണ്ടാകരുത്. ശരീരത്തെ ശുദ്ധമായി വെക്കുക. മനസ്സിനെ എല്ലാതരം പക, വിദ്വേഷം, അസൂയ തുടങ്ങിയവയിൽനിന്ന് പരിശുദ്ധമാക്കുക. ഇക്കാര്യങ്ങളാണ് നിങ്ങളിൽനിന്ന് ആഗ്രഹിക്കുന്നത്.

അമീറുൽമുഅ്മിനീൻ പറഞ്ഞു:ഓരോരുത്തരും വ്യർഥവും ബഹുദൈവാരാധനാപരവുമായ മജ്ലിസുകളിൽനിന്ന് എത്രത്തോളം തങ്ങളെ രക്ഷപ്പെടുത്തിയെന്ന് ആത്മപരിശോധന നടത്തേണ്ട ആവശ്യമുണ്ട്. പറഞ്ഞു:ഇന്റർനെറ്റുണ്ട്. അല്ലെങ്കിൽ ടി.വി ഉണ്ട്. അല്ലെങ്കിൽ നമസ്കാരങ്ങളിൽനിന്ന് അശ്രദ്ധരാക്കിക്കൊണ്ടിരിക്കുന്ന മറ്റെന്തെങ്കിലും ജോലികളോ മജ്ലിസുകളോ ഉണ്ട്. ഇതെല്ലാം ബഹുദൈവാരാധനാപരമായ മജ്ലിസുകൾ തന്നെയാണ്. അതിനാൽ ആഴത്തിൽ നമുക്ക് ആത്മപരിശോധന നടത്തേണ്ട ആവശ്യമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) അഞ്ചുനേര നമസ്കാരം നിലനിറുത്താൻ പ്രത്യേകം പറഞ്ഞു. നമസ്കാരം നിലനിറുത്തുക എന്നത് ജമാഅത്തായിട്ടുള്ള നമസ്കാരമാണ്. പതിവായും സമയത്തും നമസ്കരിക്കലാണ്. ഞാൻ വില ഇരുത്തിയപ്പോൾ ഇവിടേയും ഒരുപാട് ബലഹീനതകൾ എനിക്കിതിൽ കാണാൻ കഴിഞ്ഞു. ഇപ്രകാരംതന്നെ സാമൂഹിക തിന്മകളുണ്ട്. പരസ്പരമുള്ള സ്നേഹത്തിന്റേയും അനുരക്തിയുടേയും നിലവാരം എത്രയാണോ ഉണ്ടാകേണ്ടത് ചിലയാളുകളിൽ അത്ര കാണുന്നില്ല. എന്നല്ല വിദ്വേഷവും അസൂയയും പകയും കാണുകയും ചെയ്യുന്നു. അതുകൊണ്ട് എല്ലാവരും തങ്ങളുടെ കോളറുകളിലേക്ക് എത്തിനോക്കേണ്ട ആവശ്യമുണ്ട്. മറ്റുള്ളവർ എങ്ങനെയാണെന്ന് നോക്കാതിരിക്കുക. സ്വന്തം പരിഷ്കരണം നടത്തുക. സ്വയം തന്നിലേക്ക് നോക്കുക. സ്വന്തം പരിഷ്കരണം നടത്തുകയാണെങ്കിൽ മറ്റു തിന്മകളും അകന്നു പോകുന്നതാണ്. താൻ എല്ലാവിധത്തിലും പരിശുദ്ധനാണെന്ന് ആർക്കും വാദിക്കാൻ സാധിക്കുകയില്ല.

അതിനാൽ സ്വന്തം വീഴ്ചകൾക്കും തെറ്റുകൾക്കുംവേണ്ടി എപ്പോഴും ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. അല്ലാഹു നമുക്കെല്ലാവർക്കും അതിന് തൗഫീഖ് നല്കുമാറാകട്ടെ. നമ്മൾ യഥാർഥത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ വന്നതിന്റെ കടമ നിർവഹിക്കുന്നവരാകട്ടെ.

# ഔഷധങ്ങളെക്കുറിച്ചുള്ള അറിവ്

രോഗശമനത്തിനുള്ള ഔഷധങ്ങളെ പറ്റി മനുഷ്യനെ പഠിപ്പിച്ചത് ദൈവമാണ് എന്നത് യുക്തിസഹമായ ഒരു വസ്തുതയാണ്. രോഗശമനത്തിന് ചികിത്സയോടൊപ്പം വിശ്വാസികൾ പ്രാർഥനയും നിർവഹിക്കണം എന്നാണ് റസൂൽ തിരുമേനി (സ) യുടെ അദ്ധ്യാപനം.

**ഖലീൽ അഹ്മദ്**

ശാസ്ത്ര സാങ്കേതിക മുന്നേറ്റത്തിന്റെ ഈ ആധുനിക യുഗത്തിൽ രോഗശമനൗഷധങ്ങളുടെ കണ്ടുപിടുത്തങ്ങൾ മനുഷ്യ പ്രയത്ന ഫലമാണെന്ന് പൊതുവേ മനസ്സിലാക്കപ്പെടുന്നു. എന്നാൽ ഇക്കാര്യത്തെക്കുറിച്ച് ഗൗരവ പൂർവം വിചിന്തനം നടത്തിയ ചിലർക്കെങ്കിലും ഈ വീക്ഷണം ശരിയല്ലെന്ന് മനസ്സിലായിട്ടുണ്ടാവും. ഭൂമി എന്ന ഗ്രഹത്തിൽ ആദ്യമായി കാൽ കുത്തിയ ദമ്പതിമാർക്ക് വിഷാദ ജനകവും രോഗ ഗ്രസ്തവുമായ അവസ്ഥയെ അതിജീവിക്കണമായിരുന്നുവെങ്കിൽ തുടക്കം മുതൽക്കേ ഔഷധച്ചെടികളെ സംബന്ധിച്ചും അവയുടെ രോഗശമന ഗുണത്തെപ്പറ്റിയും ബാഹ്യമായ അറിവെങ്കിലും ആർജിക്കാതെ നിവൃത്തിയുണ്ടാകുമായിരുന്നില്ല എന്ന വസ്തുതയാണ് ഔഷധങ്ങളുടെ കണ്ടുപിടുത്തം മനുഷ്യ പ്രയത്നം മുഖേനയാണെന്ന വാദങ്ങൾക്കെതിരെയുള്ള ഒന്നാമത്തെ ന്യായം.

ഇക്കാര്യം സ്ഥാപിക്കാനായി മനുഷ്യകുലത്തിന്റെ മുൻഗാമികളായ ആദിമ ദമ്പതിമാർക്ക്- അവരെ നമുക്ക് ആദം എന്നും ഹവ്വ എന്നും വിളിക്കാം - കൊതുകു കടി മൂലം മാരകമായ മലേറിയ എന്ന രോഗം ബാധിച്ചതായി സങ്കൽപ്പിക്കാം. ഹോമോ സാപ്പിയൻസ് എന്ന് വിളിക്കപ്പെടുന്ന മനുഷ്യനാണ് ഭൂമി എന്ന ഗ്രഹത്തിൽ അവസാനമായി സൃഷ്ടിക്കപ്പെട്ടത് എന്ന കാര്യം ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതാണ്. അതിനാൽ മാനുഷ്യന് മുമ്പ് തന്നെ മലേറിയ എന്ന രോഗവും അതിന്റെ അണുക്കളെ വഹിക്കുന്ന കൊതുകുകളും ഉണ്ടായിരുന്നുവെന്ന് സിദ്ധിക്കുന്നു. അവക്ക് പെറ്റു പെരുകാൻ കെട്ടി നിൽക്കുന്ന വെള്ളമുണ്ടായിരുന്നു. ഈ ഘട്ടത്തിൽ ഒരു മാസക്കാലം നിരന്തരമായി കടിയേറ്റ ഈ ദമ്പതികൾക്ക് മലേറിയയുടെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയെന്നു സങ്കൽപ്പിക്കാം. ഈ രോഗ ശമനത്തിനായി എന്തെങ്കിലും ഔഷധച്ചെടികൾ ഉപയോഗിക്കാനായി അവർക്ക് ആന്തരിക പ്രചോദനമുണ്ടായിയെന്നും നമുക്ക് അനുമാനിക്കാവുന്നതാണ്.

തങ്ങളുടെ ചുറ്റും കാണുന്ന ലക്ഷക്കണക്കിന് ഔഷധച്ചെടികളിൽ തങ്ങളുടെ രോഗശമനത്തിനാവശ്യമായ പ്രത്യേക ചെടി അഥവാ മരം ഏതാണെന്നതായിരിക്കും ഈ ദമ്പതികളെ അഭിമുഖീകരിച്ചിരിക്കാവുന്ന ഏറ്റവും പ്രധാന പ്രശ്നം. ലക്ഷക്കണക്കിന് ചെടികളിൽ നിന്ന് അനുയോജ്യമായ ഒന്ന് തിരഞ്ഞെടുക്കാനുള്ള സാദ്ധ്യത തുലോം വിരളമാണ്. അവരുടെ പെട്ടെന്നുള്ള മരണത്തിന് കാരണമായേക്കാവുന്ന എന്തെങ്കിലും ഒരു വിഷച്ചെടി ചിലപ്പോൾ തിരഞ്ഞെടുക്കപ്പെട്ടേക്കാം എന്ന വസ്തുത അവഗണിച്ചാൽ തന്നെ ഓരോ ദിവസവും ഓരോ ചെടി പരീക്ഷിച്ചുകൊണ്ട് മരണത്തെ അതിജീവിക്കുക എന്നത് അസാദ്ധ്യമാണ്.

### രോഗങ്ങൾ

ഇതിനിടയിൽ രോഗം മൂർച്ചിക്കുന്നതിനാൽ എണ്ണപ്പെട്ട ദിനങ്ങൾ മാത്രമേ അവർ ജീവിക്കുകയുള്ളൂ. മലേറിയ എന്ന രോഗം ഉദാഹരണമായെടുത്താൽ അതിനുള്ള ചികിത്സ കണ്ടെത്തുന്നതിന് മുമ്പ് തന്നെ ആ ദമ്പതികൾ മരണപ്പെടുമെന്ന കാര്യം ഗ്രഹിക്കാൻ അഗാധമായി ചിന്തിക്കേണ്ടതൊന്നുമില്ല.

രോഗത്തെ അതിജീവി ക്കാൻ ഔഷധച്ചെടികളെകുറിച്ചും അവയുടെ രോഗശമന ഗുണങ്ങളെ കുറിച്ചുമുള്ള അറിവ് അവർക്കാർ

ക്കെങ്കിലും വെളിപ്പെടുത്തികൊടുത്തിട്ടുണ്ടാവണം.

ചില രോഗങ്ങൾ ശമിപ്പിക്കാനുള്ള ഔഷധ വീര്യം ചില ചെടികൾക്കുണ്ടാവുമെന്ന വസ്തുത കണ്ടെത്തിയത് ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർധ ത്തിലാണ്. ഇക്കാര്യത്തിൽ ഗവേഷണങ്ങൾ ഇപ്പോഴും തുടരുന്നു. ചില ഗവേഷണങ്ങൾ വഴി ചില രോഗങ്ങൾക്കുള്ള മരുന്നു കണ്ടെത്താനുള്ള വഴി നാം മനസ്സിലാക്കുന്നു. അപ്പോൾ ശാസ്ത്രീയ സിദ്ധാന്തമനുസരിച്ച് പുരാതന മനുഷ്യൻ രോഗശമനൗഷധങ്ങൾ എളുപ്പത്തിൽ കണ്ടെത്തിയിരിക്കുന്നു എന്ന് അനുമാനിക്കാനാവില്ല.

ഔഷധ വിജ്ഞാനിയിൽ (Herbalist) നിന്ന് ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഔഷധ സസ്യങ്ങളിൽ നിന്ന് സജീവമായ ഘടകങ്ങളെ ശാസ്ത്രീയ രീതിയിൽ വേർതിരിച്ചെടുത്തുകൊണ്ടാണ് ആധുനിക ശാസ്ത്രത്തിൽ ഇന്ന് കാണുന്ന നേട്ടങ്ങളും ഔഷധ വിജ്ഞാനങ്ങളും കൈവരിക്കാനായത് എന്ന കാര്യത്തിൽ തർക്കമില്ല. ഉദാഹരണമയി രക്ത ചംക്രമണം മൂലമുണ്ടാകുന്ന ഹൃദയാഘാതത്തെ പ്രതിരോധിക്കാനുതകുന്ന ഡിജിറ്റാലിസ് എന്ന ഔഷധം വില്യം വിതറിങ്ങ് കണ്ടുപിടിച്ചത് ഇംഗ്ലണ്ടിലെ ഹേറാഫഷ്യറിലെ ഒരു വൃദ്ധ ഉപയോഗിച്ചിരുന്ന പച്ചമരുന്നിൽ നിന്നാണ്.

### വിജ്ഞാനം

വേട്ടമൃഗങ്ങളെ മരവിപ്പിക്കാൻ തെക്കെ അമേരിക്കയിലെ ഇന്ത്യക്കാർ അമ്പുകളിൽ വിഷമായി പുരട്ടിയിരുന്ന കുറയർ (Curare) എന്ന പച്ച മരുന്ന് 1576ൽ പീറ്റർ അങ്കേരിയസ് ശസ്ത്രക്രിയാ വേളകളിൽ രോഗികളുടെ പേശികളിൽ അയവ് വരുത്തുവാൻ ഉപയോഗിച്ചിരുന്നു.

ഇത്തരം മർമ പ്രധാനമായ അറിവുകളെ കൂടാതെ പുരാതന മനുഷ്യനെപ്പോലെ ആധുനിക ശാസ്ത്രവും പ്രതിസന്ധി നേരിടുമായിരുന്നു. ഈ ഔഷധ വിജ്ഞാനികൾക്ക് ചെടികളുടെ ഔഷധ വിജ്ഞാനങ്ങളെക്കുറിച്ചുള്ള അറിവ് ആരിൽ നിന്നാണ് ലഭിച്ചത് എന്നതാണ് അടുത്ത ചോദ്യം. കാലത്തിന്റെ ഒരു പ്രത്യേക ബിന്ദുവിൽ നിന്ന് വംശാവലിയുടെ ഉത്ഭവമന്വേഷിച്ച് നാം പിറകോട്ട് പോകുകയാണെങ്കിൽ എപ്രകാരം നാം ആദ്യ ദമ്പതികളിൽ ചെന്നെത്തുന്നുവോ അത് പോലെ തന്നെ ഇത്തരം വിജ്ഞാനങ്ങളുടെ ഉത്ഭവം തേടി നാം പിന്നോട്ട് സഞ്ചരിച്ചാലും നാം ചെന്നെത്തുന്നത് അതേ ആദ്യദമ്പതികളിലാണ്. രോഗശമനത്തെക്കുറിച്ചുള്ള ജ്ഞാനത്തിന്റെ ഉത്ഭവം ഈ ദമ്പതികളിലാണ് എത്തുന്നത് എന്ന് നാം സമ്മതിക്കേണ്ടിവരുമ്പോൾ ആ ജ്ഞാനം അവർക്ക് പകർന്ന് കൊടുക്കുന്നത് ദൈവമാണെന്ന നിഗമനത്തിൽ നാം എത്തിച്ചേരുന്നു.

ഔഷധങ്ങളെക്കുറിച്ചുള്ള അറിവിന്റെ ദൈവികോത്ഭവത്തെ കുറിച്ചുള്ള വാദഗതിയുടെ ആകത്തുക 1500 വർഷങ്ങൾക്ക് മുമ്പ് നബി (സ) ശക്തമായ രീതിയിൽ പ്രഖ്യാപിച്ച കാര്യം തന്നെയാണ്. അതായത് ഒരു പകർച്ച വ്യാധിയും തന്നെ ദൈവികാനുമതി കൂടാതെ മറ്റുള്ളവരിലേക്ക് പകരുന്നില്ല.

### ശമനം

ആരോഗ്യമുള്ള ഒട്ടകകൂട്ടങ്ങൾക്കിടയിൽ രോഗമുള്ള ഒരു ഒട്ടകം മുഖേനയാണ് രോഗം പകരുന്നത് എന്ന് ബദവിയായ ഒരു അറബി തിരുമേനി (സ) യോട് തടസ്സവാദമുന്നയിച്ചു. ആ വാദം പരിപൂർണമായും ശരിയാണെന്ന് സമ്മതിച്ചു കൊടുത്ത തിരുനബി (സ) ഇങ്ങനെ ചോദിച്ചു. മറ്റു ഒട്ടകങ്ങൾക്ക് രോഗം പകരുന്നതിന് കാരണമായ ആദ്യത്തെ ഒട്ടകത്തിന് രോഗം നൽകിയതാരാണ്? (ബുഖാരി) അപ്പോൾ ആ ബദവിക്ക് ഉത്തരം മുട്ടി. അയാൾ സ്ഥലം വിട്ടു.

ഫലത്തിൽ ഈ വാദഗതി മൂലം നബി (സ) ഉദ്ദേശിച്ചതെന്തെന്നാൽ ആദ്യ ഒട്ടകത്തിന് രോഗം പിടിക്കപെട്ടത് മറ്റൊരൊട്ടകത്തിൽ നിന്നല്ല. ദൈവ സൃഷ്ടിയായ രോഗാണുക്കളിൽ നിന്നാണ്. അതിനാൽ ആ പകർച്ചവ്യാധിയുടെ മൂല കാരണക്കാരൻ ദൈവമാണ്.

മറ്റൊരിക്കൽ നബി (സ) ഇപ്രകാരം പറഞ്ഞു. അല്ലാഹു പ്രതിവിധി നിശ്ചയിക്കാത്ത ഒരു രോഗവുമില്ല. (ബുഖാരി) മറ്റൊരു വിധത്തിൽ പറഞ്ഞാൽ ആദിമ മനുഷ്യന് ബാധിച്ച രോഗശമനത്തിന്റെ മൂലകാരണക്കാരൻ ദൈവമാണെങ്കിലും പ്രസ്താവം കൊണ്ടുദ്ദേശിക്കപ്പെട്ടതെന്തെന്നാൽ ആ രോഗത്തിനുള്ള ശമനവും അതിനെക്കുറിച്ചുള്ള അറിവും മനുഷ്യന് വെളിപ്പെടുത്തി ക്കൊടുത്തതും ദൈവം തന്നെയാണ് എന്നാണ്.

സ്വമേധയാ ഉണ്ടാവുന്ന രോഗാണുക്കളാണ് രോഗകാരണമെന്ന സിദ്ധാന്തത്തിന് നിലനിൽപ്പില്ലെന്ന കാര്യം അംഗീകരിക്ക പ്പെട്ട ഈ യുഗത്തിലെന്നപോലെ ഇസ്ലാമിന്റെ ആദ്യകാലത്ത് നബി തിരുമേനി(സ) ഇക്കാര്യത്തെക്കുറിച്ച് വെളിപാട് മുഖേന ബോധവാനായിരുന്നു എന്നാണ് മേൽ പ്രസ്താവനയിൽ നിന്ന് മനസ്സിലാവുന്നത്.

### ഉദാഹരണങ്ങൾ

രണ്ട് ഉദാഹരണങ്ങൾ നമുക്കെടുക്കാം. ഒരു നായ നാം ഉപയോഗിക്കുന്ന പാത്രത്തിൽ തലയിട്ടാൽ ആ പാത്രം വീണ്ടും ഉപയോഗിക്കുന്നതിന് മുമ്പ് ഏഴ് പ്രാവശ്യം ചെമ്മണ്ണ് തേച്ച് കഴുകണമെന്നാണ് നബി(സ) പറഞ്ഞിരിക്കുന്നത്. അതാവട്ടെ ആധുനിക ശാസ്ത്രം സ്ഥിരീകരിച്ചതുമാണ്.

മറ്റൊരിക്കൽ നബി (സ) പറഞ്ഞു: ഈച്ചയുടെ ഒരു ചിറകിൽ രോഗവും മറ്റേ ചിറകിൽ അതിനുള്ള രോഗശമനവും ഉണ്ട്.

നബി തിരുമേനി (സ) എഴുത്തും വായനയും അറിഞ്ഞുകൂടാ

യിരുന്നു. അദ്ദേഹം അവകാശപ്പെട്ടത് പോലെ ദൈവികമായ അറിയിപ്പനുസരിച്ചല്ലാതെ ഇത്തരം ജ്ഞാനങ്ങൾ അദ്ദേഹത്തിന് എവിടെ നിന്ന് കിട്ടി? പ്രത്യേകിച്ച് സൂക്ഷ്മ ജീവികളെ ക്കുറിച്ച് പഠനം നടത്താൻ മൈക്രോസ്കോപ്പ് കണ്ടു പിടിക്കുന്നതിന് എത്രയോ നൂറ്റാണ്ടുകൾക്ക് മുമ്പാണിതെന്ന കാര്യം നാം ഓർക്കണം. തീർച്ചയായും ചിന്തിക്കുന്നവർക്ക് ഇതിൽ വലിയ ദൃഷ്ടാന്തം ഉണ്ട്.

ഇനി നമുക്ക് ചർച്ച യിലേക്ക് തിരിയാം. ഔഷധങ്ങളുടെ ദൈവികമായ ഉൽപത്തിയെക്കുറിച്ച് വ്യക്തമായ തെളിവ് താഴെക്കൊടുക്കുന്ന വിശുദ്ധ ഖുർആൻ വാക്യങ്ങളിലടങ്ങിയിരിക്കുന്നു. ***"അവൻ ആദമിന് എല്ലാ വസ്തുക്കളുടെയും നാമങ്ങൾ പഠിപ്പിച്ചു കൊടുത്തു. അനന്തരം അവയെ മലക്കുകളുടെ മുമ്പിൽ വെച്ചു കാട്ടി. എന്നിട്ടവൻ പറഞ്ഞു: നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ ഇവയുടെ നാമങ്ങൾ (എന്തെന്ന്) എന്നോട് പറയുക.***

***അവർ പറഞ്ഞു: നീ പരിശുദ്ധനാണ്. ഞങ്ങൾക്ക് നീ പഠിപ്പിച്ചു തന്നതല്ലാതെ യതൊരറിവും ഇല്ല. നിശ്ചയമായും സർവജ്ഞനും യുക്തിജ്ഞനും നീ തന്നെയാകുന്നു.***

***(അപ്പോൾ) അവൻ (അല്ലാഹു) പറഞ്ഞു: ആദം നീ അവയുടെ നാമങ്ങൾ അവർക്ക് അറിയിച്ചുകൊടുക്കുക. അപ്രകാരം അദ്ദേഹം അവയുടെ നാമങ്ങൾ അവർക്ക് അറിയിച്ചുകൊടുത്തപ്പോൾ അവൻ (അല്ലാഹു) പറഞ്ഞു: നിശ്ചയമായും ആകാശങ്ങളിലേയും ഭൂമിയിലേയും അദൃശ്യ കാര്യങ്ങൾ എനിക്കറിയാമെന്നും നിങ്ങൾ വെളിപ്പെടുത്തുന്നതും മറച്ചു വെക്കുന്നതും ഞാനറിയുന്നുവെന്നും നിങ്ങളോട് ഞാൻ പറഞ്ഞിരുന്നല്ലോ?"(2:32 34)***

അതിനാൽ ദൈവം ഈ വാക്യങ്ങളനുസരിച്ച് രോഗശമനങ്ങളെക്കുറിച്ചുള്ള ചില മർമ പ്രധാനമായ ജ്ഞാനവും ആദമിന്റെ നില നിൽപ്പിനായി വെളിപ്പെടുത്തി കൊടുത്തു എന്നാണ് മനസ്സിലാകുന്നത്. വിശുദ്ധ ഖുർആന്റെ സാങ്കേതിക പ്ര യോഗമനുസരിച്ച് അല്ലാഹു സൃഷ്ടിച്ച വസ്തുക്കളുടെ നാമങ്ങൾ ആദമിന് പഠിപ്പിച്ചു കൊടുത്തതായിട്ടാണ് വിവരിച്ചിരിക്കുന്നത്. ആദ്യത്തെ ദൈവിക ഭാഷയായ അറബിയിലെ മൂല പദങ്ങളും നാമങ്ങളും (പേരുകൾ) തമ്മിലുള്ള പരസ്പര ബന്ധം മുഖേനയാണ് ഇത് സാദ്ധ്യമാക്കിയത്.

മറ്റു വാക്കുകളിൽ പറഞ്ഞാൽ ഈ പ്രപഞ്ചത്തിൽ ദൈവം സൃഷ്ടിച്ച ഓരോ വസ്തുവിലും അന്തർ ലീനമായ അർഥങ്ങളും സാരങ്ങളും അതിന് ഉപയോഗിച്ച അറബി ഭാഷയിലെ മൂല പദങ്ങളിൽ കണ്ടെത്താവുന്നതാണ്. അത് അറബി ഭാഷക്ക് ഭാഷകളുടെ മാതാവ് എന്ന ബഹുമതി നൽകുന്നു.

## വെളിപാട്

***ഔഷധങ്ങളുടെ ദൈവി കോൽപത്തി തെളിയിക്കുന്ന മറ്റൊരു ഖുർആൻ വാക്യം ഇതാണ്. "നിന്റെ നാഥൻ തേനീച്ചകൾക്ക് ബോധനം നൽകി." (16:69)***

തേനീച്ചക്കുണ്ടായ വെളിപാട് അതിന് തേനീച്ച കൂടും ആ തേനും ഉണ്ടാക്കാനുള്ള ദൈവിക പദ്ധതിയനുസരിച്ച് നൽകപ്പെട്ട പ്രചോദനമാണ്.

പിന്നെയും അടുത്ത വാക്യത്തിൽ അല്ലാഹു പറയുന്നു: അവയുടെ വയറുകളിൽ നിന്ന് വിവിധ വർണങ്ങളോടു കൂടിയ ഒരു പാനീയം പുറത്തു വരുന്നു. അതിൽ മനുഷ്യർക്ക് രോഗശമനമുണ്ട്. നിശ്ചയമായും ചിന്തിക്കുന്ന ജനങ്ങൾക്ക് അതിലൊരു ദൃഷ്ടാന്തമുണ്ട്. (16: 70)

മനുഷ്യ ശരീരത്തിന്റെ ആരോഗ്യകരമായ പരിരക്ഷണത്തിനാവശ്യമായ എല്ലാ ഘടകകങ്ങളും അടങ്ങിയ തേൻ പ്രകൃതിദത്തമായ ശമനൗഷധമാണെന്ന് ഇന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിരിക്കുന്നു.

ഔഷധങ്ങളുടെ ദൈവികോത്പത്തിക്ക് അനുകൂലമായ തെളിവുകൾ ചില പദങ്ങളിൽ നിന്ന് ലഭിക്കുന്നു. അവയുടെ അർഥവും സാരവും മാനുഷികമായ ഉറവിടങ്ങളിൽ നിന്ന് വ്യുൽപന്നമായതല്ല. ഉദാഹരണമായി അറബി ഭാഷയിലെ അശ്ശാഫി എന്ന പദം. അതിന്റെ അർഥം ദൈവമാണ് ആത്മീയവും ശാരീരികവുമായ രോഗങ്ങളെ ഭേദമാക്കുന്നവൻ എന്നാണ്. അത് ദൈവിക ഗുണങ്ങളിൽ ഒന്നാണ്. അതെന്നും അവന്റെ അസ്തിത്വത്തിന്റെ ഭാഗവുമാണ്.

മറ്റൊരു പദം അർറഹ്മാൻ എന്നാണ്. അല്ലാഹു കാരുണ്യവാനാണ്. അത് അവന്റെ അനന്തമായ കാരുണ്യത്തിന്റെ അർഥങ്ങൾ മുഴുവൻ ഉൾക്കൊള്ളുന്നു. മനുഷ്യന്റെ ഉപജീവനത്തിനും പുരോഗതിക്കും ആവശ്യമായ എല്ലാ മാർഗങ്ങളും അവൻ നൽകിയിരിക്കുന്നു. അവനെ ആരാധിച്ചുകൊണ്ട് അവനോട് കൃതജ്ഞത കാണിക്കണമെന്ന മുൻ ഉപാധികളൊന്നും ഈ കാരുണ്യത്തിനില്ല.

മനുഷ്യൻ സൃഷ്ടിക്കപ്പെടുന്നതിന് എത്രയോ മുമ്പ് തന്നെ മനുഷ്യന്റെ രോഗശമനത്തിനുള്ള ഔഷധങ്ങൾ ഉദ്പാദിപ്പിക്കാനും സംഭരിക്കാനുമുള്ള ക്രിയാത്മകമായ ശക്തി ദൈവം തന്റെ ജ്ഞാനവും കാരുണ്യവും കൊണ്ട് വ്യക്തി കൾക്ക് നൽകിയിരിക്കുന്നു എന്നത് ഇതിന് തെളിവാണ്. ചിന്തിക്കുന്നവർക്ക് ഇതിലും ഒരു ദൃഷ്ടാന്തമുണ്ട്.

## പ്രാർഥനയുടെ ഫലദായകത്വം

അറിവും കഴിവുമടക്കമുള്ള എല്ലാ കാര്യങ്ങളിലും മനുഷ്യൻ പരിമിതനാണ്. അവന്റെ എല്ലാ ആവശ്യങ്ങളും ആഗ്രഹങ്ങളും അല്ലാഹു നൽകിയ ഭൗതിക മാർഗ

ങ്ങൾ കൊണ്ടു മാത്രം പൂർത്തിയാക്കാൻ അവനു കഴിയില്ല. അതിനാൽ അവൻ തന്റെ പ്രശ്നപരിഹാരത്തിനായുള്ള അന്വേഷണത്തിന്റെ അനുബന്ധമായി ദൈവിക സഹായം അർഥിക്കുകയും വേണം. പ്രാർഥന എന്ന വാക്കിന്റെ പൂർണമായ അർഥത്തിൽ പ്രാർഥനയോടൊപ്പം പരിശ്രമവും കൂടി ചേരണം. ഇസ്‌ലാമിൽ പ്രവാചകന്റെ ജീവിതത്തിൽ ഇത് പ്രത്യക്ഷത്തിൽ പ്രകടമായിരുന്നു. അദ്ദേഹം രോഗ ശമനത്തിനായി പ്രതിവിധികൾ നിർദേശിക്കുന്നതോടൊപ്പം രോഗ ശമനത്തിനായി പ്രാർഥിച്ചിരുന്നു.

അല്ലയോ ജനങ്ങളുടെ നാഥാ, ഈ വിഷമം നീ അകറ്റിത്തരേണമേ, യഥാർഥ സൗഖ്യം നിന്റെ ഹസ്തങ്ങളിലാണ്. നീയല്ലാതെ ദുരിതമകറ്റാൻ മറ്റാരും തന്നെയില്ല. (ബുഖാരി)

പ്രാർഥന മുഖേന തിരുനബി (സ) രോഗം ഭേദമാക്കിയ ഉദാഹരണങ്ങൾ ചരിത്രത്തിൽ രേഖപ്പെട്ടു കിടക്കുന്നു. ഉന്മാദം ബാധിച്ച ഒരു കുട്ടിക്ക് വേണ്ടി അദ്ദേഹം പ്രാർഥിക്കുകയും പിന്നെ അവന്റെ നെഞ്ചിൽ അടിക്കുകയും ചെയ്തു. അപ്പോൾ ആ കുട്ടി കറുത്ത നിറത്തിലുള്ള ഒരു വസ്തു ഛർദ്ദിക്കുകയുണ്ടായി. അതോടെ ഉന്മാദം അപ്രത്യക്ഷമാവുകയും ചെയ്തു. അതു പോലെ ഈ കാലഘട്ടത്തിലും വാഗ്ദത്തമസീഹ് ഹ്ദറത്ത് അഹ്മദുൽ ഖാദിയാനി (അ) പേപ്പട്ടി വിഷം ബാധിച്ച അബ്ദുൾ കരീം എന്ന കുട്ടിക്ക് വേണ്ടി പ്രാർഥിക്കുകയും ഹൈഡ്രോഫോബിയയുടെ ഘട്ടത്തിലെത്തിയിട്ടുപോലും ആ കുട്ടി സുഖം പ്രാപിക്കുകയും ചെയ്തു. ഹൈഡ്രോഫോബിയ എന്ന രോഗാവസ്ഥക്ക് ഇപ്പോഴും പ്രതിവിധി കണ്ടുപിടിക്കപ്പെട്ടിട്ടില്ല. മനുഷ്യൻ പരാജയപ്പെടുന്നിടത്ത് സർവശക്തനായ അല്ലാഹു അവനെ സഹായിക്കാനെത്തുന്നു.

*വിവ: കെ. വി ഹസ്സൻ കോയ, കോഴി ക്കോട്*

**അനുസ്മരണം:-**

# മാഞ്ഞു പോകാത്ത സ്മരണ


**-കുഞ്ഞാലൻ ഹാജി, തിരൂർ**

മർഹൂം കുഞ്ഞഹ്മദ് മാസ്റ്റർ മായാത്ത സൽസ്മരണയായി മനസിൽ വരുന്നതിന്റെ പ്രേരണ ഞാനെഴുതുകയാണ്. അഭ്യുദയ കാംക്ഷി, ഉറ്റ തോഴൻ, അതിലെല്ലാമുപരി ഗുരുവര്യൻ ഒക്കെയായിരുന്നു എനിക്ക് കുഞ്ഞഹ്മദ് മാസ്റ്റർ. ശാന്തമായി ഉറങ്ങുന്നത് പോലെ അദ്ദേഹത്തിന്റെ നിശ്ചേതനമായ ശരീരം കിടന്നപ്പോൾ നാമെല്ലാം ആ അലംഘനീയമായ വിധിക്ക് കീഴ്പെടേണ്ടവരാണെന്ന ബോധമുണ്ടായി.

തബ്‌ലീഗ് വിഷയത്തിൽ എന്നും മുൻപന്തിയിലായിരുന്ന അദ്ദേഹം നമുക്കെല്ലാം ഉത്തമ മാതൃകയായിരുന്നു. ആരോഗ്യമുള്ള കാലത്ത് എവിടെ യാത്ര ചെയ്യുമ്പോഴും ഏതെങ്കിലും അഹ്മദിയ്യാ പ്രസിദ്ധീകരണങ്ങൾ കൈവശം വെച്ചിരിക്കും. വഴിയിൽ പരിചയപ്പെടുന്നവർ ആരായാലും അവരോട് ജമാഅത്തീ വിഷയത്തിൽ സംസാരിക്കാൻ സങ്കോചപ്പെടാറില്ല. അതിന് പുറമെ, പഴയ മേൽ വിലാസങ്ങൾ തപ്പിയെടുത്തും പുതിയവ കണ്ടുപിടിച്ചും തപാൽ മുഖേനയുള്ള തബ്‌ലീഗും നടത്തിക്കൊണ്ടിരുന്നു. ഈയുള്ളവനുമായി കിടപ്പിലാവുന്നത് വരെ കത്തിടപാടുകൾ നടത്തിക്കൊണ്ടിരുന്നിട്ടുണ്ട്. അധികവും പോസ്റ്റുകാർഡുകൾ, ഓരോ കത്തിലും ഖുർആൻ സൂക്തമോ, ഹദീഥ് വചനമോ പ്രാർഥനാ ശകലമോ കുറിച്ചിട്ടിരിക്കും, കൂടെ സൗമ്യമായ പല ഉപദേശങ്ങളും. അവ വായിക്കുമ്പോഴാണ് എന്റെ പരിമിതികളും പോരായ്മകളും തികച്ചും ബോധ്യമാകാറുള്ളത്.

തന്റെ അഭിപ്രായം മറ്റുള്ളവരുടെ മേൽ അടിച്ചേൽപിക്കുന്ന സ്വഭാവം അദ്ദേഹത്തിനുണ്ടായിരുന്നില്ല. വിനയത്തിന്റെ അതുല്യ മാതൃകയാണ് അദ്ദേഹം എന്നും കാഴ്ചവെച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ പരലോക മോക്ഷത്തിന് വേണ്ടി നമുക്ക് പ്രാർഥിക്കാം.

# അബ്ദുൽ സലാം സാഹിബ്



കരുളായി ജമാഅത്തിലെ അംഗമായിരുന്ന അബ്ദുൾ സലാം സാഹിബ് (63) 12-01-2017 ന് വഫാത്തായി. (ഇന്നാലില്ലാഹി.....) മർഹൂം മൗലവി മുഹമ്മദ് യൂസുഫ് സാഹിബിന്റെയും റാബിയത്ത് ബീവി സാഹിബയുടെയും മൂത്ത മകനാണ്. ഭാര്യ: നഫീസ. മക്കൾ: സാലിഹ, സജാജ്, സാജിത, ഷാഹിന. മരുമക്കൾ: സൈദലവി, മുഹമ്മദ് റാസിഖ്, വസീം അഹ്മദ്, ഹൗറുന്നിസ. പരേതൻ വസിയ്യത്ത് ചെയ്ത ആളായിരുന്നു. അല്ലാഹു പരേതന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. (ആമീൻ)

# ആദമിന്റെ ഏദൻ തോട്ടം

മനുഷ്യ സമൂഹത്തിന്റെ ആദിമ തലമുറയെ പ്രതിനിധീകരിക്കുന്ന ആദം നബി (അ)യുടെയും പ്രബോധിത ജനതയുടെയും ജിവിതകഥ മാനവ സമൂഹത്തിന്റെ അടിസ്ഥാനാവശ്യങ്ങളെ പൂർത്തീകരിച്ച ആത്മീയ സുരഭിലമായ ഒരു ക്ഷേമസമൂഹത്തിന്റെ ലളിതമാതൃകയുടെ വിവരണമാണ്. ആദം താമസിച്ച ഈ സ്വർഗം സസ്യശ്യാമളമായ ഭൂമിയിൽ തന്നെയുള്ള ഒരു പ്രദേശമാണ്. അല്ലാതെ പരലോക സ്വർഗമല്ല.

**മുഹമ്മദ് നജീബ് ഖാൻ**
**വാഴക്കാല**

സെമിറ്റിക്ക് മതങ്ങളിൽ ചരിത്രപ്രാധാന്യത്തോടെ ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒന്നാണ് ആദം (അ) ന്റെ ചരിത്രം. ബൈബിളും വിശുദ്ധ ഖുർആനും അൽപം ചില മാറ്റങ്ങളോടെയാണെങ്കിലും ആദമിന്റെ സൃഷ്ടിപ്പും ജീവ ചരിത്രവും വിവരിക്കുന്നുണ്ട്. ഖുർആൻ വിവരിക്കുന്ന പല ഭാഗങ്ങളും ആശയ സമ്പുഷ്ടവും സദൃശ്യ വചനങ്ങളാൽ അലംകൃത വുമാണ്. അവ യുക്തിഭദ്രമായ നിലയിൽ വ്യാഖ്യാനിക്കുമ്പോൾ മാത്രമാണ് അതിൽ അടങ്ങിയിരി ക്കുന്ന വിജ്ഞാന ലോകത്തിന്റെ കവാടങ്ങൾ തുറക്കപെടുന്നത്. ആദം നബി (അ) യുമായി ബന്ധപ്പെട്ടു കിടക്കുന്ന വിശുദ്ധ ഖുർആനിലെ പല സൂക്തങ്ങൾ, വിശ്വാസി സമൂഹങ്ങളിൽ പലപ്പോഴും രസകരവും വിജ്ഞാന പ്രദവുമായ ആശയ സംവാദങ്ങൾ ക്ക് പ്രമേയങ്ങളായിട്ടുണ്ട്. എങ്കി ലും, വിശുദ്ധ ഖുർആനിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന പൂർവ കാല പ്രവാചകന്മാരുടെ ചരിത്ര സാക്ഷ്യങ്ങളൂടെ വിവരണങ്ങളിൽ നിന്നു വർത്തമാനകാല സമൂഹത്തി ന് എന്ത് പ്രയോജനമാണുള്ളതെന്ന് ഇനിയും വ്യക്തമാകേണ്ടിയിരിക്കു ന്നു. കാരണം അവയെല്ലാം കേവ ലം ഒരു കഥപോലെ വായിക്കുവാനു ള്ളതാണ് എന്ന് നമുക്ക് തീർച്ച യായും പറയാൻ സാധ്യമല്ല. ഗതകാല പ്രവാചകന്മാരുടെ ചരിത്ര സംഭവങ്ങളുമായി ബന്ധപ്പെട്ട വിശുദ്ധ ഖുർആനിലെ ഓരോ വാക്കിലും വചനത്തിലും വിശ്വാ സികൾക്ക് ആത്മീയവും ധാർമിക വുമായ സംസ്കരണത്തിനും അഭിവൃദ്ധിക്കും അതുപോലെ ദൈവീക സാമീപ്യത്തിനും സഹായകമായ ഒരുപാട് ഉപദേശ പാഠങ്ങൾ ഗോപ്യമായ നിലയിൽ ഗൂഢാർഥ വചനങ്ങളിൽ പ്രതിപാദി ക്കപ്പെട്ടിരിക്കുന്നു. ഇത്തരം സൂക്ത ങ്ങളുടെ യുക്തി സഹമായ വിശദീ കരണങ്ങൾ മാനസികവും ആത്മീ യവുമായ ശുദ്ധി പ്രക്രിയയിലൂടെ ദൈവീക സാമീപ്യം കരസ്ഥമാക്കി യ വരിഷ്ഠ വ്യക്തിത്വങ്ങളുടെ മനസ്സിൽ മാത്രമേ വെളിപ്പെടുകയു ള്ളു. അറബി ഭാഷയിൽ നൈപു ണ്യം നേടിയതുകൊണ്ട് മാത്രം അത് കരസ്ഥമാവുകയില്ല.വിശുദ്ധ ഖുർആൻ പറയുന്നു, 'ലാ യമസ്സു ഹു ഇല്ലൽ മുത്തഹറൂൻ' അതായ ത് പരിശുദ്ധന്മാരല്ലാതെ അത് (വിശുദ്ധ ഖുർആൻ) സ്പർശിക്കുക യില്ല. ഇത് വിശുദ്ധ ഖുർആന്റെ സത്യതക്കുള്ള ശക്തമായ ഒരു തെളിവാകുന്നു. വിശുദ്ധ ഖുർആ ന്റെ അദ്ധ്യാപനങ്ങൾക്ക് മങ്ങലേൽ ക്കുമ്പോൾ ദൈവിക സവിധത്തിൽ നിന്നു വരുന്ന വരിഷ്ഠ വ്യക്തിത്വ ങ്ങളിലൂടെ അതിന്റെ ആശയ സംരക്ഷണത്തിനുള്ള സംവിധാന ങ്ങൾ അല്ലാഹു ഒരുക്കുന്നു. അല്ലാ ഹുവിൽ നിന്നുള്ള ഈ സംവിധാ നം ഇല്ലായിരുന്നെങ്കിൽ പ്രവാചക ചരിത്ര സംഭവങ്ങളെ വ്യാഖ്യാ നിച്ചുകൊണ്ട് ബൈബിളിന്റെയും മറ്റും പിൻബലത്തോടെ എഴുതപ്പെട്ട അബദ്ധജഡിലമായ വിവരണങ്ങൾ വായിച്ച് വിശ്വാസികളുടെ ആത്മീയ ത വരണ്ട് പോകുമായിരുന്നു. ഇസ്‌ലാമിലെ പരിഷ്കൃത വിഭാഗ ങ്ങളാണെന്നു വാദിക്കുന്നവരുടെ വ്യാഖ്യാനങ്ങളിൽ കാണപ്പെടുന്ന കഥാ രചനാ രീതിയിലൂടെ വിശുദ്ധ ഖുർആന്റെ മഹത്വവും മഹിത സ്ഥാനവും ഇപ്പോഴും അവമതി ക്കപെട്ടുക്കൊണ്ടിരിക്കുയാണെന്ന സത്യം തുറന്ന് പറയാതെ വയ്യ.

### വിശുദ്ധ ഖുർആനും അതിന്റെ വ്യാഖ്യാനരീതിയും

വിശുദ്ധ ഖുർആന്റെ ഏതെ ങ്കിലും ഒരു വാക്കിനോ വചനത്തി നോ അർഥം നൽകുമ്പോഴോ, അല്ലെങ്കിൽ അത് വ്യാഖ്യാനം ചെയ്യുമ്പോഴോ വിശുദ്ധ ഖുർആന്റെ അടിസ്ഥാന അർഥങ്ങൾക്കും ആശയങ്ങൾക്കും കടക വിരുദ്ധ മാകാൻ പാടുള്ളതല്ല. ഈ അടി സ്ഥാന തത്ത്വത്തിൽ നിന്ന് കൊണ്ട് നാം വിശുദ്ധ ഖുർആന്റെ വചന

ങ്ങൾക്ക് അർഥം നൽകുമ്പോഴും വ്യാഖ്യാനിക്കമ്പോഴും മാത്രമേ വിശുദ്ധ ഖുർആന്റെ അത്ഭുതകരമായ ആശയ സമ്പുഷ്ടത വെളിപ്പെടുകയുള്ളൂ. വിശുദ്ധ ഖുർആനിൽ രണ്ട് തരത്തിലുള്ള വചനങ്ങൾ ഉണ്ട്. ഒന്ന് ഖണ്ഡിതമായ വചനങ്ങളും രണ്ട് സദൃശ്യ വചനങ്ങളും. ഖണ്ഡിതമായ വചനങ്ങൾ വിശുദ്ധ ഖുർആന്റെ അടിത്തറയാകുന്നു. ഖണ്ഡിതമായ വചനങ്ങളുടെ അടിത്തറയിൽ നിന്നുകൊണ്ടാണ് സദൃശ്യ വചനങ്ങൾക്ക് വ്യാഖ്യാനം നൽകേണ്ടത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ സദൃശ്യ വചനങ്ങൾ ഖണ്ഡിതമായ വചനങ്ങൾക്കനുസൃതമായിട്ടായിരിക്കണം വ്യാഖ്യാനിക്കേണ്ടത്. ഈ തത്വത്തിൽ നിന്ന് വ്യതിചലിച്ചുകൊണ്ട് വിശുദ്ധ ഖുർആനെ വ്യാഖ്യാനിച്ചാൽ ഖുർആനിൽ ഒരുപാട് വൈരുദ്ധ്യങ്ങൾ കണ്ടെത്തുന്നതാണ്. എന്നാൽ ഈ ഗ്രന്ഥം അല്ലാഹുവിൽ നിന്ന് അവതരിച്ചതുകൊണ്ട് അതിൽ യാതൊരു വിധത്തിലുള്ള വൈരുദ്ധ്യങ്ങളും കണ്ടെത്താൻ നിങ്ങൾക്ക് സാധ്യമല്ലയെന്ന് വിശുദ്ധ ഖുർആൻ തന്നെ പറയുന്നു. എന്നാൽ ഈ തത്വത്തെ പരിഗണിക്കാതെയും സൂക്തത്തിൽ പ്രയുക്തമായിട്ടുള്ള വാക്കുകളിൽ ചിന്തിക്കാതെയും വ്യാഖ്യാനിച്ചപ്പോഴാണ് പൂർവ വ്യാഖ്യാതാക്കൾ ആദമും അദ്ദേഹത്തിന്റെ അനുയായികളും മരണാനന്തരം സജ്ജനങ്ങൾക്ക് വേണ്ടി തയ്യാറാക്കിയിരിക്കുന്ന സ്വർഗത്തിൽ യഥാർഥത്തിൽ താമസിച്ചിരുന്നതെന്ന തരത്തിൽ വ്യാഖ്യാനിച്ചിട്ടുള്ളത്.

## ആദമിന്റെ സ്വർഗം (ജന്നത്ത്)

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:

***' ഖുൽനാ യാ ആദമു ഉസ്കുൻ അൻത്ത വ സൗജുക്കൽ ജന്നത്ത വ ഖുലാ മിൻഹാ റഗദൻ ഹൈസു ശിഅ്ത്തുമാ'*** അർഥം: നാം പറഞ്ഞു, ആദമേ, നീയും നിന്റെ പത്നിയും സ്വർഗത്തിൽ വസിച്ചുകൊള്ളുക. അവിടെ നിങ്ങൾ രണ്ട് പേരും ഇച്ഛിക്കുന്നിടത്തുനിന്നു സുഭിക്ഷമായി ഭക്ഷിക്കുകയും ചെയ്തുകൊള്ളുക. (2അൽ ബക്കറ.36)

ഈ സൂക്തത്തിൽ പറയുന്ന സ്വർഗം എന്നതിനു വിശുദ്ധ ഖുർആനിക വ്യാഖ്യാതാക്കൾ പലവിധത്തിലുള്ള വ്യാഖ്യാനങ്ങൾ നൽകിയിട്ടുണ്ട്. ഭൂരിപക്ഷ വ്യഖ്യാതാക്കളുടെയും അഭിപ്രായപ്രകാരം സജ്ജനങ്ങളായിട്ടുള്ളവർ മരണാനന്തരം എത്തിച്ചേരുന്ന സ്ഥലമായ ആ സ്വർഗം തന്നെയാണ് ഈ സൂക്തത്തിലും പ്രതിപാദിച്ചിട്ടുള്ളത് എന്നാണ്.എന്നാൽ മറ്റു ചിലരുടെ അഭിപ്രായ പ്രകാരം ഈ ഭൂമിയിലെ സ്വർഗ സമാനമായ സ്ഥലമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്നാണ്.

ബൈബിൾ ഇപ്രകാരം പറയുന്നു.

***'അനന്തരം യഹോവയായ ദൈവം കിഴക്കു ഏദനിൽ ഒരു തോട്ടം ഉണ്ടാക്കി, താൻ സൃഷ്ടിച്ച മനുഷ്യനെ അവിടെ ആക്കി. (ഉൽപത്തി 2:8)'*** പിന്നെ ഉൽപത്തി 2:14 ൽ പറയുന്നു ഈ തോട്ടത്തെ ദജ്ല ഫുറാത്ത് (യൂഫ്രട്ടീസ്-ടൈഗ്രീസ്) എന്നീ നദികൾ സേചനം ചെയ്തുകൊണ്ട് ആ പ്രദേശത്തെ ചുറ്റുന്നു.

പ്രസ്തുത രണ്ട് നദികളും സേചനം ചെയ്ത്കൊണ്ടിരിക്കുന്ന ഭൂപ്രദേശം ഇന്നത്തെ ഇറാഖാണ്. ഈ ഭൂപ്രദേശത്തിന്റെ ചുറ്റു ഭാഗങ്ങൾ പുരാവസ്തു ഗവേഷകർ ഉൽഖനനം ചെയ്തപ്പോൾ ആ പ്രദേശം അത്യധികം പുരാതനമായ ഒരു നാഗരീകതയുടെ കളിതൊട്ടിലായിരുന്നുവെന്ന് തെളിയിക്കുന്ന അനേകം പുരാരേഖകളും വസ്തുക്കളും കണ്ടെത്തുകയുണ്ടായി. കൂടാതെ നൂഹ്(അ)ന്റെയും, ഇബ്റാഹിം(അ)ന്റെയും പ്രബോധന രംഗവും ഈ ഭൂപ്രദേശം തന്നെയായിരുന്നുവെന്നുള്ളതിനു അനേകം ചരിത്ര രേഖകളും സാക്ഷ്യം വഹിക്കുന്നുണ്ട്. യൂഫ്രട്ടീസ് ടൈഗ്രീസ് നദികളുടെ സംഗമസ്ഥാനത്ത് സ്ഥിതിചെയ്യുന്ന സ്ഥലങ്ങളിൽ പുരാവസ്തു പര്യവേഷകർ നടത്തിയ ഉൽഖനനത്തിൽ നിന്നു കിട്ടിയ വസ്തുക്കൾ കാലഘട്ട നിർണയം ചെയ്തപ്പോൾ അവക്ക് ഈസാനബി (അ) യുടെ കാലത്തിനു മുവ്വായിരത്തി അഞ്ഞൂറ് വർഷങ്ങൾ പഴക്കമുണ്ടെന്നാണ് കണ്ടെത്തിയിരിക്കുന്നത്.മറ്റു ചില ഗവേഷകർ പറയുന്നത് മുവ്വായിരത്തി അഞ്ഞൂറ് വർഷത്തേക്കാളും പഴക്കമുള്ള ഒരു നാഗരീകതയായിരുന്നു അവിടെയുണ്ടായിരുന്നതെന്നാണ്. ഏതായാലും അതിപൗരാണികമായ ഒരു നാഗരീകത അവിടെ നിലനിന്നിരുന്നുവെന്നുള്ളതിനു രണ്ട് അഭിപ്രായങ്ങളില്ല. വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിൽ, സമാധാനത്തിന്റെയും സമൃദ്ധിയുടെയും അടിത്തറയിൽ കെട്ടിപ്പടുത്ത സ്വർഗീയ സാമാനമായ ഒരു നാഗരിക ജീവിത വ്യവസ്ഥിതി ആദമിലൂടെ ഈ ഭൂപ്രദേശത്ത് അല്ലാഹു സ്ഥാപിച്ചിരുന്നുവെന്നു മനസ്സിലാകുന്നുണ്ട്.

1. ആദമിന്റെ പ്രവർത്തന മണ്ഡലം ഈ ഭൂമിയിൽ തന്നെയായിരുന്നു.

ഖുർആൻ പറയുന്നു

***'ഇന്നീ ജാഇലുൻ ഫിൽ അർളി ഖലീഫ'(അൽ ബഖറ -31)***

തീർച്ചയായും ഞാൻ ഭൂമിയിൽ ഖലീഫയെ നിയമിക്കാൻ പോവുകയാണ്.

അല്ലാഹു ആദമിനെ അവന്റെ പ്രതിനിധിയാക്കിക്കൊണ്ട് ഭൂമിയിലേക്കാണ് നിയോഗിച്ചിരുന്നത്. ഭൂമിയിൽ പ്രവർത്തിക്കേണ്ട ഒരാൾ മരണാനന്തരം സജ്ജനങ്ങൾ പ്രവേശിക്കേണ്ട സ്വർഗത്തിൽ താമസിച്ചിരുന്നുവെന്നു പറയുന്നത് യുക്തിക്കും ബുദ്ധിക്കും നിരക്കുന്നതല്ല. സ്വർഗത്തിൽ താമസിച്ചുകൊണ്ട് എങ്ങനെയാണ് ഭൂമിയിൽ സംസ്കരണ പ്രചാരണ പരിപാടികൾക്ക് നേതൃത്വം നൽകിയതെന്ന് ചിന്തനീയമായ കാര്യമാണ്.

2. വിശുദ്ധ ഖുർആനിൽ സ്വർഗ ത്തെകുറിച്ച് അടിസ്ഥാനപരമായ ഒരു നിർദേശം, ഒരാൾ സ്വർഗത്തിൽ പ്രവേശി ച്ചുകഴിഞ്ഞാൽ പിന്നെ അയാൾ അതിൽ നിന്നു പുറത്താ ക്കപെടുകയില്ല എന്നാണ്. ഇതു സംബന്ധമായി ഖുർആൻ പറയു ന്നു.

***' ലാ യമുസ്സുഹും ഫീഹാ നസ്ബുൻ വമാഹും മിൻഹാ ബിമുഖ്രിജീൻ '***

അവിടെ അവരെ ക്ഷീണം സ്പർശിക്കുകയില്ല. അവർ അവി ടെ നിന്ന് പുറത്താക്കപ്പെടുന്നവരു മല്ല. (ഹിജർ-49)

മരണാനന്തരം സജ്ജനങ്ങൾ സ്വർഗത്തിൽ ഭൗതിക ശരീരത്തോ ടെ പ്രവേശിക്കുകയെന്നത് സംഭവ്യ മല്ല. അതുപോലെ തന്നെ അതിൽ ഒരു പ്രാവശ്യം പ്രവേശിച്ചു കഴിഞ്ഞാൽ അവിടെ നിന്ന് പുറത്താക്കപെടുകയുമില്ലയെന്ന് ഈ ഖുർആനിക വചനം വ്യക്തമാക്കിതരുന്നു. എന്നാൽ ഖുർആൻ മറ്റൊരു സൂക്തത്തിൽ ആദമിനെയും അദ്ദേഹത്തിന്റെ ഇണയെയും സ്വർഗത്തിൽ നിന്ന് പുറത്താക്കിയെന്ന് പറയുന്നുണ്ട്. ആയതിനാൽ ആകാശീയമായ സ്വർഗമല്ല മറിച്ച് സ്വർഗത്തിനു സമാനമായ ഈ ഭൂമിയിൽ തന്നെ യുള്ള ഒരു ഭൂപ്രദേശമാകാനേ സാധ്യതയുള്ളു. അതിനെ ആല ങ്കാരിക ഭാഷയിൽ ജന്നത്ത് (സ്വർഗം) എന്ന് ഖുർആൻ വിശേഷിപ്പിച്ചിരിക്കുന്നു.

3. ആദമും അദ്ദേഹത്തിന്റെ ഇണ യും താമസിച്ചിരുന്ന സ്വർഗത്തിൽ ശൈത്താന്റെയും അവന്റെ സന്താന ങ്ങളുടെയും സാന്നിദ്ധ്യമുണ്ടാ യിരുന്നതായി ഖുർആൻ പറയുന്നു. ഇവർ രണ്ട് പേരും അതായത് ആദമും ശൈത്താനും സ്വർഗത്തിൽ തന്നെയായിരുന്നുവെന്ന് മനസ്സിലാ ക്കേണ്ടിവരും. ഇത് യുക്തിക്കും ഖുർആന്റെ പാഠങ്ങൾക്കും നിരക്കാ ത്തകാര്യമാണ്.

നീയും നിന്റെ ഇണയും സ്വർഗത്തിൽ പ്രവേശിച്ചുക്കൊള്ളു ക എന്ന ഖുർആനിക വചനത്തിൽ നിന്ന് മനസ്സിലാകുന്നത് ആദമും അദ്ദേഹത്തിന്റെ ഇണയും മറ്റെവിടേ യോ ആയിരുന്നു താമസിച്ചിരു ന്നതെന്നാണ്. അവിടെ നിന്ന് ദൈവീക വെളിപാട് പ്രകാരം വേറൊരു സ്ഥലത്തേക്ക് മാറി താമസിക്കാൻ അല്ലാഹു ആദമി നോട് നിർദേശിക്കുകയായിരുന്നു. ആത്മീയ ഭാഷയിൽ ഹിജറത്ത് (പാലായനം)ചെയ്യാൻ ആദമിനോട് അല്ലാഹു കൽപിച്ചതുമായിരിക്കാം.

4. പ്രസ്തുത സൂക്തത്തിൽ **'റഗദൻ'** എന്ന പദം പ്രയുക്തമായിട്ടുണ്ട്. അതിന്റെ ഭാഷാർഥം ജീവിക്കാൻ വേണ്ട ആവശ്യ വസ്തുക്കൾ വളരെ എളുപ്പത്തിൽ സുലഭമായി ലഭിക്കുകയെന്നതാണ്. ഈ വാക്ക് അന്ന് നിലനിന്നിരുന്ന നാഗരികത യുടെ പ്രത്യേകതയെയാണ് സൂചി പ്പിക്കുന്നത്.ഒരു നാഗരീകതയുടെ പ്രത്യേകതയെന്നു പറയുന്നത് അവിടത്തെ നഗരനിവാസികൾക്ക് ജീവിത സന്ധാരണത്തിനുള്ള ഭക്ഷണ പദാർഥങ്ങൾ സമൃദ്ധമാ യും, സുലഭമായും ലഭിച്ചുകൊണ്ടി രിക്കുകയെന്നതാണ്. ക്ഷേമപൂർണ മായ നാഗരിക വ്യവസ്ഥിതി നിലനിന്നാൽ മാത്രമേ ഭക്ഷണ പദാർഥങ്ങളുടെ ഉത്പാദനവും സംഭരണവും അതിന്റെ സൂക്ഷിപ്പും യഥോചിതം സാധ്യമാവുകയുള്ളു. ഇതിന്റെ അഭാവത്തിൽ ഒരിക്കലും ഭക്ഷണ പദാർഥങ്ങളുടെ ഉത്പാദന മോ അതിന്റെ സംഭരണമോ സാധ്യമല്ല. അതുകൊണ്ട് ക്ഷാമാവ സ്ഥ നേരിടുമ്പോൾ ജനങ്ങളുടെ ജീവൻ തന്നെ അപായപ്പെടുന്ന അപകടാവസ്ഥകൾ തരണം ചെയ്യേ ണ്ടിവരുന്നു. ഈ സൂക്തത്തിൽ സമ്പൽ സമൃദ്ധമായ ഒരു നാഗരീക ജീവിതത്തിന്റെ അടിസ്ഥാന പ്രത്യേകതകൾ എടുത്തുപറഞ്ഞി രിക്കുകയാണ്. അതായത് ജനങ്ങൾ ഒരുമിച്ച് ജീവിക്കുകയാണെങ്കിൽ ജീവിതത്തിനു ആവശ്യമായ ഭക്ഷണപദാർഥങ്ങൾ അനായാസം ഉത്പാദിപ്പിക്കാനും ഭാവിയിൽ സംഭരണികളിൽ സൂക്ഷിക്കുവാനും അങ്ങനെ ക്ഷാമാവസ്ഥ നേരിടു മ്പോൾ അത് ഉപയോഗിക്കുവാനും സാധിക്കുന്നതാണ്. യഥാർഥത്തിൽ ഭൂമിയിലെ സ്വർഗം ഇതുതന്നെയാ ണ്. ഖുർആനിലെ ത്വാഹ അദ്ധ്യായ ത്തിൽ ആദമിന്റെ സ്വർഗസമാന മായ നാഗരീക വ്യവസ്ഥിതിയെ സംബന്ധിച്ച് ഇപ്രകാരം പറയുന്നു.

അപ്പോൾ നാം പറഞ്ഞു: ഓ ആദം, തീർച്ചയായും ഇവൻ (ശൈത്താൻ) നിന്റെയും നിന്റെ ഭാര്യയുടേയും ശത്രുവാണ്. അതു കൊണ്ട് ഇവൻ നിങ്ങൾ രണ്ടുപേരേ യും ഈ (സ്വർഗത്തിൽ)തോട്ടത്തിൽ നിന്നു പുറത്താക്കാതിരിക്കട്ടെ. അങ്ങനെയാകുന്ന പക്ഷം നീ കഷ്ടപെട്ടുപോകും.

***'ഇന്ന ലക്ക അല്ലാ തജൂഅ ഫീഹാ വലാ തഅ്റാ. വ അന്നക്ക ലാ തള്മഊ ഫീഹാ വലാ തള്ഹാ,*** **അതായത്, തീർച്ചയായും നിനക്ക് അതിൽ (സ്വർഗത്തിൽ) വിശക്കേ ണ്ടതില്ല. നഗ്നനാകേണ്ടതുമില്ല. തീർച്ചയായും നിനക്ക് അതിൽ ദാഹമുണ്ടാവുകയില്ല. വെയിലിന്റെ ഉഷ്ണമേൽക്കുകയില്ല.**

ഈ സൂക്തത്തിൽ ഒരു വ്യക്തിക്ക് ഈ ലോകത്ത് ജീവി ക്കാൻ വേണ്ട അടിസ്ഥാന ആവശ്യ ങ്ങളായ ഭക്ഷണം, വസ്ത്രം, വെള്ളം, പാർപ്പിടം എന്നിവയെ പറ്റിയാണ് സൂചന നൽകിയിട്ടു ള്ളത്. എന്നാൽ ഈ ആധുനിക യുഗത്തിൽ പുരോഗതിയുടെ കൊടുമുടി കൈയടക്കിയെന്ന് വാദിക്കുന്ന രാജ്യങ്ങൾക്കുപോലും അവരുടെ പ്രജകൾക്ക് ഈ അടി സ്ഥാന ആവശ്യങ്ങൾ പൂർത്തീ കരിച്ചുകൊടുക്കാൻ കഴിഞ്ഞിട്ടില്ല യെന്നത് ഒരു യാഥാർഥ്യമാണ്. ഇന്നും എത്രയെത്ര ദരിദ്ര കുടുംബങ്ങളാണ് തലചായ്ക്കാൻ വീടുകളില്ലാതെ കാലാവസ്ഥകളു ടെ തീഷ്ണതകളെ അതിജീവിച്ച് കൊണ്ട് തെരുവോരങ്ങളിൽ കഴി ഞ്ഞുകൂടുന്നത്. ഒരു ഭാഗത്ത് സമ്പത്ത് കുന്നുകൂടുമ്പോൾ എത്രയെത്ര മനുഷ്യരാണ് വയറ് നിറയെ കഴിക്കാൻ ഭക്ഷണമില്ലാതെ

മറ്റുള്ളവരുടെ എച്ചിൽ പാത്രങ്ങളെ ആശ്രയിക്കുന്നത്. എന്നാൽ അല്ലാഹുവിന്റെ പ്രവാചകരാൽ സ്ഥാപിതമാകുന്ന സാമൂഹിക ജീവിത വ്യവസ്ഥിതിയിൽ അടിസ്ഥാന ജീവിത സൗകര്യങ്ങൾ എല്ലാ മനുഷ്യർക്കും ഒരുപോലെ കൈവരുന്നതാണ്.

പ്രവാചകൻമാരാൽ സ്ഥാപിതമാകുന്ന സാമൂഹിക വ്യവസ്ഥിതിയിൽ ധാർമികവും ആദ്ധ്യാത്മികവുമായ സംസ്കരണത്തോടൊപ്പം ഭൗതിക ജീവിത സന്തുലിതത്തിനും മുൻഗണ നൽകുന്നുണ്ട്. എന്നാൽ ആദമിന്റെ ചരിത്രത്തിൽ ശൈത്താന്റെ സാന്നിദ്ധ്യത്തെ ഓർമിപ്പിച്ചുകൊണ്ട് അല്ലാഹു പറയുന്നു പ്രവാചകന്മാരാൽ സ്ഥാപിതമാകുന്ന സ്വർഗ സമാനമായ പുതിയ ജീവിത ക്രമത്തിലും ശൈത്താൻ കടന്നു കയറി അതിനെ നരക തുല്യമാക്കാൻ സാധ്യതയുണ്ട്. വിശ്വാസികളിൽ തന്നെ കപടതയുള്ളവരും അവിശ്വാസികളും പല മോഹന വാഗ്ദാനങ്ങൾ നൽകി അല്ലാഹുവിൽ നിന്നു കിട്ടിയ യഥാർഥ അദ്ധ്യാപനങ്ങളിൽ നിന്നു വിശ്വാസികളെ വഴിതെറ്റിക്കാൻ സാധ്യതയുണ്ട്.അങ്ങനെ വഴിതെറ്റിയാൽ അല്ലാഹു ആദമിനോട് പറഞ്ഞതുപോലെ നിങ്ങളും അല്ലാഹുവിന്റെ സാമീപ്യത്തിൽ നിന്നു ദൂരപെട്ടുപോകുന്നതു നിമിത്തം സുഖ സമൃദ്ധമായ ജീവിതം നഷ്ടപെട്ടുപോവുകയും തന്നിമിത്തം നിങ്ങൾ കഷ്ടപെട്ടു പോകുകയും ചെയ്യുന്നതാണ്.

ഇസ്ലാമിന്റെ ആദ്യ കാലഘട്ടത്തിലും ഈ അദ്ധ്യാപനമനുസരിച്ച് ഭരണ സംവിധാനം ക്രമപ്പെടുത്തിയതിന്റെ ഫലമായി ആ രാജ്യങ്ങളിലെ ഒരു ശിശുവിന് പോലും വിശപ്പും ദാഹവും സഹിക്കേണ്ടിവന്നിരുന്നില്ല. ഖുലഫാഉർറാശിദുകളുടെ കാലവും അതിനു ശേഷവും ഇത് നിലനിന്നിരുന്നു. എന്നാൽ കാലാന്തരേണ ഇസ്ലാമിക ധാർമികത അടിസ്ഥാനമാക്കിയുള്ള പൊതുഭരണ സംവിധാനത്തിൽ അപചയവും നിക്ഷിപ്ത താൽപര്യങ്ങളും കടന്നുകുടി. അതിനെ പുന:സ്ഥാപിക്കാനായി അല്ലാഹു ഹദ്റത്ത് അഹ്മദ് (അ)നെ അയക്കുകയുണ്ടായി. അദ്ദേഹത്തെ അല്ലാഹു ആദമെന്ന നാമത്തിൽ സംബോധന ചെയ്തു കൊണ്ട് സന്തോഷ വാർത്തകൾ നൽകിയിട്ടുമുണ്ട്. ഇസ്ലാമിലൂടെ ലോകത്ത് ആത്മീയതയെയും, ഭൗതികതയെയും സമന്വയിപ്പിച്ച് കൊണ്ട് സ്ഥാപിതമാകേണ്ട ശാശ്വതമായ ഭരണ സംവിധാനത്തിന്റെ അടിത്തറ അദ്ദേഹം ഇടുകയുണ്ടായി. അദ്ദേഹത്തിന്റെ ഗ്രന്ഥമായ അൽ വസിയ്യത്തിൽ ആത്മീയ ഭരണത്തിന്റെ സിരാകേന്ദ്രമായ ഖിലാഫത്ത് ഭരണ വ്യവസ്ഥിതിയെയും, പ്രജകളുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടിവരുന്ന ചെലവുകൾ നികത്തുന്നതിനായിട്ടുള്ള സാമ്പത്തിക സംവിധാനത്തേയും കുറിച്ചും വിശ്വസികൾക്ക് നിർദേശങ്ങൾ നൽകിയിട്ടുണ്ട്.ഈ ആഗോള ഭരണ വ്യവസ്ഥിതി സമ്പൂർണമായ രീതിയിൽ പൂർത്തീകരിക്കപെട്ടു കഴിഞ്ഞാൽ രാജ്യത്തിലെ ഒരു പ്രജക്ക് കിട്ടേണ്ട അടിസ്ഥാന ജീവിത വിഭവങ്ങൾ കൈവരുന്നതാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാമത്തെ ഖലീഫ തിരുമനസ്സ് അൽ വസിയ്യത്ത് പദ്ധതിയുടെ സമ്പൂർത്തീകരണത്തിന്റെ ഫലമായി ഉണ്ടാകുന്ന അനുഗ്രഹങ്ങളെ കുറിച്ച് ഇപ്രകാരം പറയുന്നു.

**ഈവസിയ്യത്ത് വ്യവസ്ഥിതി പൂർത്തീകരിക്കപ്പെടുമ്പോൾ അതുമുഖേന ഇസ്ലാമിക പ്രചാരണം മാത്രമല്ല നിർവഹിക്കപ്പെടുന്നത് മറിച്ച് ഇസ്ലാമിന്റെ ലക്ഷ്യമനുസരിച്ച് ഓരോ വ്യക്തിയുടെയും ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതാണ്. ലോകത്ത് നിന്ന് സർവവിധ ബുദ്ധിമുട്ടുകളും വിഷമങ്ങളും ദൂരീകരിക്കപ്പെടുന്നതാണ്. ഇൻശാ അല്ലാഹു, അനാഥർക്ക് യാചിക്കേണ്ടിവരികയില്ല. വിധവകൾ ആരുടേയും മുന്നിൽ കൈനീട്ടേണ്ടി വരികയോ, ഒരു അത്താണിയുമില്ലാതെ വിഷമിച്ച് അലയേണ്ടിവരികയോ ചെയ്യില്ല. കാരണം ഈ വസിയ്യത്ത് കുട്ടികൾക്ക് മാതാവായിരിക്കും, യുവാക്കൾക്ക് പിതാവായിരിക്കും, സ്ത്രീകൾക്ക് ഭർത്താക്കന്മാരുടെ സ്ഥാനത്തായിരിക്കും. സ്നേഹത്തോടും ഹൃദയ സന്തോഷത്തോടും കൂടി യാതൊരു വിധ നിർബന്ധവുമില്ലാതെതന്നെ ഇതുമുഖേന സഹോദരൻ സഹോദരനെ സഹായിക്കുന്നതാണ്. ഇതിന്റെ പ്രതിഫലം ഈ ലോകത്ത് കിട്ടാതെ വരികയില്ല. അല്ലാഹുവിൽ നിന്നു ഉത്തമമായ പ്രതിഫലം കൈവരിക്കുന്നതാണ്. പണക്കാരനും പാവപ്പെട്ടവനും നഷ്ട ത്തിലാവുകയില്ല. സമൂഹങ്ങൾ പരസ്പരം കലഹിക്കുകയില്ല. മറിച്ച് അതിന്റെ ഔദാര്യ ഗുണം മുഴുലോകത്തും വ്യാപിച്ചു നിൽക്കുന്നതാണ്.** (നവലോകക്രമം)

വാസ്തവത്തിൽ ആദമിനോടും, അദ്ദേഹത്തിന്റെ അനുചര സംഘത്തോടും സ്ഥിരമായി ജീവിക്കാൻ പറഞ്ഞ പ്രദേശത്ത് ആത്മീയ സംസ്കരണത്തിന്റെയും സമ്പൽ സമൃദ്ധിയുടെയും, ശാന്തി സാമാധാനത്തിന്റെയും സ്വർഗ സമാനമായ അവസ്ഥ അല്ലാഹു അവർക്ക് പ്രദാനം ചെയ്തിരുന്നു. അത് തന്നെയാണ് സ്വർഗമെന്നു പറയുന്നത്. നിസ്തുലമായ ദിവ്യാനുഗ്രഹം നിറഞ്ഞ മനുഷ്യ സമൂഹത്തിന്റെ ആത്മീയ സുരഭിലമായ ഈ ആദി സമൂഹം ലോകത്തുള്ള എല്ലാ ജനവർഗങ്ങളുടെയും മാതൃകാപരമായ പ്രാഗ്രൂപമാണ്. അതുകൊണ്ടാണ് വിശുദ്ധ ഖുർആൻ അഗാധമായ അർഥധ്വനിയോടെ ആദി പിതാവിന്റെ ആശയ സമ്പുഷ്ഠമായ ഈ ആദിമ ചരിത്രം വിവരിക്കുന്നത്. വിശ്വാസികൾക്ക് അവരുടെ സാമൂഹിക വ്യവസ്ഥ ശോഭനവും ക്ഷേപൂർണവുമാക്കി തീർക്കാനുള്ള മാതൃകാപരമായ ഒരു സാമൂഹിക രൂപരേഖയും ഇതിൽ ഉള്ളടങ്ങിയിരിക്കുന്നു. ഇതുതന്നെയാണ് ആദമിന്റെ ജന്നത്തിനെക്കുറിച്ചുള്ള വിശുദ്ധ ഖുർആൻ വിവരണത്തിന്റെ യഥാർഥ ഉദ്ദേശ്യവും.

# രാഷ്ട്രം, സമൂഹം, ഖിലാഫത്ത്

ഇസ്‌ലാം മതത്തെ ഒരിക്കലും ഒരു രാഷ്ട്രമാക്കി മാറ്റാൻ സാദ്ധ്യമല്ല. ഇസ്‌ലാം വിഭാവന ചെയ്യുന്നത് ഒരു ആഗോള അന്തർ ദേശീയ സ്ഥാപനമാണ്. അതാണ് ആധുനിക യുഗത്തിൽ ദൈവേച്ഛയാൽ സ്ഥാപിതമായ അഹ്മദിയ്യാ ഖിലാഫത്ത്.

എ. എം. മുഹമ്മദ് സലിം

### സമൂഹത്തിന്റെ നിർമിതി

മനുഷ്യൻ ഒരു സാമൂഹ്യ ജീവിയാണ്. ഒരു സമൂഹമായിട്ടാണ് മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നതെന്ന് ഖുർആൻ പറയുന്നു. ***'മനുഷ്യൻ ഒരു സമൂഹം (ഉമ്മത്തൻ വാഹിദ:) ആയിരുന്നു.' (2:214)*** സാമൂഹ്യ ജീവിതം നയിക്കാൻ മനുഷ്യൻ നിർബന്ധിതനായതോ അവർ ബോധപൂർവം ചിന്തിച്ചു തിരഞ്ഞെടുത്തതോ അല്ല. മറിച്ച് സാമൂഹിക ബോധം മനുഷ്യന്റെ പ്രകൃതിയിൽ ദൈവം ഉൾചേർത്തത് കൊണ്ടാണ് മനുഷ്യൻ സാമൂഹ്യ ജീവിതം നയിക്കുന്നത്. ഖുർആൻ പറയുന്നു***' മനുഷ്യരേ നിങ്ങളെ ആണിൽ നിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ ജനവർഗങ്ങളും (ശുഊബ്) ഗോത്രങ്ങളും (കബായീൽ) ആക്കി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം തിരിച്ചറിയുന്നതിന് വേണ്ടി' (49:13)*** സമൂഹങ്ങൾ രൂപപ്പെടുന്നത് വർഗ പരവും ഗോത്രപരവുമായ വർണങ്ങളിലാണ്. അത് മനുഷ്യന്റെ ജൈവ പ്രകൃതിയിൽ ഒരു ഉൾപ്രേരകമായി കൂടി ചേർന്നിരിക്കുന്നതായി ഈ വചനം സുചിപ്പിക്കുന്നു. പ്രകൃതിയാണ് മനുഷ്യ സമുഹത്തിന്റെ ഘടനക്ക് രൂപം നൽകുന്നത്. ജനിതക പ്രത്യേകതകൾ, ഭുമി ശാസ്ത്രം, ഭക്ഷണം, കാലാവസ്ഥ, കുടുംബ ബന്ധങ്ങൾ, ഗോത്രീയവും ദേശീയവുമായ ബന്ധങ്ങൾ മറ്റു ഭൗതിക സാഹചര്യങ്ങൾ മുതലായ ഘടനാ പരമായ മൂശയിലാണ് സമൂഹം രൂപപ്പെടുന്നത് എന്ന് നരവംശ ശാസ്ത്രം പറയുന്നു. മതം, പ്രവാചകന്മാർ, ഭാഷ, ന്യായപ്രമാ ണം, ആചാരങ്ങൾ, കല, ജീവിത രീതി, വസ്ത്ര ധാരണം, പാചക കല, രാഷ്ട്രീയ സാമ്പത്തിക പ്രത്യയ ശാസ്ത്രങ്ങളും വ്യവസ്ഥകളും മുതലായ സാംസ്ക്കാരിക പ്രത്യേകതകളിലൂടെയും ആ സമൂഹം തിരിച്ചറിയപ്പെടുന്നു. ഇത്തരം വ്യതിരിക്തതകളിൽ ഊന്നിക്കൊണ്ടാണ് സമൂഹത്തിന്റെ സാംസ്കാരിക ഭാവം തിരിച്ചറിയപ്പെടുന്നത്. ഖുർആൻ സമുഹം (ഉമ്മ:) എന്ന പദം നരവംശപരമായ അർഥത്തി ലും സാംസ്കാരികമായ അർഥ ത്തിലും പ്രയോഗിച്ചിട്ടുണ്ട്. സമുഹ ത്തിന് വ്യക്തിയെപോലെ തന്നെ ജീവിതം, സ്വഭാവഗുണങ്ങൾ, നന്മ തിന്മകൾ, ധിക്കാരം, കർമ ഫലം, മരണം, വിചാരണ എന്നിവയെല്ലാം ഉണ്ടെന്ന് ഖുർആൻ പറയുന്നു. ഇതിലൂടെ സമൂഹത്തെ വ്യക്തിയെപോലെ പ്രകൃതിജന്യമായ ഒരു സമഗ്ര ജൈവരൂപമായിട്ടാണ് ഖുർആൻ കാണുന്നത്. മുസ്‌ലിംകൾ ഉത്തമ സമൂഹം (ഖൈറുൽ ഉമ്മത്ത്) ആണെന്നാണ് ഖുർആൻ പറയുന്നത്. ***'മനുഷ്യ സമൂഹത്തിന്റെ നന്മക്കായി എഴുന്നേൽപ്പിക്കപ്പെട്ട ഉത്തമ സമൂഹമാകുന്നു നിങ്ങൾ' (3:11)***

ലോകം അതിശീഘ്രം പുരോഗമിച്ചു കൊണ്ടിരിക്കുന്നതിനനുസരിച്ച് ജനവർഗങ്ങളും ദേശീയ സമൂഹങ്ങളും കൂടികലരുകയും ആശയ വിനിമയത്തിലൂടെ ഒന്നായിത്തീർന്ന് അന്തർദേശീയ സമൂഹം രൂപം കൊള്ളുകയും ചെയ്യുകയാണ്. അത് പിന്നീട് വിശദമാക്കാം. അന്തർദേശീയ സമൂഹം അങ്ങനെ ഘടനാപരമായി വീണ്ടും ഉമ്മത്തൻ വാഹിദ: (ഏക സമൂഹം) ആയി കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇസ്‌ലാം മതത്തിന്റെ സാമൂഹിക മായ ഉദ്ദേശ്യം അധികാരത്തിലധിഷ്ഠിതമായ ഒരു രാഷ്ട്രനിർമാണമാണെന്ന് ചിലർ ധരിക്കുന്നു. വാസ്തവത്തിൽ ഖിലാഫത്തിലധിഷ്ഠിതവും ഇസ്‌ലാമിക സംസ്കാരവുമുള്ള ഒരു ആഗോള സമൂഹമാണ് ഇസ്‌ലാം ഉദ്ദേശിക്കുന്നത്. ഖലീഫയും വിശ്വാസികളും തമ്മിലുള്ള ബന്ധം ഭരണകൂടവും പൗരന്മാരും പോലെയുള്ള ബന്ധമല്ല. അധികാര ത്തിലധിഷ്ഠിതമല്ല ആ ബന്ധം. മറിച്ച് ആത്മീയതയിലധിഷ്ഠിതമാണ്. ഇക്കാര്യം കൂടുതൽ വ്യക്തമാകാൻ രാഷ്ട്രവും സമൂഹം എന്താണെന്ന് വേർതിരിച്ച് മനസ്സിലാക്കേണ്ടതുണ്ട്.

## എന്താണ് രാഷ്ട്രം

രാഷ്ട്രം (*State*) എന്നാൽ ഭൂമിശാസ്ത്ര പരമായി അതിർത്തി നിർണയിക്കപ്പെട്ട ഒരു പ്രദേശത്ത് നിവസിക്കുകയും ഒരു പരമാധികാര കേന്ദ്രത്തോട് വിധേയത്വം പുലർത്തുന്നതിൽ യോജിക്കുകയും ചെയ്യുന്ന ജനസമൂഹമാണ്. ജനസംഖ്യ, ഭൂമേഖല, ഗവൺമെന്റ്, പരമാധികാരം എന്നിവയാണ് രാഷ്ട്രത്തിന്റെ ഘടകങ്ങൾ. രാഷ്ട്രം എന്ന അർഥത്തിൽ പലരും സൂക്ഷ്മതയില്ലാതെ രാജ്യം, ഗവൺമെന്റ്, നാട്, ദേശം എന്നെല്ലാം പ്രയോഗിക്കാറുണ്ട്. എന്നാൽ രാഷ്ട്രതന്ത്ര വിജ്ഞാനീയത്തിൽ കൃത്യമായ നിർവചനമുള്ളത് കൊണ്ട് രാഷ്ട്രം എന്ന പദം തന്നെ ഉപയോഗിക്കേണ്ടതുണ്ട്. രാഷ്ട്രം എന്ന പദം ഇന്ന് നാം ഉപയോഗിക്കുന്ന അർഥത്തിൽ 16-ാം നൂറ്റാണ്ട് മുതൽക്കാണ് ശബ്ദകോശങ്ങളിൽ സ്ഥാനം പിടിക്കുന്നത്. ഇറ്റലിയിലെ ഫ്ളോറൻസിലെ മഹാ സൂത്രശാലിയും കുടില തന്ത്രത്തിലൂടെ രാജ്യം ഭരിക്കേണ്ടതെങ്ങനെയെന്ന് വിവരിക്കുകയും ചെയ്ത മാക്കിയവല്ലിയാണ് (1469-1527) **'പ്രിൻസ്' (*Prince*)** എന്ന തന്റെ കൃതിയിൽ, ഇപ്പോഴത്തെ രാഷ്ട്രീയാർഥത്തിൽ ആദ്യമായി സ്റ്റേറ്റ് അഥവാ **'രാഷ്ട്രം'** എന്ന പദം പ്രയോഗിച്ചത്. ഖുർആൻ രാഷ്ട്രം എന്ന അർഥത്തിൽ ഒരൊറ്റ പദവും ഉപയോഗിച്ചിട്ടില്ല എന്ന കാര്യം വളരെ ശ്രദ്ധേയമാണ്. മനുഷ്യന്റെ സാമാജിക ജീവിതത്തെ പറ്റി പ്രതിപാദിക്കാൻ, മനുഷ്യ സമൂഹം (നാസ്), ദേശീയ (ഭാഷ) സമൂഹം (ഖൗം), സമൂഹം (ഉമ്മ:), ജനവർഗങ്ങൾ (ശുഊബ്), ഗോത്രങ്ങൾ (കബായീൽ) മുതലായ സംജ്ഞകളാണ് ഖുർആൻ ഉപയോഗിച്ചിട്ടുള്ളത്. ഇതിനൊന്നും തന്നെ രാഷ്ട്രം എന്ന് അർഥം ലഭിക്കില്ല.

അധികാര ബലത്തിൽ മാത്രം പ്രസക്തമാകുന്ന രാഷ്ട്രം സമൂഹം പോലെ പ്രകൃതി ശക്തികൾ വളർത്തി കൊണ്ട് വരുന്നതോ മനുഷ്യന്റെ നൈസർഗിക സാംസ്കാരിക ഭാവങ്ങൾ വർണം നൽകുന്നതോ ആയ ഒരു സ്ഥാപനമല്ല. മനുഷ്യനെയും വിഭവങ്ങളെയും ഭരിക്കാൻ മനുഷ്യൻ നിർമിച്ച അധികാരത്തിലധിഷ്ഠിതമായ ഒരു കൃത്രിമ സ്ഥാപനമാണ് രാഷ്ട്രം. 14 മുതൽ 17-ാം നൂറ്റാണ്ടുവരെയുണ്ടായ യൂറോപ്യൻ നവോത്ഥാനത്തിന് ശേഷം സമീപകാലത്ത് രൂപം കൊണ്ട രാഷ്ട്രീയ പ്രതിഭാസമാണ് ഇന്ന് കാണുന്ന ദേശ രാഷ്ട്രങ്ങൾ (*National State*). തികച്ചും ദേശീയമായ വികാരങ്ങളിൽ കെട്ടിപടുത്തതാണ് ആധുനിക ദേശ രാഷ്ട്രങ്ങൾ. യുറോപ്പിന്റെ ചുവടു പിടിച്ചാണ് ലോകമാകെ രാഷ്ട്രങ്ങൾ നിലവിൽ വന്നത്. ഒരു ദേശത്ത് താമസിക്കുന്ന ആളുകൾ ഐക്യത്തോടെ ആ ഭുപ്രദേശത്തോട് ഉള്ളതോ ഉണ്ട് എന്ന് ഭാവിക്കുന്നതോ ആയ വൈകാരിക ബോധത്തെയാണ് ദേശീയത എന്ന് പറയുന്നത്. ആ ദേശീയതയിൽ പണിതുയർത്തുന്ന അധികാര സ്വരൂപമാണ് രാഷ്ട്രം. പ്രകൃത്യാ തന്നെ സമ്മർദ സ്വഭാവമുള്ള രാഷ്ട്രമെന്ന അധികാര സ്വരുപം ജനാധിപത്യവാദികളുടെ കൈയിൽ കൂടുതൽ അയവുള്ളതും മാർദവമുള്ളതുമായിതീരുന്നു. മതമൗലികവാദികളും ഫാസിസ്റ്റുകളും തങ്ങളുടെ ലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കാനുള്ള സംഹാരാത്മകമായ ആയുധമായിട്ടാണ് രാഷ്ട്രത്തെ കാണുന്നത്. അവർക്ക് പലപ്പോഴും രാഷ്ട്രം ലക്ഷ്യങ്ങൾ നേടാനുള്ള ഉപാധിയല്ല, മറിച്ച് രാഷ്ട്രം തന്നെ ഒരു ലക്ഷ്യമാണ്. അധികാര മൂർത്തമായ രാഷ്ട്രത്തെ ദൈവത്തോളം വാഴ്ത്തി പറയുക അവരുടെ ഒരു പ്രത്യയ ശാസ്ത്ര രീതിയാണ്. ഒരു രാഷ്ട്രം എന്ന നിലക്ക് ജനതകളുടെ രാഷ്ട്രീയമായ ഉദ്ഗ്രഥനം പലപ്പോഴും കൃത്രിമവും കരുതിക്കൂട്ടിയുള്ളതുമാണ്. അന്തർദേശീയത, വിശ്വമാനവികത, ഏകലോകം എന്നീ ഉത്കൃഷ്ട സങ്കൽപ്പങ്ങൾക്ക് വിരുദ്ധമാണ് രാഷ്ട്ര ദേശീയത. വിശ്വ മതമായ ഇസ്‌ലാമിന്റെ പരമലക്ഷ്യം സങ്കുചിതവും അധികാര ബദ്ധവും ദേശനിർണിതവുമായ രാഷ്ട്രം നിർമിക്കലാണ് എന്ന് കരുതുന്നത് തികച്ചും ഇസ്‌ലാമിക വിരുദ്ധമാണ്.

## സമൂഹം ഒരു അകൃത്രിമ സ്ഥാപനം

സമൂഹം എന്നത് പ്രകൃതിയുടെ സ്വച്ഛവും സ്വാഭാവികവുമായ ബലതന്ത്രത്തിൽ രൂപപ്പെടുന്നതും മാനവീയതയുടെ നൈസർഗികതയിൽ പ്രവർത്തന ക്ഷമമാവുന്നതുമായ ഒരു അകൃത്രിമ സ്ഥാപനമാണ്. രാഷ്ട്രതന്ത്ര വിജ്ഞാനീയത്തിൽ സമുഹത്തെ രാഷ്ട്രവുമായി താരതമ്യപ്പെടുത്താവുന്നതാണ്. സമുഹം രാഷ്ട്രത്തിന്റെ പൂർവവർത്തിയാണ്. ആദ്യമുണ്ടായത് സമുഹമാണ്. സമുഹത്തിനകത്തെ ഒരു സ്ഥാപനം മാത്രമാണ് രാഷ്ട്രം. മനുഷ്യനും മനുഷ്യനും തമ്മിൽ ബോധപൂർവം സൃഷ്ടിക്കപ്പെടുന്ന സകല ബന്ധങ്ങളും സമുഹം ഉൾക്കൊള്ളുന്നു. മാനസികം, വൈയക്തികം, വൈവാഹികം, ഗാർഹികം, കുടുംബപരം മുതലായ സകല മാനവീയ മേഖലകളും സാമുഹ്യ ശാസ്ത്രത്തിന്റെ പഠന മേഖലകളാണ്. എന്നാൽ രാഷ്ട്രവും രാഷ്ട്രത്തിന്റെ ശാസ്ത്രമായ രാഷ്ട്രീയവും ഭരണകൂടവും പൗരനും തമ്മിലുണ്ടാകുന്ന ബന്ധങ്ങളെ മാത്രമേ സ്പർശിക്കാറുള്ളൂ. രാഷ്ട്രം എന്നത് പല മാനങ്ങളുള്ള സമൂഹത്തിന്റെ രാഷ്ട്രീയ വശം മാത്രമാണ്. രാഷ്ട്രം ഒരു പ്രത്യേക ദേശത്ത് മാത്രം ഒതുങ്ങി നിൽക്കുമ്പോൾ സമുഹം രാഷ്ട്രങ്ങളെ അതിവർത്തിച്ചു നിൽക്കുന്നു. ഉദാഹരണത്തിന് ഒരു നേതൃത്വത്തിന് കീഴിലുള്ള അഹ്മദിയ്യാ ആഗോള മത സാംസ്കാരിക സമൂഹം, പക്തുൺ ഗോത്ര സമൂഹം , പാർസി ഗോത്ര സമൂഹം, ഹിന്ദു മത സമൂഹം, യഹൂദ സമൂഹം മുതലായവ.

## ജീവി സമൂഹവും മനുഷ്യ സമൂഹവും

മനുഷ്യ സമൂഹത്തിന്റെ ഈ നൈസർഗിക സ്വഭാവത്തേയും സ്വച്ഛ രൂപത്തേയും ഉദാഹരിക്കാൻ വിശുദ്ധ ഖുർആൻ പറയുന്ന ഒരു ഉപമ ശ്രദ്ധേയമാണ്

***'ഭൂമിയിൽ നടക്കുന്ന ഏത് മൃഗവും രണ്ട് ചിറക് കൊണ്ട് പറക്കുന്ന ഏത് പറവയും നിങ്ങളെ പോലെയുള്ള സമൂഹങ്ങൾ തന്നെയാണ്'(6:36)*** ഇവിടെ പക്ഷികളുടെ സമൂഹത്തെ (ഉമ്മ) മനുഷ്യ സമൂഹത്തോടാണ് ഉപമിച്ചിരിക്കുന്നത്. രാഷ്ട്രത്തിന്റെ അധികാര ഘടനയോ നിർണിതമായ അതിർത്തിയോ സമ്മർദ സ്വഭാവമുള്ള ശ്രേണീ രൂപമോ, അനുശാസനാത്മകമായ നിയമങ്ങളോ മൃഗങ്ങളുടെയും പക്ഷികളുടെയും സമൂഹങ്ങളിൽ ഇല്ല. തികച്ചും പ്രകൃതി ജന്യവും നൈസർഗികവുമായ ശക്തികളുടെ ബലത്തിലുള്ള ഒരു സാമൂഹിക ജീവിതമാണ് മൃഗങ്ങളും പക്ഷികളും നയിക്കുന്നത്. ശുദ്ധ പ്രകൃതിയുടെ നൈസർഗികതയിലേക്കുള്ള തിരിച്ചുപോക്കാണിത്. മനുഷ്യൻ അങ്ങനെ ആയിതീരണമെങ്കിൽ ആത്മീയമായ ഉയർന്ന പ്രബുദ്ധതയും ഉന്നതവും ഉദാത്തവുമായ സാമൂഹിക ബോധവും ആർജിക്കേണ്ടതുണ്ട്. ജീവിതത്തിന്റെ സ്വച്ഛതയും നൈസർഗികതയും നഷ്ടപ്പെട്ട കൃത്രിമവും മനുഷ്യ നിർമിതവുമായ ലോകത്ത് സംഘർഷ ജീവിതം നയിക്കുന്ന അസ്വസ്ഥമായ ആധുനിക സമൂഹം അതിന്റെ അകൃത്രിമമായ അടിസ്ഥാനങ്ങളിലേക്ക് തിരിച്ച് പോകേണ്ടതുണ്ട്. ഇന്ന് യൂറോപ്പിൽ ഉയരുന്ന അഗാധമായ അർഥമാനങ്ങളുള്ള ഒരു മുദ്രാവാക്യമാണ് *Back to Basic* അതായത് സ്വച്ഛതയിലേക്കും അടിസ്ഥാന ശുദ്ധ പ്രകൃതിയിലേക്കുമുള്ള തിരിച്ചു പോക്ക്.

മൃഗങ്ങളേയും പക്ഷികളേയും ഉദാഹരിച്ചു കൊണ്ടുള്ള അല്ലാഹുവിന്റെ ഗഹനമായ അർഥങ്ങളുള്ള ഈ ഉപമ വിശ്വാസികളെ ഇരുത്തി ചിന്തിപ്പിക്കുകയും അവരുടെ ബുദ്ധി ശക്തിയേയും ഗവേഷണ കൗതുകത്തേയും പ്രചോദിപ്പിക്കുകയും ചെയ്യേണ്ടതാണ്. അല്ലാഹു പറയുന്നു:

***'ഒരു കൊതുകിനേയോ അതിനപ്പുറമുള്ള (അതിലും നിസ്സാരമായ മറ്റു) വല്ലതിനെയോ ഉപമയായി എടുത്തു കാണിക്കുന്നതിന് അല്ലാഹു ലജ്ജിക്കുന്നില്ല. അപ്പോൾ വിശ്വാസികൾക്ക് അത് തങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സത്യമാണെന്ന് മനസ്സിലാവും. നിഷേധികളാവട്ടെ ഈ ഉപമ മുഖേന അല്ലാഹു എന്താണ് ഉദ്ദേശിക്കുന്നതെന്ന് ചോദിക്കും. എന്നാൽ (യാഥാർഥ്യമിതാണ്) ഇത് വഴി അല്ലാഹു പലരേയും വഴിതെറ്റിയവരായി വിധിക്കുകയും പലരേയും സത്യത്തിലേക്ക് വഴി നടത്തുകയും ചെയ്യുന്നു. '(2:27)***

ശുദ്ധപ്രകൃതിയുടെയും സ്വച്ഛമായ പ്രേരണകളുടെയും ബലത്തിൽ നയിക്കപ്പെടുന്ന ഒരു സമൂഹത്തെയാണ് ഖുർആൻ സൃഷ്ടിക്കാൻ ആഗ്രഹിക്കുന്നത്. വാസ്തവത്തിൽ രാഷ്ട്രത്തിന്റെ ഒരു പ്രത്യേകതയുമായും ഇസ്‌ലാം ഒത്തു പോകില്ല. അധികാരത്തിനും ശാസനകൾക്കും പ്രാവർത്തികമാക്കാൻ കഴിയുന്നതല്ല ഇസ്‌ലാമിന്റെ ധാർമികവും ആത്മീയവുമായ മൂല്യങ്ങൾ. സമൂഹത്തിന്റെ അമൂർത്തവും മൃദുലവുമായ ശക്തികളാണ് അതിന്റെ സ്വീകർത്താക്കൾ. രാഷ്ട്രത്തിന്റെ ബലപ്രയോഗമല്ല സമൂഹത്തിന്റെ അനുനയാത്മകമായ ഉപകരണങ്ങളാണ് അതിന്റെ മാധ്യമങ്ങൾ.

## രാഷ്ട്രവും അധികാരവും

രാഷ്ട്രത്തിന്റെ വ്യക്തിത്വം നിലകൊള്ളുന്നത് അതിന്റെ അധികാര ബലത്തിലാണ്. ഒരു ദേശത്തിന്മേലുള്ള പരമാധികാരമാണ് രാഷ്ട്രത്തെ അർഥ പൂർണമാക്കുന്നത്. അധികാരമില്ലെങ്കിൽ രാഷ്ട്രമില്ല. എന്നാൽ സമൂഹത്തിന് അത്തരത്തിലുള്ള അധികാര കേന്ദ്രങ്ങളൊന്നുമില്ല. ദൈവഭക്തി, ധാർമികമായ ഉത്തരവാദിത്വം, മതാചാരം, കീഴ്നടപ്പ്, പൊതുജനാഭിപ്രായം എന്നിവയൊക്കെയാണ് സമൂഹത്തിന്റെ അധികാര കേന്ദ്രങ്ങൾ. വ്യക്തിയെ സംബന്ധിച്ച് മതം ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾനേടാൻ രാഷ്ട്രത്തിനാവില്ല. കാരണം രാഷ്ട്രത്തിന്റെ സമ്മർദ സ്വഭാവമുള്ളതും ഉരുക്കു ചട്ടുകം പോലെയുള്ളതുമായ കർക്കശമായ ഉപകരണങ്ങൾ

ശുദ്ധപ്രകൃതിയുടെയും സ്വച്ഛമായ പ്രേരണകളുടെയും ബലത്തിൽ നയിക്കപ്പെടുന്ന ഒരു സമൂഹത്തെയാണ് ഖുർആൻ സൃഷ്ടിക്കാൻ ആഗ്രഹിക്കുന്നത്. വാസ്തവത്തിൽ രാഷ്ട്രത്തിന്റെ ഒരു പ്രത്യേകതയുമായും ഇസ്‌ലാം ഒത്തു പോകില്ല. അധികാരത്തിനും ശാസനകൾക്കും പ്രാവർത്തികമാക്കാൻ കഴിയുന്നതല്ല ഇസ്‌ലാമിന്റെ ധാർമികവും ആത്മീയവുമായ മൂല്യങ്ങൾ. സമൂഹത്തിന്റെ അമൂർത്തവും മൃദുലവുമായ ശക്തികളാണ് അതിന്റെ സ്വീകർത്താക്കൾ. രാഷ്ട്രത്തിന്റെ ബലപ്രയോഗമല്ല സമൂഹത്തിന്റെ അനുനയാത്മകമായ ഉപകരണങ്ങളാണ് അതിന്റെ മാധ്യമങ്ങൾ.

മതം ഉദ്ദേശിക്കുന്ന തരുണ സ്നിഗ്ദമായ ലക്ഷ്യങ്ങൾ നേടാൻ പര്യാപ്തമല്ല. സമൂഹമാണ് മതത്തിന്റെ അത്തരം ലക്ഷ്യങ്ങളെ സാക്ഷാത്ക്കരിക്കുന്നത്. ഖുർആൻ പറയുന്നു: ***'മതത്തിൽ യാതൊരു ബലപ്രയോഗവുമില്ല. തീർച്ചയായും സന്മാർഗം ദുർമാർഗത്തിൽ നിന്നും വ്യതിരിക്തമാണ്.' (2:257) 'വീണ്ടും ഖുർആൻ പറയുന്നു. നിന്റെ നാഥൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭുതലത്തിലുള്ള എല്ലാവരും ഒന്നടങ്കം വിശ്വസിച്ചേനെ. എന്നിരിക്കെ ആളുകൾ വിശ്വാസികളായി തീരാനായി നീ അവർക്ക് മേൽ ബലം പ്രയോഗിക്കുമോ' (10:10)*** **'**മതത്തിൽ ബല പ്രയേഗമില്ല**'** എന്ന തത്ത്വം ആരാധനാ കർമങ്ങളിൽ മതം ബലപ്രയോഗം നടത്താൻ പാടില്ല എന്ന കേവലാർഥത്തിൽ മാത്രമല്ല ഖുർആൻ ഇവിടെ പ്രയോഗിച്ചിട്ടുള്ളത്. അധികാരം പ്രയോഗിക്കാൻ സാദ്ധ്യതയുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും മതം വിട്ടു നിൽക്കണം എന്ന വ്യക്തമായ നിർദേശം ഈ സുവർണ സൂക്തത്തിലുണ്ട്. രാഷ്ട്രത്തിന്റെ ഏറ്റവും പ്രാമാണികമായ അധികാര ബലം എന്ന ശക്തിയെ ഇസ്ലാം സ്വയം നിരാകരിക്കുന്നതോടെ ഇസ്ലാം രാഷ്ട്രമല്ല എന്ന പ്രഖ്യാപനം നടത്തുകയാണ് ചെയ്യുന്നത്. മനുഷ്യാത്മാവിനോടുള്ള ഒരു നിവേദനമായി സമർപ്പിക്കപ്പെട്ട ഇസ്ലാം സാമൂഹ്യ പ്രശ്നങ്ങൾ പരിഹരിക്കാനായി ഒരു മൂല്യ നിർദ്ധാരണ പദ്ധതിയാണ് സമർപ്പിച്ചിരിക്കുന്നത്. മനുഷ്യ ഹൃദയമാണ് അതിന്റെ പ്രവർത്തന കേന്ദ്രം.

## രാഷ്ട്രവും നിയമവും

നിയമം എന്നത് രാഷ്ട്ര സങ്കൽപ്പത്തിലെ പ്രധാനമായ ഒന്നാണ്. മനുഷ്യൻ ഉപയോഗിക്കുന്ന പദങ്ങളിൽ വെച്ച് ഏറ്റവും അനിശ്ചിതത്വമുള്ള അർഥമുള്ള പദങ്ങളിലൊന്നാണ് നിയമം. ശാസ്ത്ര നിയമങ്ങൾ ഏറെക്കുറെ കണിശവും മൂർത്തവും നിർവചനാത്മകവുമാണ് അതായത് ഊർജ്ജ തന്ത്രനിയമം, ഗണിത ശാസ്ത്ര നിയമം, മുതലായവ. എന്നാൽ ദൈവിക നിയമങ്ങൾ, ധാർമിക നിയമങ്ങൾ എന്നിവക്ക് ഈ കാർക്കശ്യമില്ല. അവ അമൂർത്തമാണ്. രാഷ്ട്ര നിയമങ്ങൾ ഒരു പരമാധികാര ശാസനാ കേന്ദ്രത്തിന്റെ പിൻബലമുള്ളതാണ്. നിർവചനാത്മകവും കണിശവും സമ്മർദ സ്വഭാവമുള്ളതും ലംഘിക്കപ്പെടുമ്പോൾ ശിക്ഷിക്കപ്പെടുന്നതുമാണ്. രാഷ്ട്ര നിയമങ്ങൾ മൃദുലവും തരുണവുമായ മനുഷ്യന്റെ ആത്മീയ സംസ്കരണ പ്രക്രിയക്ക് ചേർന്നതല്ല. അതായത് ഇസ്ലാം മതം ഉദ്ദേശിക്കുന്ന സ്വഭാവ സംസ്കരണത്തിനും മാനവീയ പരിവർത്തനങ്ങൾക്കും ഉപകരണങ്ങളായി വർത്തിക്കാൻ ഉരുക്കു പേശിയുള്ള രാഷ്ട്രത്തിനാവില്ല. വാസ്തവത്തിൽ പലരും ധരിക്കുന്നത് പോലെ നിയമങ്ങൾ നീതിയോ സദ്ഗുണമോ നന്മയോ ഉദ്പാദിപ്പിക്കുന്നില്ല. രാഷ്ട്ര നിയമത്തിന് ആത്മാവിനെ പ്രചോദിപ്പിക്കാനോ സ്പർശിക്കാനോ സാധ്യമല്ല. ബാഹ്യശരീരത്തെ നിയന്ത്രിക്കാൻ മാത്രമേ അതിനാവൂ. എത്രത്തോളം നിയമത്തിന്റെ അസാന്നിദ്ധ്യത്തിലും അഭാവത്തിലും ഒരു സമൂഹം സമാധാനത്തിലും നന്മയിലും പ്രബുദ്ധരായി വർത്തിക്കുന്നുവോ അത്രത്തോളം ആ സമൂഹം ധാർമികമായി നല്ലതാണെന്ന് പറയാം.

നിയമത്തിന് മനുഷ്യന്റെ ബാഹ്യ പ്രവർത്തനങ്ങളെ മാത്രമേ നിയന്ത്രിക്കാനാവൂ. ഉദാഹരണത്തിന് ക്രിമിനൽ ശിക്ഷാ നിയമത്തെ പറ്റി പറയുമ്പോൾ അത് കുറ്റം ചെയ്യുന്ന ശരീരത്തെ മാത്രമേ ശിക്ഷിക്കുന്നുള്ളൂ. കുറ്റ കൃത്യത്തിലേക്ക് നയിക്കുന്ന മാനസിക പ്രേരണ, ചിന്ത, വാസന, ജീവിത ശൈലി എന്നീ ഘടകങ്ങളെ സ്പർശിക്കാനോ സംസ്ക്കരിക്കാനോ നിയമത്തിനാവില്ല. മാത്രമല്ല അമിതമായ നിയമ നിർമാണ ത്വര ഒരു ജൂത സമ്പ്രദായമാണ്. അവസാനം അവർ നിയമം ശപ്തമായിപ്പോയിരിക്കുന്നു എന്ന് പറയേണ്ടി വന്നു. മതമൗലിക വാദികൾക്കിടയിലും യാഥാസ്ഥിതിക മുസ്ലിം കർമ ശാസ്ത്ര പണ്ഡിതന്മാർക്കിടയിലും ഈ ദുഷ്പ്രവണത കാണാം. രാഷ്ട്രത്തിന് അതിന്റെ വ്യവഹാരങ്ങളെ നിയമ മാർഗത്തിൽ മാത്രമേ നിർവഹിക്കാനൊക്കൂ. എന്നാൽ ഇത്തരം അമിതമായ നിയമവത്ക്കരണത്തെ വിശുദ്ധ ഖുർആൻ നിരുത്സാഹപ്പെടുത്തുന്നു. ഖുർആൻ പറയുന്നു:

***' അല്ലയോ വിശ്വാസികളേ നിങ്ങൾക്ക് വെളിപ്പെടുത്തിത്തന്നാൽ വിഷമകരമായേക്കാവുന്ന കാര്യങ്ങളെ സംബന്ധിച്ച് നിങ്ങൾ ചോദിക്കരുത്. ഖുർആൻ ഇറക്കപ്പെടുന്ന അവസരത്തിൽ അതിനെക്കുറിച്ച് നിങ്ങൾ ചോദിക്കുന്നതായാൽ നിങ്ങൾക്ക് അവ വെളിപ്പെടുത്തിത്തരുന്നതാണ്. അല്ലാഹു അവയെ വിട്ടിരിക്കുകയാണ്. അല്ലാഹു വളരെ പൊറുക്കുന്നവനും സഹനശീലനുമാകുന്നു. നിങ്ങൾക്ക് മുമ്പ് ഒരു ജനത അത്തരം കാര്യങ്ങളെക്കുറിച്ച് ചോദിച്ചു കൊണ്ടിരുന്നിട്ടുണ്ടായിരുന്നു. പക്ഷേ പിന്നെ അവർ(നിയമ നിർദേശം ലഭിച്ചപ്പോൾ) അവയെ നിഷേധിക്കുകയാണുണ്ടായത്. (5: 102, 103)*** മറ്റൊരു സ്ഥലത്ത് ആത്മീയമായ കാര്യങ്ങൾക്ക് നിയമവും ഭൗതിക കാര്യങ്ങൾക്ക് വിശാലമായ ഒരു വഴിയുമാണ് നൽകപ്പെട്ടിരിക്കുന്നത് എന്നാണ് വിശുദ്ധ ഖുർആൻ പറയുന്നത്. ***' നിങ്ങളിൽ നിന്നുള്ള എല്ലാ ഓരോരുത്തർക്കും വ്യക്തമായ ആത്മീയ നിയമവും (ശരീഅത്ത്) പ്രകടമായ ഭൗതിക മാർഗവും (മിൻഹാജ്) നാം നിശ്ചയിച്ചിരിക്കുന്നു.' (5:49)***

മനുഷ്യൻ നല്ലവനായി ജീവിക്കുന്നത് രാഷ്ട്രത്തിന്റെ ഭരണഘടനയുടെയും മറ്റു നിയമങ്ങളുടെയും കാർക്കശ്യം കൊണ്ടല്ല. ദൈവം മനുഷ്യ പ്രകൃതിയിൻ നിക്ഷേപിച്ചിരിക്കുന്ന സവിശേഷമായ ഒരു ഗുണം കൊണ്ടാണ്. ഖുർആൻ പറയുന്നു:

***'വിശ്വാസികളേ, ദൈവം സത്യ വിശ്വാസത്തെ നിങ്ങൾക്ക് പ്രിയങ്കരമാക്കുകയും അതിന്റെ സൗന്ദര്യത്തേയും സൗഭാഗ്യത്തെയും നിങ്ങളുടെ ഹൃദയത്തിൽ പതിപ്പിക്കുകയും അവിശ്വാസത്തെയും അധർമത്തെയും പാപത്തെയും കുറിച്ച് നിങ്ങൾക്ക് വിരക്തി ജനിപ്പിക്കുകയും ദോഷ മാർഗങ്ങളെ നിഷിദ്ധമാണെന്ന് നിങ്ങൾക്ക് ബോദ്ധ്യം വരുത്തുകയും ചെയ്തിരിക്കുന്നു.' (49:38,39)***

മാത്രമല്ല ചെയ്തുപോയ കുറ്റത്തേയും ദുഷ്കൃത്യത്തെയും കുറിച്ച് സ്വയം ശാസിക്കുന്ന ആത്മാവിനെക്കൊണ്ട് സത്യം ചെയ്യുന്നു. (75:3)

## ഇസ്‌ലാമും ബഹുസ്വരതയും

ഒരു രാഷ്ട്രം ഏകശിലാഘടനയുള്ള ദേശീയതയാണ് ആവശ്യപ്പെടുക. പ്രത്യേകിച്ച് മതരാഷ്ട്രം മത ദേശീയതക്ക് മുകളിലാണ് നിർമിക്കപ്പെടുക. സ്വന്തമല്ലാത്തതെല്ലാം പൈശാചികവും നിലനിൽപ്പിനർഹതയില്ലത്തതാണെന്നുമാണ് മത രാഷ്ട്ര വാദികളുടെയും ഫാസിസ്റ്റുകളുടെയും നിലപാട്. ഇസ്‌ലാം മത ദേശീയതയിലധിഷ്ഠിതമായ മത രാഷ്ട്രമാണ് ആഗ്രഹിക്കുന്നതെങ്കിൽ അന്യമത ങ്ങളുടെ അസ്തിത്വവും അതിന്റെ ദൈവികോദ്ഭവവും അംഗീകരിച്ചു കൊടുക്കില്ലായിരുന്നു. അഭ്യന്തരവും ബാഹ്യവുമായ ആശയ വൈവിധ്യങ്ങളോട് ഇസ്‌ലാം വെച്ചു പുലർത്തുന്ന ഉദാര മനോഭാവം നിസ്തുലമാണ്. ഖുർആൻ പറയുന്നു: ***'എല്ലാ ഓരോരുത്തരും അവരവരുടെ രീതിയനുസരിച്ച് പ്രവർത്തിക്കുന്നു. ഏറ്റവും നല്ല മാർഗത്തിൽ ആനയിക്കപ്പെടുന്നവർ ആരെന്ന് അല്ലാഹു നല്ലത് പോലെ അറിയുന്നു. ഓരോ സമുദായത്തിനും ഓരോ മർഗദർശകൻ വന്നുപോയിട്ടുണ്ട്.'*** (13:8) ***'അല്ലാഹുവിന്റെ ദൂതന്മാർക്കിടയിൽ ആർക്കിടയിലും ഞങ്ങൾ വ്യത്യാസം കൽപ്പിക്കുന്നില്ല.' (2:286)*** ഖുർആന്റെ അതിവിശാലവും ഉജ്ജ്വലവുമായ മറ്റൊരു വചനം കാണുക: ***'വിശ്വസിച്ചവരും യഹൂദരും സാബികളും ക്രിസ്ത്യാനികളും ആർ അല്ലാഹുവിലും അന്ത്യനാളിലും സൽപ്രവർത്തികൾ ചെയ്യുന്നതിലും വിശ്വസിക്കുന്നുവോ തീർച്ചയായും അവർക്ക് യാതൊരു ഭയവും ഉണ്ടാകുകയില്ല അവർ വ്യസനിക്കുകയുമില്ല.' (5:70)*** ഇതിലെ സാബി എന്ന പദം സെമിറ്റിക്കല്ലാത്ത മറ്റെല്ലാ ജനവിഭാഗങ്ങളെ പറ്റിയും വിശേഷിപ്പിക്കുന്ന ഒരു അറബി പദമാണ്. അല്ലാതെ അറേബ്യയിലുണ്ടായിരുന്ന സാബി മതമല്ല.

ഇങ്ങനെ ഇസ്‌ലാം മതത്തിന് പുറത്തുള്ളവരിലും സ്വാത്വികരും വ്യസനവും ദുഃഖവും ഉണ്ടാകുകയില്ലെന്ന് ദൈവം വാഗ്ദാനം ചെയ്തവരും ഉണ്ടെന്ന് പറഞ്ഞ് അവർക്ക് ആത്മീയ സാന്ത്വനമരുളുകയും ചെയ്യുന്നു. ഇസ്‌ലാമിന്റെ ഈ ബഹുസ്വര വീക്ഷണം ഒരു രാഷ്ട്രത്തെയല്ല പ്രതിനിധാനം ചെയ്യുന്നതെന്ന് വ്യക്തം.

## രാഷ്ട്രങ്ങൾ തകരുന്നു

മുന്നൂറ് വർഷങ്ങൾക്ക് മുമ്പ് രൂപം കൊണ്ട ദേശീയ രാഷ്ട്രങ്ങൾ അപ്രതിരോധ്യവും അനിവാര്യവുമായ മനുഷ്യന്റെ ഭൗതിക വളർച്ചക്ക് മുമ്പിൽ തകർച്ചയെ നേരിടുകയാണ്. മനുഷ്യ സമൂഹങ്ങളെ പരസ്പര ബന്ധമില്ലാത്ത ജലനിബദ്ധമായ കമ്പാർട്ടുമെന്റുകളിലെന്നപോലെ രാഷ്ട്രങ്ങളെ അതിന്റെ വൻ മതിലുകളിൽ ബന്ധിച്ചു നിർത്തിയിരിക്കുകയാണ്. ആ വൻ മതിലുകൾ പൊളിയുന്ന കാഴ്ച്ചയാണ് നാം കാണുന്നത്. അതിർത്തികളിൽ മുള്ള് വേലി കെട്ടിയും സായുധ സേനയെ വിന്യസിച്ചും തുറമുഖങ്ങളിൽ കർശനമായ കുടിയേറ്റ നിയമങ്ങൾ ഏർപ്പെടുത്തിയും ജനങ്ങളുടെ മേൽ പരമാധികാരം ചമഞ്ഞിരിക്കുന്ന രാഷ്ട്രങ്ങൾ ആധുനിക വിവര സാങ്കേതിക വിദ്യയും വാർത്താ വിനിമയ മാധ്യമങ്ങളും അതിവേഗ ഗതാഗതവും അന്തർ ദേശീയ കരാറുകളും സഹകരണങ്ങളും അതിർത്തികളെ ദുർബലപ്പെടുത്തി ഇല്ലാതാക്കി കൊണ്ടിരിക്കുകയാണ്. അങ്ങനെ പ്രവചിതമായ അന്തർ ദേശീയ മാനവ സമുഹം ഉടലെടുക്കുകയാണ്. ഖുർആൻ പറയുന്നു.

***'വിഭിന്ന ദേശീയരായ മനുഷ്യർ ഒരുമിച്ചുകൂടപ്പെടുമ്പോൾ' (81:8) 'എന്നാൽ നാം ഭൂമിയിൽ വന്ന് അതിന്റെ നാനാ ഭാഗത്ത് നിന്നും ചുരുക്കിക്കൊണ്ടു വരുന്നത് ഇവർ കാണുന്നില്ലേ? അപ്പോൾ അവരാണോ വിജയികൾ? '(21:45)***

വാർത്താ വിനിമയ മാധ്യമങ്ങൾ, വിവര സാങ്കേതിക വിദ്യ, ഇന്റർ നെറ്റ് എന്നിവ രാഷ്ട്രത്തിന്റെ അതിർത്തിയെ ദുർബലമാക്കി ജന സമുഹങ്ങളെ ഒന്നിപ്പിക്കുന്നു. ഒരുദാഹരണം നോക്കുക. അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്തിന് പാകിസ്താനിലെ സേച്ഛാധിപത്യം പ്രചാരണ സ്വാതന്ത്ര്യം അനുവദിക്കാതെ നിരോധനമേർപ്പെടുത്തുകയും അഹ്‌മദിയ്യാ ഖലീഫയെ പാകിസ്താൻ വിടാൻ നിർബന്ധിതനാക്കുകയും ചെയ്തു. എന്നാൽ *MTA* എന്ന ചാനലിലൂടെയും *www al Islam.org* എന്ന ഇന്റർനെറ്റ് സൈറ്റിലൂടെയും മത രാഷ് ട്രമായ പാകിസ്താന്റെ വ്യോമ മണ്ഡലത്തിലൂടെയും അത്പോലെ അഹ്‌മദിയ്യാ സാഹിത്യത്തിന് നിരോധനമേർപ്പെടുത്തിയ മതയാഥാസ്ഥിതികത്വത്തിന്റെ നെടു ങ്കോട്ടയായ സൗദി അറേബ്യയിലും അദൃശ്യ തരംഗങ്ങളായി ഓരോ വീടുകളിലും ഇന്ന് അഹ്‌മദിയ്യാ ഖലീഫക്ക് എത്താൻ കഴിയും. ഇവിടെ രാഷ്ട്രം പരാജയപ്പെടുകയും അഹ്‌മദിയ്യാ ഖലീഫ വിജയിക്കുകയും ചെയ്യുന്നു.

ഭാവിലോകത്തിന്റെ എല്ലാ പ്രശ്നങ്ങളും ലോക രാഷ്ട്രങ്ങൾ സഹകരിച്ചെങ്കിൽ മാത്രമേ പരിഹരിക്കപ്പെടുകയുള്ളൂ. പരമാധികാരങ്ങൾ പങ്കുവെച്ചും പരസ്പരം കരാറുകളിൽ ഏർപ്പെട്ടുകൊണ്ടും മാത്രമേ ലോക വികസനം ഇനി സാധ്യമാവുകയുള്ളൂ. ഉദാഹരണത്തിന് ആഗോള താപനത്തിന്

കാരണമാകുന്ന മലീനീകരണ വാതകം ഒരു രാജ്യം ഉദ്പാദിപ്പിച്ചാൽ അതിന്റെ പ്രത്യാഘാതങ്ങൾ ലോകം മുഴുവനും അനുഭവിക്കുന്നു. ഒരു രാജ്യത്തെ സമാധാനാവശ്യങ്ങൾക്ക് വേണ്ടിയുള്ള ന്യൂക്ലിയർ റിയാക്ടർ പൊട്ടി ത്തെറിച്ചാൽ മറ്റു രാജ്യങ്ങളിലും അതിന്റെ അണു പ്രസരമേൽക്കുന്നു. ഞൊടിയിടക്കുള്ളിൽ രാജ്യതിർത്തി കടക്കുന്ന മിസൈലുകൾ ഒരു രാജ്യം നിർമിക്കുമ്പോഴും ന്യൂക്ലിയർ പരീക്ഷണങ്ങൾ നടത്തുമ്പോഴും മറ്റുരാജ്യങ്ങൾക്കും ആശങ്കയുണ്ടാക്കുന്നു. അതുപോലെ ഈയടുത്തകാലത്ത് വാർത്താ പ്രാധാന്യം നേടിയ രോഗാണുവാഹികളായ പക്ഷികളുടെ ദേശാന്തഗമനവും സുനാമി പോലെയുള്ള പ്രകൃതി ദുരന്തങ്ങളെ നേരിടാനും മുന്നറിയിപ്പ് നൽകാനും ആഗോള സഹകരണത്തിന് നിർബന്ധിതമാക്കുന്ന ഭൗതിക സാഹചര്യങ്ങളാണുള്ളത്.

കോർപറേറ്റ് മുതലാളിത്തവും അമേരിക്കയും മറ്റ് സാമ്രാജ്യ ശക്തികളും ചേർന്ന് നടപ്പാക്കുന്ന ആഗോളീകരണം (*Globalisation*) അന്തർ ദേശീയ സമൂഹത്തിന്റെ രുപീകരണമായി നാം തെറ്റിദ്ധരിക്കരുത്. ശാസ്ത്ര സാങ്കേതിക ശക്തികൾ ഉപയോഗിച്ച് മുലധന മിറക്കി ദരിദ്ര ലോകത്തെ ചൂഷണം ചെയ്യുകയാണ് അവർ ചെയ്യുന്നത്. ഇത് മഹാന്മാർ സ്വപ്നം കണ്ട ഏക ലോകത്തിന്റെയും അന്തർദേശീയതയുടെയും തത്ത്വങ്ങൾക്കെതിരാണ്. ഇവരുടെ ആഗോളീകരണം നാശത്തിലേക്കുള്ള വഴിയാണ് എന്നതിനെ പറ്റി ഖുർആൻ സൂചിപ്പിക്കുന്നു: ***'അന്ന് അവരിൽ ചിലർ മറ്റു ചിലർക്കെതിരെ തിരമാലകൾ കണക്കെ അടിച്ചു കയറുന്നവരായി നാം വിടപ്പെടുന്നതാണ്. കാഹളത്തിൽ ഊതപ്പെടുകയും എന്നിട്ട് നാം അവരെയെല്ലാം ഒരുമിച്ച്കൂട്ടുകയും ചെയ്യും.'*** *(18:100)*

അന്തർദേശീയമായി ഏക ലോകം സൃഷ്ടിക്കാനുള്ള വേദിയായി മനുഷ്യസ്നേഹികൾ സ്വപ്നം കണ്ടിരുന്ന ഐക്യരാഷ്ട്ര സഭ ഇന്ന് സാമ്രാജ്യത്വ ചൂഷണത്തിന്റെയും ഒളിയജണ്ടകളുടെയും രംഗവേദിയാണ്. എങ്കിലും കഴിഞ്ഞ ദശാബ്ദങ്ങളിൽ ലോകത്ത് രാഷ്ട്രങ്ങളുടെ വൻ മതിലുകൾ പൊളിയുകയും ചിലത് ഉയരുകയും ചെയ്തിരിക്കുന്നു. ബർലിൻ മതിലിന്റെ തകർച്ചയും രണ്ട് ജർമ്മനികളുടെ സംയോജന വുമാണത്. സോവിയറ്റ് യൂണിയന്റെ ഇരുമ്പുമറയും ഹങ്കറിയും തകർന്ന് നിരവധി രാഷ്ട്രങ്ങളും രുപംകൊണ്ടു. രാഷ്ട്രങ്ങളുടെ പൊളിച്ചെഴുത്തും പുനർനിർമാണവും നടക്കുന്നുവെങ്കിലും രാഷ്ട്ര ശക്തി നാൾക്കുനാൾ ദുർബലമാവുകയാണ്. സ്വന്തം പരമാധികാരം മറ്റുള്ള രാഷ്ട്രങ്ങളു മായി പങ്കുവെച്ച് പ്രാദേശികവും മേഖലാപരവുമായ ഉദ്ഗ്രഥന സംരംഭങ്ങൾ അവിരാമം തുടരുന്നു. യൂറോപ്യൻ യൂണിയനും സാർക്ക്, ആസിയാ രാജ്യങ്ങൾ മുതലായ മേഖലാ രാജ്യ സഖ്യങ്ങൾ ഉദാഹര ണം. വാർത്താ വിനിമയങ്ങൾ ക്കൊപ്പം വികസിക്കുന്ന ആശയ വിനിമയങ്ങളും അന്തർ ദേശീയ വ്യാപാരവും മനുഷ്യ സമൂഹങ്ങളെ രാജ്യാതിർത്തികൾ വിട്ട് ഒന്നിപ്പിക്കു ന്നു. അങ്ങനെ രാഷ്ട്രങ്ങളെ അപ്രസക്തമാക്കിക്കൊണ്ട് ആഗോള ഗ്രാമം അഥവാ അന്തർ ദേശീയ മനുഷ്യ സമൂഹം രൂപം കൊള്ളുകയാണ്.

വാസ്തവത്തിൽ അല്ലാഹു ഉദ്ദേശിക്കുന്ന ഒരു ആഗോള സമൂഹത്തിന്റെ ഘടനാ പരമായ നിർമിതിയാണ് ഈ ആഗോള ചലനങ്ങളിൽ ദൃശ്യമാവുന്നത്. അല്ലാഹു പറയുന്നു: ***'നിങ്ങളുടെ സമുദായമാകുന്നു ഒരേയൊരു സമുദായം (ഉമ്മത്തെ വാഹിദ:) ഞാൻ നിങ്ങളുടെ നാഥനുമാകുന്നു. അതിനാൽ നിങ്ങൾ എന്നെ രക്ഷാ കേന്ദ്രമാക്കുവിൻ.'*** *(23: 53)*

## അഹ്മദിയ്യാ ഖിലാഫത്ത് ഒരു ആഗോള ഇസ്‌ലാമിക സമൂഹം

എല്ലാ അർഥത്തിലും ആഗോളസമൂഹം രൂപപ്പെട്ടു വരുന്ന ആധുനിക കാലഘട്ടത്തിൽ ഖൈറുൽ ഉമ്മത്ത് എന്ന് അല്ലാഹു വിശേഷിപ്പിച്ച റസുൽ തിരുമേനി (സ)യുടെ മുസ്‌ലിം സമുഹത്തിന്റെ പ്രാതിനി ധ്യം വഹിച്ചു കൊണ്ട് ഒരു ആഗോള മുസ്‌ലിം സമൂഹമായി അഹ്മദിയ്യാ ജമാഅത്ത് വളരുകയാണ്. രാഷ്ട്ര അതിർത്തികളെ ഭേദിച്ച് വളരുന്ന അഹ്മദിയ്യാ ഖിലാഫത്താണ് പ്രവചിതമായ ആഗോള മുസ്‌ലിം സമൂഹം. അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹദ്റത്ത് അഹ്മദി (അ)ന്റെ ആഗമനം റസുൽ തിരുമേനി (സ)യുടെ പ്രവചന പ്രകാരമുള്ള മഹ്ദിയുടെയും മസീഹിന്റെയും നിയോഗമായിരുന്നു. ഇസ്‌ലാമിന്റെ ആഗോള വിജയവുമായി ബന്ധപ്പെട്ടതാണ് ആ നിയോഗം. അദ്ദേഹത്താൽ പുനസ്ഥാപിക്കപ്പെട്ട ഇസ്‌ലാമിക ഖിലാഫത്ത് ഒരു രാഷ്ട്ര ഭരണ നേതൃത്വമോ മറ്റു ഭൗതിക ലക്ഷ്യങ്ങളുള്ള സംവിധാനമോ അല്ല. ഇസ്‌ലാംമത സംസ്കാരിക ഭാവങ്ങൾ വർണം നൽകുകയും ഭൗതിക സങ്കേതങ്ങളാൽ സംയോജിപ്പിക്കപ്പെടുകയും ചെയ്ത ഒരു ആത്മീയ സ്മൂഹമാണ്. റസൂൽ തിരുമേനി(സ)യുടെ വിനീത ശിഷ്യനായി അല്ലാഹു നിയോഗിച്ച അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സ്ഥാപകൻ ഹദ്റത്ത് അഹ്മദ് (അ) പറയുകയുണ്ടായി: **'ഈ പ്രസ്ഥാനം ശക്തി മത്തായ നിലയിൽ വളരുകയും കായ്ക്കുകയും ചെയ്യും. അങ്ങനെ ഭൂമിയിൽ മുഴുവൻ അത് പടർന്നു വരും...... ദൈവം എന്നെ അഭിസംബോധന ചെയ്തു പറഞ്ഞിരിക്കുന്നു: രാജാക്കന്മാർ പോലും നിന്റെ വസ്ത്രത്തിൽ നിന്ന് അനുഗ്രഹം തേടുമാറ് ഞാൻ നിനക്ക് അനുഗ്രത്തിന് മേൽ അനുഗ്രഹം നൽകും' (തജല്ലിയാത്തെ ഇലാഹിയ്യ)**

# സ്വർഗനരകങ്ങൾ ഇസ്‌ലാമിലും മറ്റു മതങ്ങളിലും

എല്ലാ മത–വിശ്വാസങ്ങളിലും സ്വർഗ നരകങ്ങളെപ്പറ്റി പൊതുവായ ചില സങ്കല്പങ്ങളുണ്ട്

ഫസ്ൽ അഹ്മദ്

വിശുദ്ധഖുർആനിൽ സ്വർഗനരകങ്ങളെ സംബന്ധിച്ചും മനുഷ്യന്റെ ഭൗതികാവസ്ഥയിൽ നിന്നും ആത്മീയാവസ്ഥയിലേക്കുള്ള പരിണാമത്തെക്കുറിച്ചും വിശദമായ വിവരണമുണ്ട്. മതപ്രമാണങ്ങളിലുള്ള ഏറ്റവും വിശദമായ വിവരണം ഒരുപക്ഷേ ഖുർആനിലുള്ളതായിരിക്കാം. താഴെ കൊടുത്ത ഖുർആനിക സൂക്തങ്ങൾ അടിസ്ഥാനപരമായ വീക്ഷണത്തിന്റെ ഉദാഹരണങ്ങളാണ്.

"എന്നാൽ ദൗർഭാഗ്യവാന്മാരാവട്ടെ അവർ തീയിലായിരിക്കും. അവർക്ക് അവിടെ നെടുവീർപ്പും തേങ്ങിക്കരച്ചിലുമാണ് ഉണ്ടായിരിക്കുക.

ആകാശങ്ങളും ഭൂമിയും നിലനിൽക്കുന്ന കാലത്തോളം അവർ അതിൽ നിവസിക്കുന്നവരായിരിക്കും. നിന്റെ നാഥൻ ഉദ്ദേശിക്കുന്ന കാലം ഒഴിച്ച്. നിന്റെ നാഥൻ അവനുദ്ദേശിക്കുന്നതെന്തും പ്രവർത്തിക്കുന്നവൻ തന്നെയാണ്.

എന്നാൽ സൗഭാഗ്യം പ്രാപിച്ചവരാവട്ടെ, അവർ സ്വർഗത്തിലായിരിക്കും. ആകാശങ്ങളും ഭൂമിയും നിലനിൽക്കുന്ന കാലത്തോളം അവർ അതിൽ പാർക്കുന്നവരായിരിക്കും. നിന്റെ നാഥനുദ്ദേശിക്കുന്ന (കാല)മൊഴിച്ച്. നിരന്തരം ലഭിച്ചുകൊണ്ടിരിക്കുന്ന സമ്മാനമായി (അവർക്കതുണ്ടാകും)" *(സൂറ ഹൂദ്: 107–109)*

നരകത്തിന്റെ ദൈർഘ്യം പരിമിതമായിരിക്കുമെന്ന കാര്യം ശ്രദ്ധേയമാണ്. ദൈവേച്ഛക്ക് വിധേയമായിരിക്കും അതിന്റെ കാലപരിധി. അങ്ങനെ നോക്കുമ്പോൾ നരകത്തിൽ പ്രവേശിക്കുന്നതോടെ ശാശ്വതമായ നാശമാണ് എന്ന് ഇതിനർഥമില്ല. ആത്മാവിനെ ശുദ്ധീകരിക്കുന്ന പ്രക്രിയ ആരംഭിക്കുന്നത് മുതൽ സ്വർഗപ്രവേശനത്തിന് സന്നദ്ധമാകുന്നത് വരെയുള്ള കാലമായിരിക്കും അത്. നരകം ഒരു ചികിത്സാപ്രക്രിയയോ താൽക്കാലികമോ അല്ലെന്ന് ചിത്രീകരിക്കുന്ന മറ്റു മതങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു വീക്ഷണമാണിത്.

മരണത്തിനും വിധിന്യായദിവസത്തിനും ഇടയിൽ എന്ത് സംഭവിക്കുന്നു എന്ന ഒരു ചെറിയ കാര്യവും ഉണ്ട്. അതിന് ശേഷം ആത്മാവ് സ്വർഗത്തിലോ നരകത്തിലോ പ്രവേശിക്കുന്നു.

ഇസ്‌ലാമിക തത്വശാസ്ത്രമനുസരിച്ച് ആത്മാവ് ശരീരത്തിൽ നിന്ന് വേർപെട്ട് അടുത്ത ഘട്ടത്തിൽ പ്രവേശിക്കുന്നു. പക്ഷേ ഇത് പെട്ടെന്ന് സംഭവിക്കുന്നില്ല. ഭൗതികലോകവുമായി വളരെയധികം ഒട്ടിച്ചേർന്ന ഒരു വ്യക്തിയുടെ കാര്യത്തിൽ ചിലപ്പോൾ അനേകം ദിവസങ്ങൾ കഴിയേണ്ടി വരും. എന്നാൽ തന്റെ സ്രഷ്ടാവിനു വേണ്ടി എല്ലാം ത്യാഗം ചെയ്ത ഒരു ആത്മീയ മനുഷ്യന്റെ കാര്യത്തിൽ ആത്മാവ് ശരീരത്തെ കൈവെടിയുന്നത് താരതമ്യേന വേഗത്തിലായിരിക്കും. എന്നാലും അത് പെട്ടെന്നുണ്ടാവില്ല. (ഒരു പ്രവാചകന്റെ കാര്യത്തിൽ ഇത് തന്നെയാണ് സംഭവിക്കുക)

വിധിന്യായ ദിവസം ഒരു മനുഷ്യന് തന്റെ ഭൗതികജീവിതത്തിലെ പ്രവൃത്തികൾ ഗോപ്യമാക്കി വെക്കാൻ സാദ്ധ്യമല്ല. എന്തെന്നാൽ അയാളുടെ പ്രവൃത്തികളെക്കുറിച്ച് ശരീരം തന്നെ സാക്ഷ്യം വഹിക്കുന്നു.

താഴെക്കൊടുത്ത ഖുർആൻ സൂക്തങ്ങൾ ഇക്കാര്യം വിവരിക്കുന്നു.

"അല്ലാഹുവിന്റെ ശത്രുക്കളെ ഒരുമിച്ചു കൂട്ടി നരകത്തിലേക്ക് നയിക്കുകയും അങ്ങനെ അവരെ വിവിധ വിഭാഗങ്ങളായി തിരിച്ച് കൊണ്ടുപോകുകയും ചെയ്യുന്ന നാളിൽ. അങ്ങനെ അവർ അതിന്റെ സമീപത്ത് എത്തിക്കഴിഞ്ഞാൽ അവരുടെ കാതുകളും കണ്ണുകളും അവരുടെ ചർമങ്ങളും അവർ പ്രവർത്തിച്ചുകൊണ്ടിരുന്ന ചെയ്തികളെ സംബന്ധിച്ച് അവർക്കെതിരിൽ സാക്ഷി പറയുന്നതാണ്. അവർ തങ്ങളുടെ ചർമങ്ങളോട് ചോദിക്കും. 'നിങ്ങളെന്തിനാണ് ഞങ്ങൾക്കെതിരിൽ സാക്ഷി പറയുന്നത്.?" ആ

ചർമങ്ങൾ പറയും "സർവ വസ്തുക്കളെയും സംസാരിപ്പിച്ച അല്ലാഹു ഞങ്ങളെയും സംസാരിപ്പിക്കുന്നു. അവനാണ് ആദ്യതവണ നിങ്ങളെ സൃഷ്ടിച്ചത്. അവനിലേക്ക് തന്നെ നിങ്ങൾ തിരിച്ചു കൊണ്ടുപോകപ്പെടുന്നതുമാണ്. (നിങ്ങൾ പാപം ചെയ്യുമ്പോൾ) നിങ്ങളുടെ കാതുകളോ കണ്ണുകളോ ചർമങ്ങളോ നിങ്ങൾക്കെതിരിൽ സാക്ഷി പറയാതിരിക്കാൻ നിങ്ങൾ (അവയിൽ നിന്ന്) സ്വയം മറഞ്ഞു നിൽക്കുന്നവരായിരുന്നില്ല, പക്ഷേ നിങ്ങൾ പ്രവർത്തിക്കുന്നതിൽ പലതും അല്ലാഹു അറിയുന്നില്ലെന്ന് നിങ്ങൾ ധരിച്ചു (സൂറ ഹാമീം സജദ 20-23)

ന്യായപൂർണമായ വിചാരണക്ക് ശേഷം ആത്മാവിന്റെ അവസ്ഥയുടെയും ആവശ്യങ്ങളുടെയും അടിസ്ഥാനത്തിൽ വിധി കൽപ്പിക്കപ്പെടുന്നു എന്ന് വളരെ വ്യക്തമായി കാണാൻ സാധിക്കുന്നു.

അതിനാൽ മനുഷ്യന്റെ മരണശേഷമുള്ള അവസ്ഥയെക്കുറിച്ചുള്ള അടിസ്ഥാനപരമായ അറിവ് ഇതാണ്. ഈ സംഭവങ്ങൾ ജീവിക്കുന്ന മനുഷ്യന് ഫലപ്രദമായ അതിർത്തികൾ നിർണയിക്കപ്പെടാത്തതാണെന്ന് വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും. എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് മുന്നറിവു കൊണ്ടോ അനുഭവം കൊണ്ടോ അത്തരം ഒരു പദ്ധതി അനുഭവഗോചരമാണ് എന്നത് ജീവിക്കുന്ന മനുഷ്യനെ സംബന്ധിച്ചിടത്തോളം വിഷമകരമാണ്. ലോകത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ വ്യത്യസ്ത സമയങ്ങളിൽ പരസ്പരം ബന്ധപ്പെട്ടു കഴിയാത്ത വ്യക്തികൾക്ക് ഇത്തരമൊരു പദ്ധതി സ്വതന്ത്രമായി കെട്ടിച്ചമക്കാൻ കഴിയുകയെന്നത് അതിനേക്കാളേറെ അസാദ്ധ്യമാണ്. ലോകത്തെങ്ങുമുള്ള പൗരാണികമായ വിവരങ്ങൾ നമുക്ക് മുമ്പിൽ വെക്കുന്ന മരണാനന്തരാവസ്ഥയെ സംബന്ധിച്ച് പരിശോധിക്കാം.

## പുരാണം

പുരാണങ്ങൾ ചർച്ച ചെയ്യപ്പെടുമ്പോൾ ഇപ്പോഴും വേർതിരിച്ചെടുക്കാൻ കഴിയാത്ത നിരവധി വസ്തുതകൾ അതിനെ ആവരണം ചെയ്തതായി കാണാം. പലപ്പോഴും അത്തരം പാരമ്പര്യവിശ്വാസങ്ങൾ വെച്ചു പുലർത്തുന്നതും അവ ഭാവി തലമുറയിലേക്ക് കൈമാറുന്നതും ലിഖിതരൂപത്തിലല്ല, വായ്മൊഴി മുഖേനയാണ്. ഇന്ത്യയിൽ ഹിന്ദുവേദങ്ങൾ പോലെ ചിലപ്പോൾ അവ ലിഖിതരൂപത്തിൽ നിലനിൽക്കുന്നു.

ലോകത്തെങ്ങുമുള്ള സംസ്കാരങ്ങളിൽ നിന്നും ഗോത്രങ്ങളിൽ നിന്നും വിവരങ്ങൾ രേഖപ്പെടുത്താൻ വളരെയധികം ഗവേഷണങ്ങൾ നടത്തപ്പെട്ടിട്ടുണ്ട്. പൊതുവായ ധാരണയിലെത്താൻ ഈ വിവരങ്ങൾ താരതമ്യപഠനത്തിന് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. മതതാരതമ്യപഠനങ്ങൾക്ക് പുതിയ മാനങ്ങൾ കണ്ടെത്താൻ ജോസഫ് കാമ്പൽ, മിർസിയ ഇല്ല്യാസ് എന്നീ പണ്ഡിതന്മാർ നടത്തിയ ശ്രമങ്ങൾ സൽഫലമുളവാക്കിയിട്ടുണ്ട്. മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള പൗരാണിക വിവരണങ്ങളുടെ ഈ പഠന സംഗ്രഹം എല്ലാം ഉൾക്കൊള്ളുവാൻ ഉദ്ദേശിക്കപ്പെട്ടതല്ല.

ഈ വിഷയകമായി പൗരാണികമായ എല്ലാ വിവരങ്ങളും അത് ഉൾക്കൊള്ളണമെന്നില്ല. ഒരു മത ചർച്ചയിൽ അതെല്ലാം പുരാണകഥകൾ എന്ന് പറഞ്ഞ് തള്ളിക്കളയപ്പെടില്ല. അത് പൗരാണിക മതങ്ങളെ സംബന്ധിച്ച് വളരെ വിലപ്പെട്ട വിവരങ്ങൾ നൽകുന്നുണ്ട്.

വ്യത്യസ്തമായ വിവരണങ്ങൾ താരതമ്യപ്പെടുത്തുമ്പോൾ ശ്രദ്ധിക്കേണ്ട ഒരു പ്രധാനകാര്യം അവ ബി. സി. 3000 മുതൽ ആധുനിക കാലം വരെ വിശാലമായ ഒരു കാലം ഉൾ ക്കൊള്ളുന്നുവെന്നതാണ്. കാലപ്പഴക്കം കൊണ്ട് ബൈബിൾ പോലെയുള്ള ഗ്രന്ഥങ്ങളിൽ കൃത്യതയില്ലായ്മ വന്നെങ്കിൽ വായ്മൊഴിയായുള്ള പാരമ്പര്യ അധ്യാപനങ്ങളിൽ താരതമ്യേന കലർപ്പുകൾ ചേർന്നിട്ടുണ്ടാകുമെന്ന് സുനിശ്ചിതമാണ്. എങ്കിലും ആ വിവരണങ്ങളിൽ അധ്യാപനങ്ങളുടെയും കഥകളുടെയും അന്തസ്സത്ത ഉണ്ട്. യഥാർഥമായ അധ്യാപനം എന്തായിരിക്കണം എന്നതിന്റെ സൂചനയും അതിൽ കാണാം. അങ്ങനെയുള്ള വിവരണങ്ങൾ കൂടുതൽ പഠന വിധേയമാക്കിയാൽ അതുല്യമായ പൊതു സന്ദേശം അവ ഉൾക്കൊള്ളുന്നതായിക്കാണാം.

## ആത്മാവിന്റെ യാത്ര

ആത്മാവിനെ മനസ്സിലാക്കുകയെന്നതാണ് പ്രഥമപ്രശ്നം. മനുഷ്യൻ തന്റെ ദൈനംദിന ജീവിതത്തിൽ കാര്യങ്ങൾ അറിയാൻ പഞ്ചേന്ദ്രിയങ്ങളും ശാരീരികമായ പ്രവർത്തനങ്ങളും ഉപയോഗപ്പെടുത്തുന്നു. എന്തെന്നാൽ അവ വളരെ എളുപ്പത്തിൽ ഗ്രാഹ്യമാണ്. ശരീരത്തിന് സമാന്തരമായി നിലകൊള്ളുന്ന ആത്മാവിനെക്കുറിച്ചുള്ള സൈദ്ധാന്തിക ധാരണ പുരാതനസംസ്കാരങ്ങളിൽ വളരെ കുറഞ്ഞ നിലയിലാണ്, പ്രത്യേകിച്ചും മതപരമായ ധാരണകൾ വേണ്ടത്ര പക്വമാവാത്ത പുരാതനമതങ്ങളിൽ. എങ്കിലും മരണാനന്തരാവസ്ഥയെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ പൊതുവായ ശരീരത്തെ സംബന്ധിച്ചല്ല ആത്മാവിനെക്കുറിച്ചാണ് ചർച്ച. ആത്മാവ് വിദൂരമായ സ്ഥലത്തേക്ക് ആവാഹിക്കപ്പെടുന്നു, നശ്വരതയുടെ കൈയ്യെത്താത്തിടത്തേക്ക്.

ജർമൻ നാടോടിക്കഥകളിൽ ഒരു നിഴൽ അഥവാ 'ഡോപ്പൽ ഗാൻഗർ' (doppel ganger) ഉണ്ട്. അതിന് ശരീരത്തിൽ നിന്ന് വിദൂരമായി പ്രത്യക്ഷപ്പെടാൻ കഴിയുന്നു. ആഫ്രിക്കക്കാരുടെ വിശ്വാസപ്രകാരം ആത്മാവിനെ അഥവാ നിഴലിനെ ആക്രമിക്കാൻ സാധിക്കും. ഇതിന്റെ ഫലമായി ശരിക്കും ശരീരത്തിന് തന്നെ ക്ഷതം വരുത്താൻ സാധ്യമാകും. കുപ്രസിദ്ധമായ അടിമക്കച്ചവടത്തിലൂടെ ഈ ആശയം

അമേരിക്കയിലെത്തി. അവിടെ 'വുദൂ' (Vodoo) സമ്പ്രദായം നില വിൽ വന്നു. അതിൽ വ്യക്തിയുടെ ഒരു കോലമുണ്ടാക്കി അതിനെ സൂചി കൊണ്ടും മറ്റായുധങ്ങൾ കൊണ്ടും ആക്രമിക്കുന്നു. അത് മുഖേന യാഥാർഥവ്യക്തിക്ക് മരണം അല്ലെങ്കിൽ ഗുരുതരമായ പരിക്ക് ഉണ്ടാക്കാൻ കഴിയുമെന്ന് അവർ വിശ്വസിക്കുന്നു.

മറ്റു ചില സംസ്കാരങ്ങളിൽ ആത്മാവ് മനുഷ്യന്റെ തലയിൽ സ്ഥിതി ചെയ്യുന്നു. ഒരാളുടെ തല യെടുക്കുന്നത് വഴി അയാളുടെ ആത്മാവിന്റെ അനന്തരാവകാശം കിട്ടുന്നു എന്നാണ് വിശ്വാസം. അതുകൊണ്ടാണ് പോളിനേഷ്യ യിലും ആഫ്രിക്കയിലെ ചില സ്ഥല ങ്ങളിലും തല വെട്ടുന്ന സമ്പ്രദായം വന്നത്.

എന്നിരിക്കിലും പല ആചാരങ്ങ ളിലും പൊതുവായ ഒരു ധാരണയു ണ്ട്. അതായത് ആത്മാവ് ജീവിതകാ ലത്ത് ശരീരത്തോടൊപ്പം വസിക്കു ന്നത് കൊണ്ടു തന്നെ ആത്മാവ് ഭൂത കാല സ്വഭാവത്തിന്റെ രേഖയുമായി പരലോകത്തെത്തുന്നു.

ആഫ്രിക്കയിലെ ചില വിശ്വാസ പ്രകാരം കുറേക്കാലത്തിനുശേഷം ആത്മാവ് അധോലോകത്ത് നിന്ന് മടങ്ങിവരുന്നു. പുനർജനിക്കാൻ, ആത്മാവ് അതിന്റെ അടുത്ത ഘട്ട ത്തിലെത്തുന്നതിന് കുറച്ച് കാലതാമസമുണ്ട് എന്നത് രസാവ ഹമാണ്. അത് ഇസ്‌ലാമിൽ വിവരി ക്കപ്പെട്ടപോലെ തന്നെയാണ്.

## വിധിന്യായ ദിനം

വിധിന്യായദിനത്തെക്കുറി ച്ചുള്ള വിശ്വാസം ഈജിപ്ഷ്യൻ പുരാണങ്ങളിൽ പൊതുവാണ്. അധോലോക ദൈവമായ ഒസിറി സന്റെ സിംഹാസനമുറിയിലേക്ക് ആത്മാവ് എടുക്കപ്പെടുന്നു. അവിടെ നാല്പത്തിരണ്ട് ജഡ്ജിമാർ അവയെ പരിശോധിക്കുന്നു. പാപി കളെ ഒരു ഭീകരജന്തു ഭക്ഷിക്കുന്നു. സജ്ജനങ്ങൾ ദൈവവുമായി കൂടി ച്ചേർന്ന് ആശയക്കുഴപ്പത്തിന്റെ പാമ്പായ അപാപി (Apap) നെതിരെ യുള്ള നിരന്തര സമരത്തിൽ പങ്കെ ടുക്കുന്നു. പുരാതന ഈജിപ്തുകാ രുടെ ദൈനംദിന ജീവിതത്തിൽ ഈ വിധിന്യായ ദിവസത്തിനും അതിനു ശേഷം മരണാനന്തര ജീവിതത്തി നുമുള്ള പങ്കിന്റെ സ്വാധീനം രസാ വഹമാണ്. സത്യത്തിന്റ പ്രതീക മായ മാതിന്റെ തുവലുമായി ഓരോ വ്യക്തിയുടെയും ആത്മാവ് തൂക്കി നോക്കപ്പെടുന്നു. ഈ തൂക്കത്തിന്റെ താരതമ്യത്തിന്റെ അടിസ്ഥാ നത്തിലാണ് വിധി നിർണയിക്കപ്പെ ടുന്നത്. വിശുദ്ധഖുർആനിൽ വിശ ദമായി വിവരിക്കപ്പെട്ട ആത്മാവിന്റെ നന്മ തിന്മകളെ പരിശോധിക്കുന്ന വിവരണവുമായി ഇതിന് വ്യക്ത മായ സാമ്യതയുണ്ട്. സാത്വികരായി ജീവിക്കാനുള്ള പ്രേരണ ഈ വിചാ രണയെക്കുറിച്ചുള്ള ഭയം ഈജി പ്തുകാരിലുണ്ടാക്കുന്നു. ഏക ദേശം 3600 ബി സിയിൽ മെൻകൗറ (Men Kau Ra) ഭരണകാലത്തു തന്നെ വിധിന്യായത്തെപ്പറ്റി വിശദ മായി വിവരിക്കപ്പെടുകയും ചർച്ച ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്. അമൻ ടെറ്റിന്റെ നാഥനായ (The Lord of Amentet) മഹാനായ ദൈവത്തിന്റെ വിധി ന്യായദിവ സത്തെ അതിജീവിക്കുവാൻ പരേ താത്മാക്കളെ സഹായിക്കാൻ ഉപ യോഗിച്ചിരുന്ന ലിഖിതങ്ങൾ ഇരുമ്പ് ഫലകങ്ങളിൽ രേഖപ്പെടുത്തിയ തായി കണ്ടെത്തിയിട്ടുണ്ട്. ഒരു സാമുദായികമായ പ്രവൃത്തി എന്ന തിലുപരി വിധിന്യായം നടത്തിയിരു ന്നത് ഓരോ വ്യക്തിക്കും വേണ്ടിയാ യിരുന്നു.

സ്വഭാവത്തിന്റെ വ്യത്യസ്ത വശങ്ങളിൽ തീരുമാനം കല്പി ക്കുന്ന നാല്പത്തിരണ്ടു കീഴ് ദൈവ ങ്ങൾക്ക് മുമ്പിൽ പരേതർ കുറ്റസ മ്മതം നടത്തേണ്ടിയിരുന്നു. വിധി യുടെ ഭാഗമായി വ്യത്യസ്ത പാപ ങ്ങളൊന്നും താൻ ചെയ്തിട്ടില്ലെന്ന് പരേതൻ പ്രഖ്യാപിക്കണമായിരുന്നു. ഈ ലിഖിതത്തിന്റെ ഭാഗം പാപിറസ് വിവരിക്കുന്നതിന്റെ ഒരു ചുരുക്ക മിതാ.

ഖരേരെഫിൽ നിന്ന് വരുന്ന ഹയ്ൽ ആം ഖയിഖിത്തു, ഞാൻ മോഷണം നടത്തിയിട്ടില്ല.

സുതൻ ഹെനനിൽ നിന്ന് വരുന്ന ഹെയ്ൽ സെത് ഖെസ്, ഞാൻ വ്യാജം ഉച്ചരിച്ചിട്ടില്ല.

രണ്ടു മാതിയുടെ നഗര ത്തിൽ നിന്ന് വരുന്ന ഹെയ്ൽ നെബ് മാത്, ഞാൻ കുഴപ്പമുണ്ടാക്കാ നുള്ള കാര്യങ്ങളിലൊന്നും ഏർപ്പെ ട്ടിട്ടില്ല.

അപ്രകാരം പുരാതന ഈജിപ് തുകാരൻ സമ്മതിക്കേണ്ടി യിരുന്നു, താൻ മോഷണം, കൊല, വ്യഭിചാരം, സ്വവർഗരതി, എന്നിവ നടത്തിയിട്ടില്ലെന്ന്. താൻ അഹംഭാ വിയോ, അത്യാർത്തിയുള്ളവനോ, അക്രമാസക്തനോ, ധൃതിപിടിപ്പെട്ടവ നോ, കാപട്യക്കാരനോ, എന്തിന് പൊതു ജലപാതയിൽ വിഘ്നം വരുത്തിയില്ലെന്ന് പോലും സമ്മതി ക്കേണ്ടിയിരുന്നു. അത്തരം വിശദ മായ പാപങ്ങളുടെ വിവരണം പുരാ തന ഈജിപ്തുകാർ മനസ്സിലാക്കി യിരുന്നു. പരേതൻ തന്റെ ഹൃദ യത്തെ 'കാ' യുമായി അതായത് ഇരട്ടയുമായി ബന്ധിച്ചിരുന്നു. ശരീ രത്തിലെ പ്രധാന അവയവങ്ങളെ ഭരിക്കുന്ന മെസ്ത, ഹാഖി, തുആമു ട്ടെഫ്, ഖെബ്സെനുഫ് തുടങ്ങിയ വരെ അഭിസംബോധന ചെയ്തി രുന്നു. ഇത് മനസ്സിലാക്കിത്തരുന്നത് തങ്ങളുടെ പ്രവർത്തനങ്ങൾക്ക് കണക്കു ബോധിപ്പിക്കാൻ ശരീര ങ്ങൾ വിളിക്കപ്പെടുന്നുവെന്ന് ഈജ്പിതുകാർ വിശ്വസിച്ചിരുന്നു വെന്നാണ്.

## പരലോകത്തിന്റെ സ്ഥാനം

സ്വർഗത്തിന്റെ അല്ലെങ്കിൽ നരകത്തിന്റെ സ്ഥാനം വളരെ വിദൂ രമാണ്. ഭൂമിയിലെ ജനങ്ങൾക്ക് അപ്രാപ്യമാണ്. അല്ലായിരുന്നുവെ ങ്കിൽ ജീവിതകാലത്തു തന്നെ ഈ സ്ഥലത്തെത്താൻ അവർ പരിശ്രമി ക്കുമായിരുന്നു. സ്വർഗം ആകാശ ങ്ങളും അതിന്റെ ചുറ്റുമുള്ളതും

മനുഷ്യർക്ക് അപ്രാപ്യവും ദൈവം അഥവാ ദൈവങ്ങൾ വസിക്കുന്നിടവുമാണ്.

ജപ്പാനിലെ പുരാണങ്ങളിൽ പരലോകമായ അമർ (Amer) സ്ഥിതി ചെയ്യുന്നത് ഭൂമിക്ക് മീതെയാണ്. ക്ഷീരപഥമാണ് അതിനു ജലസേചനം ചെയ്യുന്നത്. മറ്റു സംസ്ക്കാരങ്ങൾ പരേതാത്മാക്കൾ, ഭൂമിയിലെ വിദൂരസ്ഥലങ്ങളിൽ വസിക്കുന്നു എന്നാണ് പറയുന്നത്. ഉദാഹരണമായെടുത്താൽ സ്ലാവ ജനതയുടെ പരമ്പരാഗത വിശ്വാസ പ്രകാരം സൂര്യോദയത്തിന്റെ കിഴക്ക് പരേതർക്ക് അനുഗ്രഹപൂർണമായ ഒരു ഭൂമിയുണ്ട്. എന്നാൽ സെൽറ്റിക്ക് പുരാണങ്ങൾ പരലോകം പശ്ചിമദേശത്തുള്ള ദ്വീപുകളിലാണെന്നാണ് സങ്കല്പിക്കുന്നത്. അതിലേക്കുള്ള പ്രവേശം ഗുഹകളിൽ കൂടിയാണ്. ഈജിപ്തുകാരുടെ വിശ്വാസപ്രകാരം സ്വർഗം ഭൂമിക്കടിയിലാണ്. അപ്രകാരം മെലനേഷ്യൻ പുരാണങ്ങളിലും പാതാളത്തിൽ ആത്മാക്കളുടെ ഒരു ലോകമുണ്ട്. അത് നമ്മുടെ ഇഹലോകത്തെ പ്രതിബിംബിപ്പിക്കുന്നു.

## പുനർജന്മം

എന്തുകൊണ്ടാണ് കിഴക്കൻ സംസ്ക്കാരങ്ങളിൽ പുനർജന്മ സിദ്ധാന്തം വന്നത്? അതെങ്ങനെ ക്രമികമായ ഒരു പദ്ധതിയുമായി യോജിച്ചു പോവുന്നതെന്ന് നോക്കാം. ആഫ്രിക്കക്കാരുടെ വിശ്വാസമനുസരിച്ച് ഏതൊരു ഗോത്രത്തിലാണോ ആത്മാവ് ആദ്യം ഉണ്ടായിരുന്നത് അവിടെത്തന്നെ അത് പുനർജനിക്കുന്നു.

എന്നാൽ ഈ സിദ്ധാന്തത്തിന്റെ സ്വാധീനം ഏറ്റവും അധികം കാണപ്പെടുന്നത് വിദൂര പൗരസ്ത്യദേശങ്ങളിൽ ഹിന്ദുമതത്തിലും ബുദ്ധമതത്തിലുമാണ്. ഈ സിദ്ധാന്തത്തിന്റെ അടിസ്ഥാനം ഒരാളുടെ ജീവിതത്തിലുള്ള സ്വഭാവത്തെക്കുറിച്ചുള്ള വിധിന്യായത്തിലാണ്. നല്ലവർ പുനർജനിക്കുന്നത് സാമൂഹ്യമായി ഔന്നത്യമുള്ള വിഭാഗങ്ങളിലും ജാതികളിലുമാണ്. ദുർജനങ്ങൾ താഴ്ന്ന പദവിയുള്ളവരിലേക്ക് മടങ്ങിവരുന്നു. മൃഗങ്ങളായിപ്പോലും അവർ വന്നേക്കാം. അപ്രകാരം നന്മ ചെയ്യുന്ന മൃഗങ്ങൾ മനുഷ്യരായി മടങ്ങിവന്നേക്കാം. എന്നിരിക്കിലും ഈ സിദ്ധാന്തം സ്വയം തന്നെ ചിലപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

ഈ സിദ്ധാന്ത പ്രകാരം പ്രകൃതിയിലെ മനുഷ്യന്റെയും മൃഗത്തിന്റെയും സന്തുലനവ്യവസ്ഥ എളുപ്പത്തിൽ വിശദീകരിക്കുന്നില്ല. മൃഗങ്ങളും മനുഷ്യരുമായി വേർപിരിഞ്ഞു നിൽക്കുന്ന ഈ ജിവി രൂപങ്ങൾ ഈ സിദ്ധാന്ത പ്രകാരം അവരുടെ സ്വഭാവത്തെ ആശ്രയിച്ചുള്ളതാണ്. ഇവിടെ മനുഷ്യരുടെയും മൃഗങ്ങളുടെയും എണ്ണത്തിൽ വമ്പിച്ച തോതിലുള്ള ഏറ്റക്കുറച്ചിലുകളുണ്ടാക്കുന്നു. ഇതിന് യാതൊരു യുക്തിപരമായ വിശദീകരണങ്ങളും ഈ സിദ്ധാന്തം നൽകുന്നില്ല. എന്നാൽ ഇപ്പോൾ ഇവ തമ്മിൽ നല്ല നിലയിലുള്ള സന്തുലിതാവസ്ഥയുണ്ട്. അതാവട്ടെ പരിസ്ഥിതിപരമായ പരിവൃത്തിയുടെ ഭാഗമാണ്. അന്തിമമായി പുനർജന്മം മുഖേന എല്ലാ ജന്തുക്കളും സാത്വികരായിത്തീരുകയാണെങ്കിൽ മനുഷ്യരല്ലാത്ത മറ്റൊരു ജീവിയും ഭൂമുഖത്തുണ്ടാവില്ല. അവയെല്ലാം മനുഷ്യരുടെ പദവിയിൽ എത്തുന്നതാണ്.

'ഭൂമിയിലെ സ്വർഗം' എന്ന് ഒരു പദ പ്രയോഗമുണ്ട്. അത് അക്ഷരാർഥത്തിൽ എടുത്താൽ ഈ സിദ്ധാന്തങ്ങൾ നമ്മുടെ മുമ്പിലവതരിപ്പിക്കുന്ന അവസ്ഥയെ അങ്ങനെ വിവരിക്കാവുന്നതാണ്. വളരെ വ്യക്തമായ നിലയിൽ ഈ സിദ്ധാന്തം വിധിന്യായദിവസത്തെ അല്ലെങ്കിൽ സമാനമായ മറ്റൊന്നിനെ ആശ്രയിക്കുന്നു. എന്തെന്നാൽ മനുഷ്യന്റെ ആദ്യത്തിലുള്ള സ്വഭാവത്തിന്റെ അടിസ്ഥാനത്തിലുള്ള വിധിന്യായത്തിന്റെ ഫലമായി അവൻ പുതിയൊരു ജീവിത ഘട്ടത്തിലേക്ക് പ്രവേശിക്കുന്നു. ഇസ്‌ലാമിക ചിന്താഗതിയുമായി ഇത് ഒത്തുപോകുന്നു. എന്നാലും ഇസ്‌ലാമികമായ വീക്ഷണത്തിൽ ആത്മാവിന്റെ സ്വർഗനരകങ്ങൾ വ്യത്യസ്തമായൊരു സ്ഥലമാണ്. എന്നാൽ പുനർജന്മത്തിൽ രണ്ടാമത്തെ ഘട്ടവും ഭൂമിയിൽ ത്തന്നെയാണ്. ഇവിടെയാണ് കുഴപ്പം. എന്നിരിക്കിലും ഇസ്‌ലാമിലെ നരകത്തിന്റെ വിവക്ഷ ആത്മാവിന്റെ ശുദ്ധീകരണത്തിന്റെ ഘട്ടങ്ങളും പരിശുദ്ധിയിലേക്കും അതു വഴി സ്വർഗത്തിലേക്കുള്ള പ്രയാണവുമാണെങ്കിൽ പുനർ ജന്മത്തിൽ നിർവാണം അഥവാ സമാധാനത്തിലേക്കുള്ള യാത്രയുടെ വികാസഘട്ടങ്ങൾ ഉൾക്കൊള്ളുന്നു. അതിനാൽ മരണാനന്തര ജീവിതത്തിന്റെ വിവക്ഷയിലേക്കുള്ള ഒരു വ്യത്യസ്ത സമീപനമാണ് ഈ പുതിയ സിദ്ധാന്തത്തിന് രൂപം കൊടുത്തിരിക്കുന്നത്.

## സ്വർഗനരകങ്ങളുടെ പ്രകൃതി

ഞാൻ സ്കൂളിൽ പഠിക്കുന്ന കാലത്ത് സ്വർഗ നരകങ്ങൾ തമ്മിലുള്ള വ്യത്യാസം ഒരു മനോഭാവമാണെന്ന കഥയാണ് പറയപ്പെട്ടിരുന്നത്. ഈ കഥയിൽ പറയപ്പെട്ടിരുന്നത് ഒരു തീൻമേശക്ക് ചുറ്റും ഭക്ഷണം കഴിക്കാൻ ഇരുന്നിരുന്ന ആളുകളെ സംബന്ധിച്ചായിരുന്നു. അവരുടെ കയ്യിൽ ഏഴടി നീളമുള്ള തവി ഉണ്ടായിരുന്നു.

നരകത്തിലുളളവർ ഈ വിചിത്രമായ പാത്രങ്ങളിൽ നിന്ന് സ്വയം ഭക്ഷണം കഴിക്കാനുള്ള നിഷ്ഫലമായ ശ്രമത്തിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. എന്നാൽ സ്വർഗത്തിലുള്ളവർ അതേ ഉപകരണങ്ങൾ തന്നെയാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ അവർ ആ തവി കൊണ്ട് ഏഴടി ദൂരെ ഇരുന്നിരുന്നവരെ തീറ്റിയിരുന്നു! ഈ കഥ ശിശു സഹജമായ ഒന്നാണെന്ന് തോന്നിയേക്കാം. എന്നാൽ അതിലടങ്ങിയ സിദ്ധാന്തം വളരെ രസാവഹമാണ്. നരകത്തിലുള്ളവർ പട്ടിണി കിടന്നപ്പോൾ സ്വർഗവാസി

കൾ അവരുടെ നിസ്വാർഥമായ മനോഭാവം കാരണം മറ്റുള്ളവരെ തീറ്റുകയും അതിനിടക്ക് തങ്ങൾക്ക് ഭക്ഷണമുണ്ടാക്കുകയും ചെയ്തു.

മരണാനന്തര ജീവിതത്തെപ്പറ്റി അന്യസംസ്ക്കാരങ്ങളിൽ നിന്നും വിശ്വാസങ്ങൾ സ്വീകരിച്ച ആതിഥേയ സംസ്ക്കാരങ്ങളിൽ അവരുടെ പ്രത്യേകതകളെ ആശ്രയിച്ച് വിവരണങ്ങളിൽ വ്യത്യാസമുണ്ടാവാം. എന്നിരിക്കിലും നരകത്തിന്റെ വിവരണം വളരെ ചീത്തയായിട്ടുള്ളതാണ്. അതിൽ പലപ്പോഴും അഗ്നിയുടെ അടിസ്ഥാനത്തിലുള്ള ചിത്രകൽപ്പനയുണ്ടാവും. സെൽറ്റിക് പുരാണത്തിൽ ഗുഹകളുടെ നീണ്ട സംവിധാനം ഒരു മാന്ത്രികവലയത്തിൽ കുഴച്ചതായിരിക്കും. ഈ സംസ്ക്കാരങ്ങളിൽ നരകത്തെക്കുറിച്ചുള്ള വിവരണമുണ്ടാകുന്നു. നല്ല രീതിയിൽ പ്രവർത്തിച്ചില്ലെങ്കിൽ അവരുടെ വിധി വളരെ മോശമായിരിക്കും എന്നതിനാൽ അവരെ ഈ വിവരണം തിന്മയിൽ നിന്നകറ്റി നിർത്തുന്നു. തങ്ങളുടെ ഈ ജീവിതത്തിലുള്ള പ്രവൃത്തികൾ കാണപ്പെടാതെ പോകില്ലെന്നും തങ്ങൾ ചെയ്ത പ്രവൃത്തികൾക്ക് കണക്കുകൾ ബോധിപ്പിക്കണമെന്നുമുള്ള വിചാരം ദൈവ വിശ്വാസവും പരലോക വിശ്വാസവും ജനങ്ങളിലുണ്ടാക്കുന്നു. തങ്ങളുടെ പ്രവൃത്തികൾ മറ്റുള്ളവർ കാണാതെ ഇരുട്ടറയിൽ വെച്ച് ചെയ്താലും കണക്ക് ബോധിപ്പിക്കേണ്ടിവരുമെന്നവർ വിശ്വസിക്കുന്നു. മുൻ വിവരിച്ച ഖുർആൻ സൂക്തത്തിൽ പ്രസ്താവിക്കുന്നു: "പാപം ചെയ്യുമ്പോൾ നിങ്ങൾ ഭയപ്പെടുന്നില്ല, നിങ്ങളുടെ കണ്ണുകളും കാതുകളും ചർമങ്ങളും നിങ്ങൾക്കെതിരിൽ സാക്ഷി പറയുമെന്ന്. നിങ്ങൾ ചെയ്യുന്നതിലധികവും അല്ലാഹു പോലും അറിയുന്നില്ല എന്ന് നിങ്ങൾ ധരിച്ചുകളഞ്ഞു. മരണശേഷം തങ്ങളെ കാത്തിരിക്കുന്ന ദൈവിക വിധികളിൽ നിന്ന് തങ്ങളുടെ പ്രവൃത്തികളെ മറച്ചുവെക്കാൻ ആർക്കും സാധ്യമല്ല എന്ന ഒരു താക്കീതാണിത്."

## പൊതുവായ ആശയങ്ങൾ

ഈ വിവരണങ്ങളിൽ മുഴുവൻ പൊതുവായ ചില ആശയങ്ങളുണ്ട്. പരലോക ജീവിതാവസ്ഥക്ക് നിദാനം ഐഹിക ജീവിതത്തിലെ പ്രവൃത്തികളാണ്. സന്ദർഭവശാൽ ഇതിന്റെ ഫലമായി പറയപ്പെട്ടിരിക്കുന്നത് ഈ ലോകത്തിലേക്കുള്ള വ്യത്യസ്ത രൂപത്തിലുള്ള മടക്കമാണ്. ഇത് മരണാനന്തര ജീവിതത്തിന്റെ സ്ഥലത്തെക്കുറിച്ചുള്ള വെറുമൊരു ആശയക്കുഴപ്പമാണ്. അല്ലാതെ അതിന്റെ പ്രകൃതിയെക്കുറിച്ചല്ല. സൽസ്വഭാവിയായ ഒരു മനുഷ്യന് മരണാനന്തരം പ്രതിഫലം നൽകപ്പെടുന്നു. എന്നാൽ പാപിയായ ഒരാൾ ശിക്ഷിക്കപ്പെടുന്നു. ഈ സംസ്കാരങ്ങളെല്ലാം പറയുന്നത് വിധിന്യായം ഐഹിക ജീവിതത്തിലെ സ്വഭാവത്തെ ആധാരമാക്കിയാണെന്നതാണ്.

മരണാനന്തര ജീവിതത്തിന്റെ രംഗം ഈ ജീവിതത്തിൽ കയ്യെത്താത്തത്ര വിദൂരത്താണ്. മനുഷ്യൻ കാണാത്ത കാര്യങ്ങളെക്കുറിച്ച് വിവരിച്ച് പൊതുജനത്തെ ആശയക്കുഴപ്പത്തിലാക്കാനാണിതെന്ന് ഒരു ദോഷൈകദൃക്ക് വാദിച്ചേക്കാം. എന്നിരിക്കിലും നാം മനസ്സിലാക്കേണ്ടത് ഐഹിക ജീവിതം ശരീരവും ആത്മാവും ചേർന്നതാണെങ്കിൽ പരലോക ജീവിതത്തിൽ ആത്മാവ് ആണെന്നാണ്. ഈ ജീവിതത്തിൽ തന്നെ നമുക്ക് അനുഭവവേദ്യമായ മറ്റു രംഗങ്ങളുണ്ട്. അത് നമുക്ക് ജീവിതത്തിന്റെ ആത്മീയവശം കാണിച്ചുതരുന്നു. അതീന്ദ്രിയജ്ഞാനങ്ങളും സ്വപ്നങ്ങളും അവയിൽപ്പെടുന്നു. ആത്മീയമായ ഈ പ്രതിഭാസങ്ങളുടെ യുക്തി കണ്ടെത്താൻ ശാസ്ത്രം പരിശ്രമിക്കുന്നു. ഇക്കാര്യത്തിൽ സംസ്ക്കാരങ്ങൾ എത്രത്തോളം യോജിക്കുന്നുവെന്നത് അത്ഭുതമുളവാക്കുന്നതാണ്.

ഇങ്ങനെയൊരു സിദ്ധാന്തം വ്യത്യസ്ത സംസ്കാരങ്ങളിൽ സ്വതന്ത്രമായി വികാസം പ്രാപിച്ചതാണെന്ന് വിചാരിക്കാൻ ന്യായമില്ല. ആ സംസ്കാരങ്ങൾ തമ്മിൽ പരസ്പരം ബന്ധപ്പെടാൻ താരതമ്യേന സമീപകാലത്ത് മാത്രമാണ് സാധ്യമായിട്ടുള്ളത്. ഇവിടെ വിശ്വാസങ്ങളുടെ ഏകമായ ഉത്ഭവ സ്ഥാനത്തെക്കുറിച്ചുള്ള വാദഗതിയെ വിശുദ്ധ ഖുർആൻ അനുകൂലിക്കുന്നു.

ദൈവവുമായി ബന്ധം സ്ഥാപിച്ച ആദ്യപ്രവാചകനായ ആദം നബിയെ സംബന്ധിച്ച് വിശുദ്ധഖുർആൻ പ്രസ് താവിക്കുന്നു.

''ഞാൻ ഭൂമിയിൽ ഒരു പ്രതിനിധിയെ നിശ്ചയിക്കാൻ പോകുന്നുവെന്ന് നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭം ഓർമിക്കുക. അവർ പറഞ്ഞു: അവിടെ കുഴപ്പമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെയാണോ നീ നിശ്ചയിക്കാൻ പോകുന്നത്? നാമാകട്ടെ നിന്റെ മഹത്വം കൊണ്ട് നിന്നെ സ്തുതിക്കുകയും നിന്റെ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നു. അവൻ മറുപടി പറഞ്ഞു: 'നിങ്ങൾക്കറിയാത്തത് എനിക്കറിയാം.' (സൂറ ബഖറ 31-ാം വാക്യം)"

മനുഷ്യകുലത്തിന് ആദ്യമായി നിയമസംഹിത കൊണ്ടുവന്നത് ആദമായിരുന്നു. ആദം ആദ്യത്തെ മനുഷ്യനായിരുന്നില്ല. പുരാണങ്ങളിൽ കാണുന്ന അതേ രീതിയവലംബിച്ചുകൊണ്ട് ആദ്യമായി ജീവിച്ചത് ആദമായിരുന്നുവെന്നും അദ്ദേഹത്തിന് മുമ്പുള്ള മനുഷ്യർക്ക് മാർഗദർശനമായി ദൈവിക നിയമം ഉണ്ടായിരുന്നില്ലെന്നും വാദിക്കാവുന്നതാണ്. ഒരിക്കൽ ഒരു നിയമം മനുഷ്യന്റെ മേൽ ചുമത്തിയാൽ സ്വാഭാവികമായും അവർ അതിനെ ലംഘിച്ച് പാപികളാവുമെന്നും അതിന് മുമ്പ് മനുഷ്യന് മനസ്സാക്ഷിയില്ലാതെയും പാപത്തെക്കുറിച്ചുള്ള ധാരണയില്ലാതെയും പ്രവർത്തിക്കുമായിരുന്നു എന്നത് കൊണ്ടായിരിക്കാം, ഒരു പ്രതിനിധിയെ നിശ്ചയിക്കുന്നതിൽ

ശേഷം പേജ് 39 ൽ

ഭാഗം - 7

മാർച്ച് ലക്കത്തിൽ നിന്നു തുടർന്നു വായിക്കുക

# ഹദ്റത്ത് ബിലാൽ (റ) പറഞ്ഞ കഥ

ഇബ്നു വഫ കോഴിക്കോട്

### മക്കക്കാരുടെ യോഗം ദാറുന്നദ്‌വയിൽ

ആയിടയ്ക്ക് മക്കയിൽ, മുസ്ലിമീങ്ങൾ എല്ലാവരും ഇവിടം വിട്ട് പോയിരിക്കുന്നുവെന്നും മുഹമ്മദിനെ സഹായിക്കാൻ ഇവിടെ ആരും ഇല്ല എന്നും അതുകൊണ്ട് വല്ലതും ചെയ്യാൻ ഏറ്റവും യോജിച്ച സമയം ഇതാണെന്നും മക്കക്കാർ പരസ്പരം അടക്കം പറയാൻ തുടങ്ങി. അങ്ങനെ അവർ അവരുടെ സാമൂഹിക കേന്ദ്രമായ ''ദാറുന്നദ്‌വ'' യിൽ ഒത്തുചേർന്നു. ആ യോഗത്തിൽ മക്കയിലെ മുൻനിര ഗോത്രനേതാക്കളടക്കം നൂറോളം പേർ പങ്കെടുത്തതായി അറിയുന്നു.യോഗത്തിൽ അല്ലാഹുവിന്റെ റസൂലിനെ ഇല്ലായ്മ ചെയ്താൽ ഇവരുടെ ഈ പുതിയ മതം അതോടെ അവസാനിച്ചുകൊള്ളുമെന്നും അതുകൊണ്ട് അതിനു വേണ്ട പദ്ധതികളും പരിപാടികളും ഉടൻ നടപ്പിൽ വരുത്തേണമെന്നും, ഇനി ഇവൻ (സ) രക്ഷപ്പെട്ട് പോകരുതെന്നും എല്ലാവരും ഒരേ സ്വരത്തിൽ ആവശ്യപ്പെട്ടു. യോഗത്തിൽ പല അഭിപ്രായങ്ങൾ ഉയർന്നുവന്നു. ഓരോ അഭിപ്രായത്തേയും അവർ വളരെ കൂലങ്കശമായി വിശകലനം ചെയ്തു.

### പദ്ധതികൾ ഒരുങ്ങുന്നു

മുഹമ്മദിനെ പിടിച്ച് ഇരുമ്പ് ചങ്ങലകൊണ്ട് ബന്ധിച്ച് മരണം വരെ ഒരു മുറിയിലിട്ട് പൂട്ടാം എന്നൊരാൾ അഭിപ്രായപ്പെട്ടു. ഇത് വിഡ്ഢിത്തമാണെന്നും, അവന്റെ (സ) ബന്ധുക്കൾക്കോ അനുയായികൾക്കോ വിവരം ലഭിച്ചാൽ അവർ വന്ന് അവനെ(സ) മോചിപ്പിച്ച് കൊണ്ടുപോകുമെന്നും അത് മറ്റൊരു കുഴപ്പത്തിനും കലാപത്തിനും കാരണമായേക്കുമെന്നും വേറൊരാൾ മുന്നറിപ്പ് നൽകി. എങ്കിൽ മുഹമ്മദി(സ)നെ പിടിച്ച് കെട്ടി മറ്റൊരു സ്ഥലത്തേക്ക് നാടുകടത്താമെന്നും തൽക്കാലം അവന്റെ(സ) ഫിത്നയിൽ നിന്ന് നമ്മൾ രക്ഷപ്പെടുമെന്നും അവൻ പോയി തുലയട്ടെ നമുക്കെന്ത് ചേതം എന്ന് മറ്റൊരു 'ബുദ്ധി ജീവി' അഭിപ്രായം പ്രകടിപ്പിച്ചു. ഇത് അതിനേക്കാൾ വലിയ അവിവേകവും മൂഢത്തരവുമാണെന്ന് പറഞ്ഞുകൊണ്ട് മൂന്നാമതൊരാൾ മുന്നോട്ടുവന്നു. എന്നിട്ട് പറഞ്ഞു, "നിങ്ങൾക്കവന്റെ (സ) മധുരമൂറുന്ന സംസാരശൈലിയെ കുറിച്ചും അറിയുന്നതല്ലേ? അവനെ (സ) നാടുകടത്തിയാൽ അവൻ ആ ദേശത്ത് ജനങ്ങളെ സ്വാധീനിച്ച് കൊണ്ട് തന്റെ ആധിപത്യം അവിടെ സ്ഥാപിക്കും." അതുകൊണ്ട് അതിനുള്ള വഴി നിങ്ങൾ തന്നെ അവന് ഉണ്ടാക്കി കൊടുക്കരുതെന്ന് അയാൾ എല്ലാവരേയും ഓർമിപ്പിച്ചു.

### അബുൽ ഹികം എന്ന അബൂജഹൽ

അങ്ങനെ ചൂട് പിടിച്ച ചർച്ചക്കൊടുവിൽ, മക്കക്കാർ അബുൽ ഹികം (ജ്ഞാനത്തിന്റെ പിതാവ്) എന്ന് വിളിക്കുന്ന ഉമറിബ്നു ഹിശ്ശാം മുന്നോട്ടുവന്നു. അയാൾ ഒരു പ്രമാണിയാണ്. അയാൾക്ക് സമുദായത്തിൽ ചെറുതല്ലാത്ത ഒരു സ്വാധീനമുണ്ട്. അയാൾ സുസമ്മതനായ നേതാവും ബുദ്ധിമാനുമൊക്കെയാണ്. 10, 13 കൊല്ലമായി ഇസ്‌ലാമിനെ ഇല്ലാതാക്കാൻ ശ്രമിക്കുന്നവരിൽ ഒന്നാമനും മുസ്ലിമീങ്ങളായ ഞങ്ങളോട് അങ്ങേയറ്റം ക്രൂരത കാണിച്ച വ്യക്തികളിൽ ഒരാളുമാണ്. എന്നാൽ അല്ലാഹുവിന്റെ റസൂൽ, മുഹമ്മദ് മുസ്തഫാ അഹ്മദ് മുജതബാ, ഖാത്തമുന്നബിയ്യീൻ സല്ലാള്ളാഹു അലൈഹി വസല്ലമിനെ പോലുള്ള കത്തിജ്ജ്വലിക്കുന്ന തേജസുറ്റ ഒരു സൂര്യനെ കാണാനുള്ള ബുദ്ധിയും വിവേകവും തിരിച്ചറിവും ഉൾകാഴ്ചയും അയാൾക്കുണ്ടായില്ല. അതുകാരണം ഞങ്ങൾ അയാളെ അബൂജഹൽ (അജ്ഞതയുടെ പിതാവ്) എന്നാണ് വിളിക്കുന്നത്.

അബുജഹൽ പറഞ്ഞു, "നിങ്ങൾ കുറേ നേരമായല്ലോ ചർച്ച ചെയ്യുന്നത്. ഇനി ഞാനൊരു കാര്യം പറയാം. എല്ലാവർക്കും സമ്മതമാണെങ്കിൽ അത് നടപ്പിൽ വരുത്തുകയും ചെയ്യാം." എന്നിട്ട് അബൂജ

ഹൽ പറഞ്ഞു,"എല്ലാ ഗോത്രത്തിൽ നിന്നും ചുണയുള്ള ഏതാനും ചെറുപ്പക്കാരെ തെരഞ്ഞെടുക്കണം. അവർ ഓരോരുത്തർക്കും വാളും ആവശ്യമായ ആയുധവും കൊടുക്കണം. ഇവരെല്ലാവരും ഒന്നിച്ചു ചേർന്ന് മിന്നലാക്രമണത്തിലൂടെ മുഹമ്മദിനെ ആക്രമിച്ച് വധിക്കണം. ഇങ്ങനെ ചെയ്യുന്നതിലൂടെ മുഹമ്മദ് (സ)ന്റെ ബനൂ അബ്ദു മനാഫിന് ഇതിൽ പങ്കെടുത്ത മറ്റ് ഗോത്രക്കാരോട് തനിച്ച് എതിരിടാൻ ധൈര്യമുണ്ടാവില്ല. മാത്രവുമല്ല കുറ്റം ഒരു ഗോത്രത്തിന്റെ പേരിൽ വരികയും കൊലകുറ്റം ഒരാളുടെ പേരിൽ ആരോപിക്കപ്പെടുകയുമില്ല."

പദ്ധതി എല്ലാവർക്കും നന്നായി ബോധിച്ചു. എല്ലാവരും ഒരേ സ്വരത്തിൽ പറഞ്ഞു, മതി മതി ഇതുമതി. അങ്ങനെ അവർ മുഴുവൻ പദ്ധതികൾക്കും രൂപം നൽകുകയും അന്ന് രാത്രി തന്നെ ദൗത്യം ആരംഭിക്കുന്നതിനായി കുറെ ചെറുപ്പക്കാരെ നിയോഗിക്കുകയും ചെയ്ത ശേഷമാണ് ദാറുന്നദ്‌വയിൽ നിന്നും അവർ പിരിഞ്ഞത്.

ഇവരുടെ പദ്ധതിയെകുറിച്ച് അല്ലാഹു ഖുർആനിൽ പറഞ്ഞത് നിങ്ങൾക്കറിയാവുന്നതാണല്ലോ.

നിന്നെ ബന്ധനസ്ഥനാക്കുകയോ, വധിക്കുകയോ (നാട്ടിൽ നിന്ന്) ബഹിഷ്കരിക്കുകയോ ചെയ്യുന്ന തിന് സത്യനിഷേധികൾ നിനക്കെതിരിൽ തന്ത്രം പ്രയോഗിക്കുകയായിരുന്ന സന്ദർഭം (സ്മരിക്കുക) അവർ തന്ത്രം പ്രയോഗിക്കുകയായിരുന്നു. അല്ലാഹു (അവരുടെ തന്ത്രത്തിനുള്ള) മറു തന്ത്രം പ്രയോഗിക്കുകയായിരുന്നു. തന്ത്രം പ്രയോഗിക്കുന്നവരിൽ ഏറ്റവും ഉത്തമനാണ് അല്ലാഹു. (സൂറ: അൻഫാൽ, ആയത്ത് 31)

## റസൂലിന് പലായനത്തിനുള്ള അനുവാദം അല്ലാഹുവിൽ നിന്ന്:

ദാറുന്നദ്‌വയിൽ കൈകൊണ്ട തീരുമാനം അല്ലാഹു അപ്പോൾ തന്നെ ജിബ്‌രീൽ മുഖേന റസൂലിനെ അറിയിക്കുകയും പലായനം ചെയ്യുവാനുള്ള അനുവാദം നൽകുകയും ചെയ്തു. മാത്രവുമല്ല ഇന്ന് രാത്രി സ്വന്തം വീട്ടിൽ താമസിക്കരുതെന്ന് വിലക്കുകയും ചെയ്തു. അല്ലാഹുവിൽ നിന്നുള്ള അനുവാദം ലഭിച്ച ഉടനെ തന്നെ അല്ലാഹുവിന്റെ റസൂൽ വീട്ടിൽ നിന്ന് ഇറങ്ങി. നേരെ അബൂബക്കറിന്റെ വീട്ടിൽ ചെന്നു. നേരം നട്ടുച്ച. സാധാരണ രാവിലെയോ വൈകുന്നേരമോ മാത്രമായിരുന്നു അല്ലാഹുവിന്റെ റസൂൽ അബൂബക്കറിന്റെ വീട്ടിൽ ചെന്നിരുന്നത്. ഇന്ന് അസമയത്ത് വന്നിരിക്കുന്നു. തല ഒരു തുണികൊണ്ട് മൂടിയിട്ടുമുണ്ട്. ഇന്ന് എന്തോ പ്രത്യേക കാര്യമുണ്ടെന്ന് അബൂബക്കറിന് മനസ്സിലായി. അനുവാദം വാങ്ങി വീട്ടിനകത്ത് പ്രവേശിച്ച ശേഷം, അന്യർ വല്ലവരും വീട്ടിൽ ഉണ്ടെങ്കിൽ അവരോട് പുറത്ത് പോകാൻ പറയണമെന്ന് അബൂബക്കറിനോട് അല്ലാഹുവിന്റെ റസൂൽ ആവശ്യപ്പെട്ടു. ആരും ഇല്ലെന്ന് അബൂബക്കർ അറിയിച്ചപ്പോൾ, യാത്ര പുറപ്പെടാൻ എനിക്ക് അല്ലാഹുവിൽ നിന്ന് അനുവാദം ലഭിച്ചിരിക്കുന്നു എന്ന് അബൂബക്കറിനോട് റസൂൽ (സ) പറഞ്ഞു.

എത്ര നാളുകളായി ഇത് കേൾക്കാൻ അബൂബക്കർ കൊതിച്ചിരിക്കുന്നു. അബൂബക്കർ ചോദിച്ചു,''അല്ലാഹുവിന്റെ റസൂലേ, എന്നേയും കൂടെ കൂട്ടുമോ?'' റസൂൽ സമ്മതം മൂളി. സന്തോഷാധിക്യത്താൽ അബൂബക്കറിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. വികാരാവേശത്താൽ തൊണ്ട ഇടറി. വാക്കുകൾക്ക് പ്രയാസപ്പെട്ടു. അൽപ നേരത്തെ ഇടവേളക്ക് ശേഷം അബൂബക്കർ പറഞ്ഞു, "അല്ലാഹുവിന്റെ റസൂലേ, ഞാൻ രണ്ട് ഒട്ടകങ്ങളെ ഈ ഉദ്ദേശ്യത്തോടെ പ്രത്യേക ഇലകളും ഭക്ഷണവും നൽകി തയ്യാറാക്കി നിർത്തിയിട്ടുണ്ട്. അതിൽ ഒന്ന് അങ്ങ് സ്വീകരിച്ചാലും." അല്ലാഹുവിന്റെ റസൂൽ പറഞ്ഞു, "സ്വീകരിക്കാം, പക്ഷേ അതിന്റെ വില എന്നോട് വാങ്ങുമെങ്കിൽ മാത്രം" അബൂബക്കർ മനസ്സില്ലാ മനസ്സോടെ സമ്മതിച്ചു.

## യാത്രക്കുള്ള ഒരുക്കങ്ങൾ പൂർത്തിയാവുന്നു

പിന്നെ ഒട്ടും താമസിച്ചില്ല. വളരെ രഹസ്യമായി യാത്രക്കുള്ള ഒരുക്കങ്ങളും പദ്ധതികളും തയ്യാറാക്കി. ഭക്ഷണം തയ്യാറാക്കി തോൽ പാത്രത്തിൽ അടക്കം ചെയ്തു. തോൽ സഞ്ചിയിൽ വെള്ളം നിറച്ചു. അബൂബക്കറിന്റെ മകൾ ആയിശയുടെ സഹോദരി അസ്മ തന്റെ നിത്വാഖ് (അറബി സ്ത്രീകൾ അരയിൽ ചുറ്റുന്ന തട്ടം പോലുള്ള തുണി) രണ്ട് കഷ്ണമാക്കി. ഒന്ന് ഭക്ഷണത്തിന്റെ തോൽപാത്രവും മറ്റൊന്ന് വെള്ളത്തിന്റെ തോൽസഞ്ചിയും തൂക്കിപ്പിടിക്കാൻ പാകത്തിൽ ചുറ്റിക്കെട്ടി. അസ്മ ബിൻത് അബൂബക്കറിന്റെ അവസരത്തിനൊത്തുള്ള ഈ പ്രവർത്തിയും കാര്യബോധവും അല്ലാഹുവിന്റെ റസൂലിന് നന്നേ ഇഷ്ടപ്പെട്ടു. ആ സന്തോഷത്തിൽ അല്ലാഹുവിന്റെ റസൂൽ പത്തിരുപത്തിയേഴു വയസ്സ് പ്രായമുള്ള യുവതിയായ അസ്മക്ക് ഒരു ഓമനപ്പേര് നൽകി. സാത്തു നിത്താകൈൻ (രണ്ട് നിത്വാഖ്കാരി). പിന്നീട് അസ്മ ആ പേരിൽ വിളിക്കപ്പെടാൻ തുടങ്ങി. അതിന് ശേഷം അല്ലാഹുവിന്റെ റസൂൽ സ്വന്തം വീട്ടിൽ തിരിച്ച് വന്നു. സ്വന്തമായി പല അത്യാവശ്യകാര്യങ്ങളും ചെയ്തു തീർക്കാനുണ്ട്. വേഗം വേഗം അതൊക്കെ ചെയ്തു തീർത്തു.

സന്ധ്യ മയങ്ങിത്തുടങ്ങി. കഠിനമായ ശത്രുത ഉണ്ടായിട്ടും വിശ്വസിക്കാൻ കൊള്ളാവുന്ന ഒരേ ഒരാൾ അമീൻ എന്ന പേരിൽ ഒരിക്കൽ വിളിക്കപ്പെട്ടിരുന്ന മുഹമ്മദ് (സ) മാത്രമേ ഉള്ളൂ എന്ന് കരുതുന്ന ചില അവിശ്വാസികൾ വിശ്വസിച്ചേൽപിച്ച അമാനത്തുകൾ (സൂക്ഷിപ്പുമുതൽ) മുഴുവനും

അലിയെ ഏൽപിച്ചു. അതിന്റെ കണക്ക് വിവരങ്ങൾ അലിയെ ബോധ്യപ്പെടുത്തി. കൃത്യമായി അവർ ഓരോരുത്തരേയും ഏൽപി ച്ചല്ലാതെ യസ്‌റബിലേക്ക് തിരിക്കരു തെന്ന് അലിയെ താക്കീത് ചെയ്യുക യും ചെയ്തു.

### ശത്രുക്കൾ വീട് വളയുന്നു

ഇരുൾ പരന്നു. ആ ഇരുളി ന്റെ മറവിൽ അവിശ്വാസികൾ തങ്ങളുടെ പദ്ധതിയനുസരിച്ച് വളരെ പതുങ്ങിയും രഹസ്യമായും റസൂലിന്റെ വീട് വളയാൻ തുടങ്ങി. ഓരോരുത്തരായി പുറത്ത് വീടിന്റെ പല ഭാഗങ്ങളിലായി നിലയുറപ്പിച്ചു. റസൂലിന് കാര്യങ്ങൾ എല്ലാം മനസ്സിലായി. അല്ലാഹു നേരത്തെ തന്നെ എല്ലാ കാര്യങ്ങളും ധരി പ്പിച്ചതുമാണല്ലോ. സാധാരണപോ ലെ അല്ലാഹുവിന്റെ റസൂൽ വെളുപ്പിന് വീട്ടിൽ നിന്നും വെളിയിൽ ഇറങ്ങിയാൽ അരണ്ട വെളിച്ചത്തിൽ പൊടുന്നനെ എല്ലാവരും ചേർന്ന് ആക്രമിച്ച് വെട്ടിതുണ്ടമാക്കാനായിരുന്നു പരിപാടി. നഊദുബില്ലാഹ് മിൻ ദാലിക്ക്. റസൂൽ(സ) എല്ലാ ഒരുക്കങ്ങളും പൂത്തിയാക്കിയ ശേഷം അലിയോട് തന്റെ കിടക്ക യിൽ കിടക്കാൻ പറഞ്ഞു. അല്ലാഹു വിന്റെ സഹായത്താൽ നിനക്കൊ ന്നും സംഭവിക്കുകയില്ല എന്ന് അലിയെ പറഞ്ഞ് സമാധാനിപ്പിച്ച ശേഷം താൻ സാധാരണ പുതക്കാ റുള്ള ചുവപ്പ് നിറത്തിലുള്ള പുതപ്പ് അലിയെ പുതപ്പിച്ചു. തന്റെ വീട് മുഴുവനായും ശത്രുക്കളാൽ വലയം ചെയ്യപ്പെട്ടതായും വീടിന്റെ വാതിലിനടുക്കൽപോലും ആരൊ ക്കെയോ പതുങ്ങി ഇരിപ്പുള്ളതായും അല്ലാഹുവിന്റെ റസൂലിന് മനസ്സി ലായി. അധികം വൈകാതെ രാത്രി യുടെ ആദ്യയാമത്തിൽ തന്നെ വാതിൽ തുറന്ന് റസൂൽ പുറത്തി റങ്ങി. റസൂൽ സാധാരണ ആ സമയത്ത് പുറത്തിറങ്ങാറില്ല. അതു കൊണ്ട് ശത്രുക്കൾ അത് പ്രതീക്ഷി ക്കുന്നേ ഇല്ലായിരുന്നു. വീട് വളഞ്ഞിരുന്നവരുടെ മുന്നിലൂടെ തന്നെ ആരേയും നോക്കാതെ ഒന്നും ശ്രദ്ധിക്കാതെ അധികം ശബ്ദമൊ ന്നും ഉണ്ടാകാതെ റസൂൽ നടന്നു നീങ്ങി. മക്കയുടെ ഇടവഴിയിലൂടെ വേഗം വേഗം നടന്ന് അധികം ജനവാസമില്ലാത്ത ഭാഗത്തെത്തി.

### ലക്ഷ്യം സൗർ ഗുഹ:

യസ്‌റബ് മക്കയുടെ വടക്ക് ഭാഗത്താണ് സ്ഥിതിചെയ്യുന്നത് എന്ന് ഞാൻ പറഞ്ഞത് നിങ്ങൾ ഓർക്കുന്നുണ്ടാകുമല്ലോ? അല്ലാഹു വിന്റെ റസൂലിനെ കാണാതായാൽ ശത്രുക്കൾ യസ്‌റബിന്റെ വഴിയിലാ യിരിക്കും ആദ്യം അന്വേഷിക്കുക. അത് നന്നായി അറിയാവുന്ന റസൂൽ തെക്ക് ഭാഗത്തേക്ക് വേഗം നടന്നു. മൂന്നു നാഴിക അകലെ ഉള്ള ജബലു സൗറി (സൗർ മല) ന്റെ ഉച്ചിയിലുള്ള സൗർ ഗുഹയാണ് ലക്ഷ്യം. കല്ലും മുള്ളും നിറഞ്ഞ ദുർഘടം പിടിച്ച വഴി താണ്ടി അവിടെ എത്തി. നേരത്തെ ഉണ്ടാ ക്കിയ പരിപാടി അനുസരിച്ച് അബൂബക്കർ എത്തിച്ചേർന്നിട്ടുണ്ട്. താൽകാലിക മനുഷ്യവാസത്തിന് പോലും യോജിക്കാത്ത ഇടുങ്ങി യതും വെളിച്ചമില്ലാത്തതുമായ ആ ഗുഹയിൽ ഇഴഞ്ഞ്കൊണ്ട് ആദ്യം അബൂബക്കർ പ്രവേശിച്ച് ഗുഹ യുടെ അകം ഏറെ കുറെ വൃത്തിയാക്കി. അതിനുശേഷം അല്ലാഹുവിന്റെ റസൂലും ഗുഹയിൽ പ്രവേശിച്ചു.

അങ്ങ് മക്കയിൽ, അല്ലാഹുവി ന്റെ റസൂലിന്റെ വീട് വലയം ചെയ്തിരുന്ന ശത്രുക്കൾ ഇടയ്ക്കി ടെ ജനൽവാതിലിലൂടെ എത്തി നോക്കി, തങ്ങളുടെ ഇര അകത്ത് തന്നെ ഇരിപ്പുണ്ടെന്ന് ഉറപ്പ് വരുത്തു കയും റസൂലിന്റെ വിരിപ്പിൽ ഉറങ്ങുന്ന ചുവപ്പ് പുതപ്പ് പുതച്ച അലിയെ നോക്കി അത് മുഹമ്മദാ (സ) ണെന്ന് കരുതി സമാധാനിച്ച് കൊണ്ടിരിക്കുകയും ചെയ്തു.

### പദ്ധതികൾ പാളുന്നു

നേരം പരപരാ വെളുത്തിട്ടും സാധാരണപോലെ മുഹമ്മദ് (സ) പുറത്തിറങ്ങിയതായി കണ്ടില്ല. തങ്ങളുടെ ഇര രക്ഷപ്പെട്ടിരിക്കുന്നു എന്ന കാര്യം പിന്നീടാണവർ അറിയുന്നത്. ദേഷ്യവും പദ്ധതി പാളിയതിലുള്ള നിരാശയും കൊണ്ട് അവർ നാലുപാടും ഓടാൻ തുടങ്ങി. നേതാക്കളെ വിവരമറിയി ച്ചുകൊണ്ട് മക്കയുടെ ഇടവഴികളി ലും മുസ്‌ലിമീങ്ങൾ ഉപേക്ഷിച്ച് പോയ വീടുകളിലും അവർ കയറി ഇറങ്ങി. യസ്‌റബിലേക്കുള്ള വഴിയി ലും സാധ്യതയുള്ള മറ്റെല്ലാഭാഗവും അവർ അരിച്ച് പെറുക്കി. മുഹമ്മദി (സ)നെ എങ്ങും കാണാനില്ല. ഈ ദേഷ്യത്തിൽ അവർ അലിയെ കയറിപ്പിടിച്ചു. അദ്ദേഹത്തെ പൊതി രെ തല്ലി. അബൂബജഹലും കൂട്ടരും അബൂബക്കറിന്റെ വീട്ടിലേക്കോടി. വാതിലിനു ശക്തിയായി ഇടിക്കാൻ തുടങ്ങി. അസ്മ ബിൻത് അബൂബ ക്കർ വന്നു വാതിൽ തുറന്നു. ഗർജിക്കുന്ന സ്വരത്തിൽ അബൂ ജഹൽ ചോദിച്ചു, ‘എടീ പെണ്ണേ, എവിടെ നിന്റെ തന്ത.’ അസ്മ, അബൂജഹലിനെ ഒന്നു തറപ്പിച്ചു നോക്കി. എന്നിട്ട് യതൊരു ഭാവഭേദ വും കൂടാതെ നിനക്ക് വേണമെ ങ്കിൽ നീ ചെന്ന് അന്വേഷിക്ക് എന്ന ഭാവത്തിൽ അസ്മ പറഞ്ഞു, ‘എനിക്കറിയില്ല’. ഇതു കേൾക്കേണ്ട താമസം അബൂജഹൽ അസ്മയു ടെ മുഖത്ത് ചെവിയടക്കം ആഞ്ഞടി ച്ചു. അടിയുടെ ആഘാതത്തിൽ അസ്മ ഒരു ഭാഗത്തേക്ക് തെറിക്കു കയും അവരുടെ കാതിലുള്ള സ്വർണകമ്മൽ രണ്ടു കഷ്ണമായി നിലത്തു വീഴുകയും ചെയ്തു. എന്നാൽ അസ്മ അൽപം പോലും പതറിയില്ല. അബൂജഹലിന്റേയും കൂട്ടാളികളുടേയും മുമ്പിൽ ഉറച്ച് നിൽക്കുകയും പലായനവിവരം തന്റെ ഹൃദയത്തിൽ തന്നെ മൂടിവെക്കുകയും ചെയ്തു. കുറച്ചു നേരം അബൂജഹൽ അബൂബക്കറി ന്റെ വീട്ടിൽ നിന്നു കൊണ്ടു അദ്ദേഹത്തിന്റെ പെൺമക്കളെ ചീത്ത വിളിക്കുകയും ഭീഷണിപ്പെ ടുത്തുകയും ചെയ്തു.

**ഭാരിച്ച പാരിതോഷങ്ങളുടെ വമ്പിച്ച പ്രഖ്യാപനങ്ങൾ**

നേതാക്കൾ ഒത്തുകൂടി. ഇനി എന്ത്? മുഹമ്മദി (സ) നെ ജീവനോടെയോ അല്ലാതെയോ കിട്ടിയേ പറ്റൂ. അത്കൊണ്ട് കണ്ടു പിടിച്ച് കൊണ്ടുവരുന്നവർക്ക് നൂറ് ചുവന്ന ഒട്ടകങ്ങൾ പാരിതോഷിക മായി നൽകുമെന്ന് വിളമ്പരം ചെയ്യപ്പെട്ടു. ഇത്ര ഭാരിച്ച സമ്മാനം കൈക്കലാക്കുന്നതിനായി പലരും ഇറങ്ങിപ്പുറപ്പെട്ടു. സമ്മാനത്തിന്റെ ആർത്തിയിൽ ജനം നാലുപാടും നെട്ടോട്ടമോടി. യസ്റബിന്റെ വഴിയിലും അവർ അലഞ്ഞു.

ആ നാളുകളിൽ മക്കയിൽ എന്റെ നാട്ടുക്കാരനായ ഒരു കാലടി വിദഗ്ധൻ ഉണ്ടായിരുന്നു. ഈ കാര്യത്തിൽ അവനെ മറികടക്കാൻ ആരുമില്ല. അവൻ അത്ര കണ്ട് സമർഥനായിരുന്നു. കാറ്റ് മണത്ത് കൊണ്ട് ഈ വഴി ഏത് പക്ഷിയാണ് പറന്ന് പോയതെന്ന് ഈ ഹബ്ശ ക്കാരൻ പറയുമെന്ന് ഇവനെക്കുറി ച്ച് ജനങ്ങൾ അതിശയോക്തി പറയാറുണ്ടായിരുന്നു. അങ്ങനെ മക്കയിലെ ചില നേതാക്കൾ അവനേയും കൂട്ടി അല്ലാഹുവിന്റെ റസൂലിനേയും തേടി പുറപ്പെട്ടു. അവൻ തന്റെ സ്വതസിദ്ധമായ വൈദഗ്ദ്ധ്യം കൊണ്ട് സൗർ മല കയറി വളരെ കൃത്യമായി ഗുഹയു ടെ മുന്നിൽ വന്നു നിന്നു. എന്നാൽ സർവശക്തനായ എന്റെനാഥന്റെ പ്രവർത്തനങ്ങൾ അതുല്യവും അനിതര സാധാരണവുമായിരുന്നു.

## ചിലന്തി വല എന്ന കോട്ട

അല്ലാഹുവിന്റെ റസൂലും അബൂബക്കറും ഗുഹയിൽ പ്രവേശി ച്ച ശേഷം ഗുഹയുടെ വായ് മുഖത്ത് ഒരു ചിലന്തി വന്ന് വല നെയ്തു. അതിനോട് ചേർന്നുള്ള ഒരു മരച്ചില്ലയിൽ പ്രാവ് കൂടുണ്ടാ ക്കി മുട്ടയിട്ട് അടയിരിക്കാനും തുടങ്ങി. ഗുഹയുടെ മുന്നിൽ നിന്നുകൊണ്ട് കാലടി വിദഗ്ധൻ പറഞ്ഞു, "മുഹമ്മദ് ഇതിനകത്തോ ഇവിടെ ഈ പരിസരത്തിൽ തന്നെ എവിടെയോ ഒളിച്ചിരിപ്പുണ്ട്. കാലടി യിലൂടെയുള്ള എന്റെ അന്വേഷണം ഇവിടെ നിന്ന് മുന്നോട്ട് പോകുന്നില്ല. മുഹമ്മദ് ഇവിടെ ഇല്ല എങ്കിൽ അവൻ (സ) ഇവിടെ നിന്ന് ആകാശത്തേക്ക് കരേറിയിരിക്കുന്നു തീർച്ച." ഗുഹക്കകത്ത് ഇരിക്കുന്ന അല്ലാഹുവിന്റെ റസൂലിനും അബൂ ബക്കറിനും ഗുഹയുടെ മുന്നിൽ നിൽക്കുന്ന ശത്രുക്കളുടെ കാലു കൾ കാണാം. അവരുടെ സംസാര വും നന്നായി കേൾക്കാം. ഭയവിഹ്വ ലനായ അബൂബക്കർ പതുക്കെ പറഞ്ഞു, "അല്ലാഹുവിന്റെ റസൂ ലേ, ശത്രുക്കൾ നമ്മുടെ തൊട്ടടു ത്താണുള്ളത്. അവരൊന്ന് മുന്നോട്ട് വന്ന് കുനിഞ്ഞ് നോക്കിയാൽ നമ്മെ കണ്ടെത്തും തീർച്ച." അല്ലാഹുവി ന്റെ റസൂൽ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു, "നീ ദു:ഖിക്കേണ്ട, തീർച്ച യായും അല്ലാഹു നമ്മോടൊപ്പ മുണ്ട്.'' അബൂബക്കർ വീണ്ടും പറഞ്ഞു, "ഞാൻ എന്റെ കാര്യമല്ല പരിഗണിക്കുന്നത്. ഞാൻ കൊല്ലപ്പെ ടുകയാണെങ്കിൽ, ഞാനൊരു വ്യക്തി മാത്രമാണ്. അതിൽ കൂടുതൽ മറ്റൊന്നും അത്കൊണ്ട് സംഭവിക്കാനില്ല. എന്നാൽ അങ്ങ് കൊല്ലപ്പെടുകയാണെങ്കിൽ നശിക്കുന്നതും ഇല്ലാതാകുന്നതും ഒരു സമുദായമായിരിക്കും." ആ അവസരത്തിൽ അല്ലാഹുവിൽ നിന്നുള്ള വെളിപാടുണ്ടായി. പിന്നീട് അല്ലാഹുവിന്റെ റസൂൽ പറഞ്ഞു,''എന്റെ സുരക്ഷയുടെ കാര്യത്തിലാണ് നിനക്ക് ഉത്കണ്ഠ യും വേവലാതിയും ഉള്ളതെന്ന് എനിക്ക് നന്നായിട്ടറിയാം. എന്നാൽ അല്ലാഹു ഈ സമയം എന്റേയും നിന്റേയും സംരക്ഷകനാണ്. നമ്മൾ രണ്ടുപേരോടുമൊപ്പം മൂന്നാമതായി അല്ലാഹുവുമുണ്ട്. അത്കൊണ്ട് ദു:ഖിക്കേണ്ട. തീർച്ചയായും അല്ലാ ഹു നമ്മോടൊപ്പമുണ്ട്."

കാലടി വിദഗ്ധന്റെ വാക്ക് കേട്ട് കൂടെയുള്ളവരിലധികം പേരും, ഇവൻ വിഡ്ഢിത്തവും വിവരക്കേടുമാണ് പറയുന്നത് എന്ന് ഒരേ സ്വരത്തിൽ പറയുകയും പുച്ഛരിച്ചു തള്ളുകയും ചെയ്തു. എന്നാൽ അവരിലൊരാൾ, ഗുഹയു ടെ അകം പരിശോധിച്ച് ഉറപ്പ് വരുത്തുന്നത് ഉചിതമായിരിക്കു മെന്ന് പറഞ്ഞുവെങ്കിലും ആ അഭി പ്രായവും ആരും ചെവികൊണ്ടില്ല. അവർ പറഞ്ഞു, പാമ്പും തേളും ഇരുട്ടും നിറഞ്ഞ ഈ ഗുഹ ഒരിക്കലും മനുഷ്യന് ഒളിക്കാൻ പറ്റിയ സ്ഥലമല്ല. മാത്രവുമല്ല, മുഹമ്മദ് ഇതിനകത്ത് പ്രവേശിച്ചി രുന്നുവെങ്കിൽ ഈചിലന്തി വല ക്കും പക്ഷിയുടെ കൂടിനും കേട് പറ്റുമായിരുന്നു. അതിന് ശേഷം മുഹമ്മദ് ഇതിനകത്തില്ല എന്ന് ഉറപ്പിച്ച് കൊണ്ട് എല്ലാവരും മടങ്ങുകയും ചെയ്തു.

അല്ലാഹു തന്റെ റസൂലിനെ സംരക്ഷിക്കാനായി ഉണ്ടാക്കിയ തന്ത്രം എത്ര മഹത്തരം. വീടു കളിൽ വെച്ചേറ്റവും ബലഹീനമായ വീട് ചിലന്തിയുടെതാണെന്ന് അല്ലാ ഹു തന്നെ (വി.ഖുർആൻ 29:42) പറഞ്ഞിട്ടുണ്ട്. പക്ഷെ ഇവിടെ ചിലന്തി വലകൊണ്ട് സുശക്തമായ കോട്ടയാണ് അല്ലാഹു തന്റെ ദൂതനുവേണ്ടി പണിയിച്ചത്. സുബ്ഹാനല്ലാഹ്! ഈ സംഭവങ്ങൾ ക്കൊന്നും ഞാനോ നമ്മുടെ മറ്റ് സഹോദരന്മാരോ ആരും തന്നെ ദൃക്സാക്ഷികളായി ഉണ്ടായിരുന്നി ല്ല. അല്ലാഹുവും അവന്റെ റസൂലും അബൂബക്കറും മാത്രമാണുണ്ടായി രുന്നത്. ഈ സംഭവങ്ങളൊക്കെ ഞങ്ങൾ പിന്നീടാണറിയുന്നത്. ഞാനെന്റെ കഥയുടെ ആരംഭത്തിൽ സൂചിപ്പിച്ചതുപോലെ ഞാൻ അനുഭ വിച്ചതും, നേരിൽ കണ്ടതും, അല്ലാഹുവിന്റെ റസൂലിൽ നിന്നും മുസ്ലിം സഹോദരന്മാരിൽ നിന്നും നേരിൽ കേട്ടതുമായ കാര്യങ്ങളാണ് നിങ്ങളോട് ഞാൻ പങ്കുവെക്കുന്നത്.

## അബൂബക്കറിന്റെ മുൻകരുതലുകൾ

അബൂബക്കർ വീട്ടിൽ നിന്ന് സൗർ ഗുഹയിലേക്ക് പുറപ്പെടുന്ന തിന് മുമ്പ് ചില പദ്ധതികൾ ആസൂത്രണം ചെയ്തിരുന്നു. തന്റെ

മകനായ അബ്ദുല്ലാഹ് നോട് പകൽ മക്കയിൽ ചുറ്റിക്കറങ്ങി ഖുറൈശി കളുടെ ചലനങ്ങൾ നിരീക്ഷിച്ചു കൊണ്ട് ആ വിവരം രാത്രി അൽപം വൈകി സൗർ ഗുഹയിൽ വന്ന് അറിയിക്കേണമെന്നു പറഞ്ഞിട്ടു ണ്ടായിരുന്നു. അബ്ദുല്ലാഹ് വളരെ സമർഥനും ബുദ്ധിമാനുമായ ഒരു ചെറുപ്പക്കാരനാണ്. തന്റെ പിതാവി നെ പിൻതുടർന്ന് കൊണ്ട് ആദ്യ കാലം ഇസ്ലാം സ്വീകരിച്ചിട്ടില്ലെങ്കി ലും വിശ്വസിക്കാൻ കൊള്ളാവുന്ന ആ ചെറുപ്പക്കാരൻ ദിവസവും രാത്രി സൗർ ഗുഹയിൽ വന്ന് പിതാവിനെ വിവരങ്ങൾ ധരിപ്പിക്കു മായിരുന്നു. രാത്രി ഗുഹയിൽ തന്നെ തങ്ങി പിറ്റെ ദിവസം പുലർച്ചെയാ ണ് തിരിച്ചു പോയിരുന്നത്.

മറ്റൊന്ന് തന്റെ വിശ്വസ്ത നായ ഭൃത്യൻ ആമിർ ബിൻ ഫുഹൈറയോട് ദിവസവും ആടു കളെ മേയ്ച്ച് സന്ധ്യാനേരത്ത് സൗർ ഗുഹയുടെ അടുക്കൽ വന്ന് പാൽ കറന്നെടുത്ത് നൽകാൻ ഏൽപ്പിച്ചിട്ടുണ്ടായിരുന്നു. ആമിർ അപ്രകാരം ചെയ്തുകൊണ്ടിരുന്നു. അതുപോലെ യാത്രക്കുള്ള രണ്ട് ഒട്ടകങ്ങൾ അബ്ദുല്ലാഹ് ബിൻ അരീക്കത്ത് എന്ന് പേരുള്ള അവിശ്വാസികളിൽപെട്ട വളരെ വിശ്വസ്തനായ ഒരാൾക്ക്, വിവര മറിയിക്കുമ്പോൾ എത്തിക്കാനായി അബൂബക്കർ നൽകിയിട്ടുണ്ടാ യിരുന്നു. യസ്റബിലേക്കുള്ള വഴികാട്ടിയും അയാളായിരുന്നു. അതിനുവേണ്ടി പ്രതിഫലവും കൊടുത്ത് അയാളെ ഒരുക്കി നിർത്തിയിരിക്കുകയായിരുന്നു.

## അല്ലാഹുവിന്റെ റസൂൽ യസ്റബിലേക്ക്

മുഹമ്മദി (സ) നെ പിടികൂടാ നാകാത്തതിലുള്ള അമർഷവും ദേഷ്യവും നൂറ് ഒട്ടകമെന്ന സമ്മാന മോഹവും അതിനുവേണ്ടിയുള്ള നെട്ടോട്ടവും ഏറെകുറെ തണുത്ത തായി അബ്ദുല്ലാഹ് തന്റെ പിതാവി നെ അറിയിച്ചതനുസരിച്ച്, നാലാം രാത്രി യസ്റബിലേക്കുള്ള യാത്ര തീരുമാനിക്കപ്പെട്ടു. പദ്ധതി പ്രകാരം അബ്ദുല്ലാഹ് ബിൻ അരീഖത്ത് രണ്ട് ഒട്ടകവുമായി ഗുഹാമുഖത്തെത്തി. ഒന്നിൽ അദ്ദേഹവും അല്ലാഹു വിന്റെ റസൂലും മറ്റൊന്നിൽ അബൂബക്കറും അദ്ദേഹത്തിന്റെ ഭൃത്യൻ ആമിർ ബിൻ ഫുഹൈറയും കയറി. പുറപ്പെടുന്നതിനു മുമ്പ് അ ല്ലാഹുവിന്റെ റസൂൽ വികാര വിജ്രംഭിതനായി തന്റെ പ്രിയപ്പെട്ട നാടിനെ അൽപനേരം നോക്കി നിന്നു. പിന്നീട് സഗദ്ഗദം അരുളി, "ഓ മക്കാ, നീ എനിക്ക് ലോക ത്തിൽ വെച്ച് ഏറ്റവും പ്രിയപ്പെട്ട താണ്. എന്നാൽ നിന്റെ മക്കൾ എന്നെ ഇവിടെ കഴിയാൻ അനുവദി ക്കുന്നില്ല." ഇത് കേട്ട അബൂബക്കർ പറഞ്ഞു, "ഇവർ തങ്ങളുടെ നബി യെയാണ് ആട്ടിപുറത്താക്കിയിരിക്കു ന്നത്. ഇവർ നശിപ്പിക്കപ്പെടുക തന്നെ ചെയ്യും തീർച്ച."

## യാത്ര സമുദ്രതീരത്തിലൂടെ

ശത്രുക്കൾ പിന്തുടരുമെന്ന ഭയം നിമിത്തം യസ്റബിലേക്കുള്ള സാധാരണവഴി ഉപേക്ഷിച്ചു കൊ ണ്ട് അല്പം ദീർഘമായതാണെങ്കി ലും സമുദ്രതീരത്തിലൂടെയാണ് പുറപ്പെട്ടത്. യാത്രയിലൂടനീളം അബൂബക്കർ നിതാന്ത ജാഗ്രത പാലിച്ച് കൊണ്ട് ഇടയ്ക്കിടക്ക് പുറകിലേക്ക് നോക്കിക്കൊണ്ടിരു ന്നു. എന്നാൽ അല്ലാഹുവിന്റെ റസൂൽ ഒരു പ്രാവശ്യം പോലും തിരിഞ്ഞ് നോക്കിയില്ല. അന്നു രാത്രി മുഴുവനും പിറ്റേന്ന് നട്ടുച്ച നേരം വരെ യാത്ര തുടർന്ന് കൊണ്ടേയിരു ന്നു. ചൂടിന് ശക്തി ഏറിയപ്പോൾ, അബൂബക്കറിന്റെ അപേക്ഷയനു സരിച്ച് വഴിയിൽ കണ്ട ചെരിഞ്ഞ വലിയ ഒരു പാറയുടെ തണലിൽ അല്പനേരം വിശ്രമിക്കാൻ റസൂൽ സമ്മതിച്ചു. ഉടനെ അബൂബക്കർ സ്ഥലം സജ്ജമാക്കി. റസൂൽ ഒട്ടക പുറത്ത് നിന്നും താഴെ ഇറങ്ങി അവിടെ അല്പനേരം കിടന്നു. പിന്നെ ചെറുതായൊന്നു മയങ്ങി.

അബൂബക്കർ നാലുഭാഗവും നിരീക്ഷിച്ച്കൊണ്ടിരുന്നു. അപ്പോൾ ഒരു ആട്ടിടയൻ തന്റെ ഒരു പറ്റം ആടുകളെ തെളിച്ച് പാറയുടെ തണൽ ലക്ഷ്യമാക്കി വരുന്നതായി കണ്ടു. അടുത്തെത്തിയപ്പോൾ അബൂബക്കർ അയാളോട് കുറച്ച് പാൽ ആവശ്യപ്പെട്ടു. അയാൾ സമ്മതിച്ചപ്പോൾ കറക്കുന്നതിനു മുമ്പ് സ്വന്തം കയ്യും ആടിന്റെ അകിടും നന്നായി വെള്ളം കൊണ്ട് കഴുകി വൃത്തിയാക്കാൻ അബൂബ ക്കർ അയാളോട് പറഞ്ഞു. അയാൾ അപ്രകാരം തന്നെ ചെയ്തു. കറന്നെടുത്തപാൽ ഒരു പാത്രത്തി ലൊഴിച്ച് പാത്രം വെള്ളത്തിൽ വെച്ച് അല്പസമയം തണുപ്പിച്ചു. അപ്പോഴേക്കും അല്ലാഹുവിന്റെ റസൂൽ ഉണർന്ന് കഴിഞ്ഞിരുന്നു. അബൂബക്കർ പാൽ പാത്രം അല്ലാഹുവിന്റെ റസൂലിന് നല്കി. റസൂൽ (സ) വളരെ സന്തോഷ ത്തോടെ സ്വീകരിക്കുകയും അതു കുടിക്കുകയും ചെയ്തു. അനന്തരം വീണ്ടും യാത്ര തുടർന്നു. (തുടരും)


**കടപ്പാട് & അവലംബം**

1. സീറത്ത് ഖാത്തമുന്നബിയ്യീൻ By ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ (റ)
2. സീറത്ത് സഹാബാ റസൂലുല്ലാഹ് (സ.അ) By മൗലവി മുസഫ്ഫർ അഹ്മദ് സാഹിബ്. റബ്വ
3. ഹദ്റത്ത് ബിലാൽ (റ) By ഹസ്സൻ മുഹമ്മദ് ഖാൻ സാഹിബ്. റബ്വ.
4. ഹദ്റത്ത് ബിലാൽ (റ) By ഫരീദ് അഹ്മദ് നവീദ് സാഹിബ് റബ്വ.
5. താരീഖുൽ അമ്പിയാ, വ സഹാബ വൽ ഔലിയാ By അഹ്മദ് ഫൈസി സാഹിബ്.
6. സബറോ ഇസ്തിഖാമത്ത് കെ ശഹ്സാദെ By മൗലവി അബ്ദുസ്സ മീഅ് ഖാൻ സാഹിബ്. റബ്വ.
7. ദീപാച തഫ്സീറുൽ ഖുർആൻ By ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനീ (റ)
8. ഹദ്റത്ത് അസ്മ ബിൻത് അബീബക്കറിർ By താഹിറാ രിയാസ് സാഹിബ കറാച്ചി
9. അൽ ഫസൽ ഉറുദു ദിന പത്രങ്ങൾ .. റബ്വ

കുറിപ്പുകൾ

# പ്രക്ഷുബ്ധമാവുന്ന ലോകം

## മുസാഫിർ

അമേരിക്കയുടെയും റഷ്യയുടെയും കിടമത്സരങ്ങളുടെ ബലിവേദിയാകാൻ വിധിക്കപ്പെട്ട പ്രദേശമാണ് പശ്ചിമേഷ്യ. സിറിയ, ഇറാഖ്, ഫലസ്തീൻ എന്നിവിടങ്ങളിൽ വളരെക്കാലമായി രക്തപ്പുഴ ഒഴുകുകയാണ്. അറബ് വസന്തത്തോടൊപ്പം 2011 മാർച്ചിൽ അസദ് ഭരണകൂടത്തിനെതിരെ സിറിയയിൽ ആരംഭിച്ച പ്രക്ഷോഭം ലക്ഷക്കണക്കിന് ആളുകളെ കൊന്നൊടുക്കി മുന്നേറുകയാണ്. 85 % സിറിയൻ ജനതയും പട്ടിണിയിലാണ്. ഐക്യരാഷ്ട്ര സഭയുടെയും സിറിയയുടെ അറബ് ലീഗ് പ്രതിനിധിയുടെയും കണക്കനുസരിച്ച് മൂന്നര ലക്ഷത്തിനും അഞ്ച് ലക്ഷത്തി എഴുപതിനായിരത്തിനും ഇടയിലാണ് മരണം. സ്വന്തം രാജ്യത്തെ വിമത ജന വിഭാഗങ്ങൾക്കെതിരെ രാസായുധ പ്രയോഗം നടത്തുന്നു എന്നാണ് സിറിയൻ ഭരണാധികാരി ബശ്ശാറുൽ അസദിനെതിരെയുള്ള അമേരിക്കയുടെ ആരോപണം. പശ്ചിമേഷ്യയിലെ പ്രശ്നങ്ങൾക്കെല്ലാം മൂല കാരണമായ ഇസ്റയേൽ, ന്യൂക്ലിയർ ആയുധങ്ങളടക്കം കൈവശം വെച്ച് മേഖലയിൽ ഏറ്റവും ശക്തനായി തുടരുമ്പോഴാണ് ദുർബല മുസ്ലിം രാഷ്ട്രങ്ങൾക്കെതിരെയുള്ള ഈ ആക്രമണവും കൂട്ടജന ഹത്യയും.

കൂടാതെ വടക്കൻ കൊറിയയിലേക്കും അഫ്ഘാനിസ്ഥാനിലേക്കും യുദ്ധം വ്യാപിപ്പിച്ചു കൊണ്ട് അമേരിക്ക അവരുടെ ആക്രമണ വ്യാപ്തി വർധിപ്പിക്കുകയാണ്. ന്യൂക്ലിയേതര ബോംബിൽപ്പെട്ട ബോബുകളുടെ മാതാവ് എന്നറിയപ്പെടുന്ന ഭീമാകാരമായ സംഹാര ശേഷിയുള്ള GBU-43/B (Massive Ordance Air Blast - MOAB) ബോംബാണ് അമേരിക്ക അഫ്ഘാനിസ്ഥാനിൽ ഐ എസ് പോരാളികൾക്കെതിരെ വർഷിച്ചത്. തങ്ങളുടെ സൈനികമായ പേശീബലം പ്രദർശിപ്പിക്കാൻ ലോകത്തെങ്ങും അമേരിക്ക കാട്ടുന്ന ഈ വെപ്രാളങ്ങളും ഭീഷണി പ്രസ്താവനകളും ലോകത്തിന്റെ ശാന്തി കെടുത്തി വീണ്ടും പ്രക്ഷുബ്ധമാക്കുന്നു.

സിറിയയുടെ വിമത മേഖലയായ ഈദ്ലിബ് പ്രവിശ്യയിൽ പ്രസിഡന്റ് ബശാറുൽ അസദ് രാസായുധങ്ങൾ പ്രയോഗിച്ചതിനെ തുടർന്ന് കുട്ടികളടക്കം 87 പേർ മരിച്ചെന്നാണ് റിപ്പോർട്ട്. തങ്ങളല്ല, വിമതസേനയാണ് രാസായുധങ്ങൾ പ്രയോഗിച്ചതെന്നാണ് സിറിയൻ വക്താവിന്റെ ഔദ്യോഗിക ഭാഷ്യം. വിമത സേനക്ക് വ്യോമ സൈന്യമില്ല എന്നതിനാൽ അസദിനെതിരെയാണ് രാസായുധാക്രമണത്തിന്റെ വിരൽ ചൂണ്ടുന്നത്. സിറിയൻ രാസായുധാക്രമണത്തിനെതിരെ അമേരിക്ക നേരിട്ട് സിറിയയെ ശിക്ഷിക്കാനൊരുങ്ങിയത് ലോകത്താകെ ഭീതിപരത്തുകയുണ്ടായി. മെഡിറ്ററേനിയൻ കടലിൽ നിർത്തിയിട്ട അമേരിക്കൻ യുദ്ധകപ്പലിൽ നിന്നുമുള്ള ആക്രമണത്തിൽ ഉയർന്നു പൊങ്ങിയ 59 ടൊമഹോക് മിസൈലിൽ 23 എണ്ണം മാത്രമാണ് സിറിയൻ ലക്ഷ്യത്തിൽ പതിച്ചത്. ബാക്കി അമേരിക്കൻ മിസൈലുകളെ റഷ്യയുടെ സുഖോയ് പ്രതിരോധ മിസൈലുകൾ തകർത്തുകളഞ്ഞു എന്നാണ് റിപ്പോർട്ട്. മിസൈലാക്രമണത്തിന് മുമ്പ് അമേരിക്ക റഷ്യയെ വിവരം അറിയിച്ചിരുന്നതായി വെളിപ്പെടുത്തലുണ്ടായിരിക്കുന്നു. ആക്രമണ വിവരം സിറിയയെ റഷ്യ മുൻ കൂട്ടി അറിയിച്ചതിനാൽ തങ്ങളുടെ വിമാനങ്ങൾ വിമാനത്താവളങ്ങളിൽ നിന്നും നീക്കം ചെയ്യാൻ സിറിയക്ക് സാധിച്ചു. ആകെ 6 പേരാണ് അമേരിക്കൻ ആക്രമണത്തിൽ മരിച്ച സിറിയക്കാർ. രണ്ട് ന്യൂക്ലിയർ ശക്തികൾ തമ്മിലുള്ള ഏറ്റുമുട്ടൽ ഉണ്ടാക്കാവുന്ന സർവനാശത്തെ സംബന്ധിച്ച് മറ്റാരെക്കാളും നന്നായി അമേരിക്കക്കും റഷ്യക്കും അറിയം. ഏറ്റുമുട്ടൽ സർവവ്യാപകമാകാതിരിക്കാൻ സൈനിക നീക്കങ്ങളോടൊപ്പം നടത്തുന്ന നയതന്ത്ര നീക്കങ്ങളിൽ നിന്ന് ഇത് വ്യക്തമാണ്. വാസ്തവത്തിൽ ന്യൂക്ലിയർ യുദ്ധത്തെക്കുറിച്ചുള്ള കൊടും ഭീതിയാണ് യുദ്ധത്തിന്റെ ചടുലമായ ചുവടുവെപ്പുകളെ പിറകോട്ടടിപ്പിക്കുന്നത്. ന്യൂക്ലിയർ യുദ്ധമുറ പോലെ തന്നെ മാരകമാണ് ബയോളജിക്കൽ യുദ്ധം എന്നറിയപ്പെടുന്ന ബാക്ടീരിയയും വൈറസും ഉപയോഗിച്ചുള്ള ജൈവ ശാസ്ത്ര യുദ്ധം. ജെനിറ്റിക് എഞ്ചിനീയറിങ്ങിലൂടെ ജനിതക മാറ്റം വരുത്തിയ രോഗകാരികളായ

ജൈവവിഷങ്ങൾ ഉദ്പാദിപ്പിക്കുന്ന സൂക്ഷ്മ ജീവികളെ സൃഷ്ടിക്കുന്നതാണ് ബയോളജിക്കൽ വാർഫെയർ എന്നറിയപ്പെടുന്ന ഈ യുദ്ധമുറ. ആധുനികവും മാരകവുമായ എല്ലാ യുദ്ധമുറകളും ഭാവി യുദ്ധത്തിൽ പ്രയോഗിച്ചേക്കും.

സിറിയൻ രാസായുധാക്രമണത്തിനെതിരെ യുഎന്നിൽ പ്രമേയം അവതരിപ്പിച്ചപ്പോൾ സിറിയയുടെ രക്ഷാധികാരിയും സ്ഥിരാംഗവുമായി അറിയപ്പെടുന്ന റഷ്യ അത് വീറ്റോചെയ്യുകയുണ്ടായി. ചൈന വോട്ടെടുപ്പിൽ നിന്ന് വിട്ടുനിന്നു. ചൈനയുടെ ഈ നിലപാട് തങ്ങൾക്കുള്ള അർധ പിന്തുണയായി അമേരിക്ക വ്യാഖ്യാനിക്കുകയും ചെയ്തിട്ടുണ്ട്. രക്ഷാസമിതിയിൽ 15 അംഗരാജ്യങ്ങളിൽ ഫ്രാൻസ്, യു കെ, യു എസ് എന്നീ രാജ്യങ്ങൾ ചേർന്ന് അവതരിപ്പിച്ച പ്രമേയത്തിന് 10 അംഗങ്ങളുടെ പിന്തുണയാണ് ലഭിച്ചത്. ആറ് വർഷമായി തുടരുന്ന സിറിയൻ ആഭ്യന്തര യുദ്ധത്തിനെതിരെ ഇത് എട്ടാമത്തെ തവണയാണ് അസദ് ഭരണ കൂടത്തിനെതിരെയുള്ള പ്രമേയം റഷ്യ വീറ്റോ ചെയ്യുന്നത്.

മറ്റു യുഎസ് പ്രസിഡന്റുമാരിൽ നിന്നും ഭിന്നനായി അപ്രവചനീയമായ ചില സ്വഭാവവിശേഷങ്ങളും പ്രവണതകളുമുള്ളയാളാണ് ഇപ്പോഴത്തെ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. അദ്ദേഹത്തിന്റെ റഷ്യയോടുള്ള ഭ്രമം വിചിത്രതരമാണ്. സിറിയ സ്വന്തം ജനങ്ങൾക്കെതിരെ രാസായുധ പ്രയോഗം നടത്തിയതിന്റെ പേരിൽ വൻ പ്രചാരണ സന്നാഹങ്ങളും കോലാഹലങ്ങളുമൊരുക്കിക്കൊണ്ട് സിറിയക്കെതിരെ അമേരിക്ക നടത്തിയ ആക്രമണം ഒരു രാഷ്ട്രീയ നാടകമാണെന്ന് പോലും സംശയിക്കുന്നവരുണ്ട്. ഐഎസിന്റെ രൂപീകരണവും അവരുടെ സൈനിക മുന്നേറ്റങ്ങളും അനന്തരം അറബ് ജനതയെ കൊന്നൊടുക്കലുമെല്ലാം പലപ്പോഴും മുൻകൂട്ടി തയ്യാറാക്കിയ തിരക്കഥ പോലെ ദുരൂഹതകൾ നിറഞ്ഞതാണ്. വൻ ശക്തികളുടെ ഈ എറ്റുമുട്ടൽനാടകങ്ങൾക്ക് അതിന്റേതായ നിഗൂഢലക്ഷ്യങ്ങളുണ്ടാവും. എന്തു തന്നെയായാലും നീതിരഹിതമായ താൽപ്പര്യങ്ങളുടെ അന്തിമഗതി തീർച്ചയായും ഏറ്റുമുട്ടിയുള്ള നാശമായിരിക്കുമെന്നത് ലോകചരിത്രവും ഇസ്‌ലാമിക പ്രമാണങ്ങളും നൽകുന്ന പാഠമാണ്. ലോകത്ത് നടക്കുന്ന പല സംഘർഷങ്ങളും മാദ്ധ്യമങ്ങൾ കൊഴുപ്പിക്കുമ്പോൾ വായനക്കാർക്ക് അതിന്റെ വ്യക്തമായ ഗതിനിർണയിക്കാൻ കഴിയാതെ വരുന്ന സന്ദർഭങ്ങളുമുണ്ടാകാറുണ്ട്. അതുകൊണ്ട് യുദ്ധ സംഘർഷങ്ങളുടെ അടിയൊഴുക്കുകളും അടിവേരുകളും വളരെ ഗൃഹപാഠം ചെയ്ത് മനസ്സിലാക്കേണ്ട സംഗതിയാണ്.

## കൊറിയൻ പ്രശ്നം

മറ്റൊരു സംഘർഷം ലോകത്ത് കൊഴുക്കുന്നത് ഉത്തര കൊറിയയുടെ (പോങ്ങ്യാംങ്ങ്) ഏകാധിപതി കിം ജോം ഉൻ അമേരിക്കക്കെതിരെ നടത്തിവരുന്ന വെല്ലുവിളിയാണ്. ആണവ പരീക്ഷണങ്ങളും സൈനിക പരേഡുകളും നടത്തിയാണ് ഉത്തര കൊറിയ അമേരിക്കൻ മേൽകോയ്മക്കെതിരെ വെല്ലുവിളി യുയർത്തുന്നത്. ഏപ്രിൽ 15 ാം തീയതി കൊറിയയുടെ സ്ഥാപക




ഭരണാധികാരിയും ഇപ്പോഴത്തെ ഏകാധിപതി കിം ജോങ്ങ് ഉന്നിന്റെ മുത്തഛനുമായ കിം ഈൽ സുങ്ങിന്റെ 105-ാം വാർഷിക ദിനാഘോഷത്തിന്റെ ഭാഗമായായിരുന്നു വൻ സൈനിക പരേഡും റാലിയും സംഘടിപ്പിച്ചത്. യു എൻ ഉപരോധത്തെയും യുഎസ് ഭീഷണിയേയും മറികടന്നാണ് കൊറിയയുടെ ഈ പ്രകടനം. ചൈനയുടെ ആശ്രിത രാജ്യമായ ഉത്തര കൊറിയക്കെതിരെയുള്ള ഏതാക്രമണവും ചൈനയോടുള്ള ആക്രമണമായി വ്യാഖ്യാനിക്കപ്പെടാനുള്ള സാദ്ധ്യത വളരെ കൂടുതലാണ്. മാത്രമല്ല ഉത്തര കൊറിയ ആക്രമിക്കപ്പെട്ടാൽ അത് അമേരിക്കയുമായും നാറ്റോ സഖ്യവുമായും ബന്ധമുള്ള ദക്ഷിണ കൊറിയയേയും, ജപ്പാനേയും തിരിച്ചടിക്കാൻ കാരണമാകുമെന്നും പ്രതിക്ഷിക്കാവുന്നതാണ്. ദക്ഷിണ കൊറിയക്കെതിരെയുള്ള ആക്രമണം മുന്നിൽ കണ്ടുകൊണ്ടാണ് അമേരിക്ക ദക്ഷിണ കൊറിയയിൽ മി സൈൽ പ്രതിരോധ സംവിധാനമായ ടെർമിനൽ ഹൈ ആൾട്ടിട്യൂഡ് ഏരിയ ഡിഫൻസ് (താഡ്) വിന്യസിച്ചു കൊണ്ടിരിക്കുന്നത്. തങ്ങളുടെ സൈനിക സംവിധാനത്തെ ഇത് ബാധിക്കും എന്ന് പറഞ്ഞ് താഡിനെതിരെ ചൈന രൂക്ഷമായ വിമർശനവുമായി രംഗത്തുണ്ട്. ഏതായാലും ഉത്തര കൊറിയയും അമേരിക്കയും തമ്മിലുള്ള സംഘർഷം ലോകത്ത് യുദ്ധ ഭീതി പരത്തുക സ്വഭാവികമാണ്.

കൊറിയക്ക് മറ്റൊരു ചരിത്ര പശ്ചാത്തലത്തോടൊപ്പം ഇക്കാലത്തെ ആത്മീയ ഗുരുവും അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരുമായ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) ന് കൊറിയയെ സംബന്ധിച്ചുണ്ടായ അസാധാരണമായുണ്ടായ ഒരു ദൈവിക വെളിപാട് കൂടിയുണ്ട്. വാഗ്ദത്ത മസീഹിന് കൊറിയയെ പറ്റിയുണ്ടായ ഒരു വെളിപാടിൽ ആധുനിക രാഷ്ട്രീയ പ്രക്ഷുബ്ധാവസ്ഥയിൽ കൊറിയയുടെ പ്രാധാന്യം വർധിപ്പിക്കുന്നതായി

മതപക്ഷത്തുനിന്നുള്ള വിശകലന ങ്ങളിൽ തെളിഞ്ഞുകാണാം.

## വാഗ്ദത്ത മസീഹിന്റെ പ്രവചനവും കൊറിയൻ പ്രതിസന്ധിയും

വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദി (അ)ന് നൂറ് വർഷങ്ങൾക്ക് മുമ്പുണ്ടായ കൊറിയയെ പറ്റിയു ണ്ടായ ഒരു ദൈവിക വെളിപാടും അതിനെ തുടർന്ന് കൊറിയയിലും ലോകത്തുമുണ്ടായ സംഭവങ്ങളും ഈ സന്ദർഭത്തിൽ പരിശോധി ക്കുന്നത് ഉചിതമായിരിക്കും.

**ഏക് മശ്‌രിഖി ത്വാഖത്ത് കൊറിയാ കാ നാസൂക്ക് ഹാലത്ത്.**

ഒരു പൗരസ്ത്യ ശക്തിയും കൊറിയയുടെ ദുർഘട സ്ഥിതി യും എന്നതായിരുന്നു വാഗ്ദത്ത മസീഹിനുണ്ടായിരുന്ന ആ വെളി പാട്.

ലോക ഭൂപടത്തിൽ ആരാ ലും ശ്രദ്ധിക്കപ്പെടാതെ ചൈനയുടെ ശരീരത്തിൽ ജപ്പാന് അഭിമുഖമായി തള്ളി നിൽക്കുന്ന ഒരു കൊച്ചു ദശ പോലെ ശാന്ത സമുദ്രത്തിൽ നില കൊണ്ടിരുന്ന കൊറിയ കഴിഞ്ഞ ഒരു നൂറ്റാണ്ടിനുള്ളിൽ പൗരസ്ത്യ ശക്തിയായ ചൈനയുടെ സാന്നി ദ്ധ്യത്തിൽ ലോകചരിത്രത്തിൽ പ്രക്ഷുബ്ധമായ പല രാഷ്ട്രീയ പ്രതിസന്ധികളുടേയും എപ്പിക് സെന്ററായി തീർന്നത് ഈ വെളിപാടിന്റെ വെളിച്ചത്തിൽ ഒരു വിസ്മയമായി അവശേഷിക്കുന്നു.

പൗരാണിക ചൈനയുടെ ഒരു സാമന്ത രാജ്യമായിരുന്നു കൊറിയ. ചൈനയുമായി 1,416 കിലോ മീറ്ററും റഷ്യയുമായി 18 കിലോ മീറ്ററും അതിർത്തി പങ്കിടു ന്ന ഒരു രാജ്യം കൂടിയാണ് വടക്കൻ കൊറിയ. റഷ്യയും ശാന്തസമുദ്ര ത്തിൽ അടുത്ത് കിടക്കുന്ന ദ്വീപായ ജപ്പാനും കൊറിയയെ അധീനപ്പെടു ത്താൻ ചരിത്രത്തിലുടനീളം ശ്രമിച്ചിട്ടുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിൽ യൂറോപ്പിൽ ദേശീയത ഉയർന്നു വന്ന കാലത്ത് ഏഷ്യയി ലെ ഏറ്റവും വലിയ സാമ്രാജ്യത്വ ശക്തി ജപ്പാനായിരുനുന്നു. 1876 ൽ കൊറിയയുടെ തുറമുഖങ്ങൾ മേധാവിത്വത്തോടെ ഉപയോഗി ച്ചിരുന്ന ജപ്പാനോട് മത്സരിച്ച് റഷ്യയും അമേരിക്കയും ചില യൂറോപ്യൻ രാജ്യങ്ങളും കൊറിയ യുമായി വ്യാപാര കരാറുണ്ടാക്കാൻ ശ്രമിച്ചത് ജപ്പാന് ഒട്ടും രസിച്ചില്ല. 1894-1895 വർഷങ്ങളിൽ കൊറിയ യെ ചൊല്ലി ജപ്പാൻ ചൈനയുമാ യും റഷ്യയുമായും യുദ്ധം ചെയ്തു വിജയിച്ചു. അതോടെ ജപ്പാൻ ഏഷ്യയിലെ ചോദ്യം ചെയ്യാനാ വാത്ത സാമ്രാജ്യത്വ ശക്തിയായി അംഗീകരിക്കപ്പെട്ടു. ചൈനയുടെ അഖണ്ഡഭൂവിഭാഗമായ കൊറിയ യെ ജപ്പാൻ പിന്നീട് എല്ലാ അർഥത്തിലും തങ്ങളുടെ ഒരു കോളനിയാക്കി മാറ്റി. ജപ്പാന്റെ കീഴിൽ ഭൗതികമായി പുരോഗമിച്ചു വെങ്കിലും ക്രൂരരായ ജപ്പാൻ സാമ്രാജ്യത്തിന് കീഴിൽ അവർ വീർപ്പ് മുട്ടുകയായിരുന്നു. ഇന്ത്യ യെ പോലെ ഒന്നാം ലോക മഹായുദ്ധത്തിന്റെ തുടക്കത്തിൽ കൊറിയയിൽ സ്വാതന്ത്ര്യ സമര പ്രസ്ഥാനം ആരംഭിച്ചിരുന്നു. ജപ്പാൻ അത് ശക്തവും ക്രൂരവുമായി അടിച്ചമർത്തി. പിന്നീട് രണ്ടാം ലോക മഹായുദ്ധത്തിൽ ജപ്പാൻ പരാജയപ്പെട്ടതോടെ കൊറിയയെ വിഭജിച്ച് വടക്ക് റഷ്യയും തെക്ക് അമേരിക്കയും അധീനപ്പെടുത്തുക യായിരുന്നു. റഷ്യയുടെ പിന്തുണ യോടെ കിം ഈൽ സുങ്ങ് കമ്യൂണിസ്റ്റ് ഭരണവും അമേരിക്ക യുടെ പിന്തുണയോടെ സിങ്ങ്മാൻ റീയുടെ നേതൃത്വത്തിൽ തെക്കൻ കൊറിയയും നിലവിൽ വന്നു. പിന്നീട് യുദ്ധോത്സുകമായ അതിർ ത്തികളുള്ള രണ്ട് അപകടകാരി കളായ രാജ്യങ്ങളായി ഇരു കൊറിയ കളും മാറി.

ശീതയുദ്ധകാലത്തെ ശാക്തി ക കിടമത്സരത്തിൽ ഏറ്റവും ഭീതി ജനകമായ ഒരു സംഭവമായിരുന്നു 1950-53 കളിലെ ഉത്തര ദക്ഷിണ കൊറിയകൾ തമ്മിലുള്ള യുദ്ധം. കൊറിയൻ യുദ്ധം ഒരു ആഗോള പ്രതിസന്ധിയായി വളരുകയായിരു ന്നു. ഒരു ആഗോള യുദ്ധത്തിന്റെ പരിവേശത്തോടെ അരങ്ങേറിയ കൊറിയൻ യുദ്ധം പത്തൊമ്പത് രാജ്യങ്ങൾ പങ്കെടുത്ത ഒരു കൊച്ചു ലോക മഹായുദ്ധം തന്നെയായിരു ന്നു. 1950 ജൂൺ 25-ാം തീയതി റഷ്യയുടെ രഹസ്യ പിന്തുണയോടെ കൊറി യൻ അതിർത്തിയായ 38-ാം അക്ഷാംശ രേഖ വടക്കൻ കൊറിയ കടന്നാക്രമിക്കുകയും ഞൊടിയിട ക്കുള്ളിൽ തെക്കൻ കൊറിയയെ കീഴടക്കുകയും ചെയ്തു. ഉടനെ അമേരിക്കയുടെ നേതൃത്വത്തിൽ ഐക്യരാഷ്ട്ര സഭാ രക്ഷാസമിതി യിൽ വടക്കൻ കൊറിയക്കെതിരെ പ്രമേയം കൊണ്ടുവന്നു. പ്രമേയം റഷ്യയുടെ അഭാവത്തിൽ എതിർപ്പി ല്ലാതെ പാസ്സാവുകയും ചെയ്തു.

പ്രമേയം പാസ്സാവാൻ അതാ യത് യുഎൻ രക്ഷാസമിതിയിൽ റഷ്യയുടെ സാന്നിദ്ധ്യം ഇല്ലാതാ വാൻ അസാധാരണമായ ഒരു സാഹചര്യമുണ്ടായിരുന്നു. അതി ന്റെ ചുരുക്കം ഇപ്രകാരമാണ്. രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം ജിയാങ്ങ് കീ ഷെയ്ക്കിന്റെ കൂമിന്താങ്ങ് കക്ഷിയായിരുന്നു ചൈനയിൽ അധികാരത്തിൽ ഉണ്ടായിരുന്നത്. 1945 ൽ ചൈനയിൽ റഷ്യയുടെ പിന്തുണയോടെ ദേശീയ കക്ഷിയായ കുമിന്താങ്ങിനെ അട്ടിമറിച്ച് മാവോ സെ തുങ്ങിന്റെ നേതൃത്വത്തിൽ വിപ്ലവം അരങ്ങേറു കയും കമ്മ്യൂണിസ്റ്റ് ഭരണകൂടം അധികാരത്തിൽ വരികയും ചെയ് തു. ഗത്യന്തരമില്ലാതെ ജിയാങ്ങ് കീ ഷെയ്ക്ക് ചൈനാ മഹാരാജ്യത്തിന് തൊട്ടു കിടക്കുന്ന തായ്‌വാനിൽ (ഫോർമോസ ദ്വീപിൽ) അഭയം തേടുകയും ചെയ്തു. അവിടെ ഒരു സമാന്തര സർക്കാർ സ്ഥാപിക്കുക യും അതിന് റിപ്പബ്ലിക്ക് ഓഫ് ചൈന എന്ന് നാമകരണം ചെയ്യുക യും ചെയ്തു. യുഎന്നിൽ ലോക ത്തിലെ ഏറ്റവും ജനസംഖ്യയുള്ള രാജ്യമായ ചൈനയെ പ്രതിനിധീ കരിച്ചത് ഈ കൊച്ചു ദ്വീപായിരു ന്നു. ഇതിൽ പ്രതിഷേധിച്ച് റഷ്യ ഐക്യരാഷ്ട്ര സഭയുടെ സുരക്ഷാ

സമിതി ബഹിഷ്ക്കരിക്കുകയും ചെയ്തു. ഈ കാലഘട്ടത്തിലായിരുന്നു അമേരിക്കയുടെ നേതൃത്വത്തിൽ കൊറിയക്കെതിരെ പ്രമേയം പാസ്സാക്കിയത്. പ്രമേയം 38-ാം അക്ഷാംശ രേഖയിലേക്ക് മടങ്ങുവാൻ ഉത്തര കൊറിയയോട് ആവശ്യപ്പെട്ടു. പ്രമേയത്തിൽ ഉത്തര കൊറിയക്കെതിരെ യുദ്ധം ചെയ്യാനുള്ള ആഹ്വാനമുണ്ടായിരുന്നില്ല. പക്ഷേ അമേരിക്ക അവസരം മുതലെടുത്ത് 18 രാജ്യങ്ങളെ ചേർത്ത് ഉത്തര കൊറിയക്കെതിരെ ജപ്പാനിൽ നിന്ന് യുദ്ധം ആരംഭിച്ചു. തെക്കൻ കൊറിയ തിരിച്ചു പിടിച്ചു. യു എൻ സേന വടക്കൻ കൊറിയയെ പിന്നോട്ടടിപ്പിച്ചു. അമേരിക്കൻ പ്രസിഡന്റ് ട്രൂമാൻ ചൈനയുടെ അതിർത്തിയിലേക്ക് ഉത്തര കൊറിയൻ സൈന്യത്തെ ആട്ടിപ്പായിക്കാൻ ഉത്തരവിട്ടു. ഈ സന്ദർഭത്തിൽ ചൈന യുദ്ധത്തിൽ നേരിട്ടിടപെടുമെന്ന് ഭീഷണി മുഴക്കുകയും ചെയ്തു. ചൈനയുടെ പൂർണ സഹകരണത്തോടെ ഉത്തര കൊറിയൻ പട്ടാളം യുഎൻ സേന നിലയുറപ്പിച്ച പ്രദേശം തിരിച്ചു പിടിക്കുകയും ചെയ്തു. അവസാനം മൂന്ന് വർഷത്തെ പരസ്പര യുദ്ധത്തിന് ശേഷം റഷ്യ ഐക്യരാഷ്ട്ര സഭയിൽ ഇടപെട്ട് 1953 ൽ ജൂലൈ 23 ന് സമാധാന സന്ധിയിൽ ഒപ്പ് വെക്കുകയും ചെയ്തു. ഐക്യരാഷ്ട്ര സഭയുടെ അരലക്ഷം ഭടന്മാർ കൊല്ലപ്പെട്ട ഈ യുദ്ധത്തിൽ കൊറിയക്ക് രണ്ടര ലക്ഷം പേരാണ് നഷ്ടപ്പെട്ടത്. അതിന് പുറമെ അളവറ്റ ധന നഷ്ടവും ഉണ്ടായി. രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം ലോകം അഭിമുഖീകരിച്ച ഏറ്റവും വലിയ ഒരാഗോള പ്രതിസന്ധിയായിരുന്നു ഇത്. മാത്രമല്ല പഴയ ലീഗ് ഓഫ് നേഷനോ ഐക്യരാഷ്ട്ര സഭക്കോ അതുവരെ ഒരു യുദ്ധം ചെയ്ത അനുഭവമില്ലായിരുന്നു. ശീതയുദ്ധ കാലത്തെ മൂർധന്യ ദശയെക്കുറിക്കുന്നതാണ് പൗരസ്ത്യ ശക്തികളായ ചൈനയുടേയും റഷ്യയുടെയും ഗണ്യമായ പങ്കാളിത്തമുണ്ടായിരുന്ന ആപൽക്കരമായ ഈ ലോകസംഭവം. അത് സംഭവിക്കുന്നതിന് അഞ്ച് ദശാബ്ദങ്ങൾക്ക് മുമ്പ് വാഗ്ദത്ത മസീഹിന്റെ ദിവ്യജ്ഞാന ദൃഷ്ടിയിൽ ഈ സംഭവത്തിന്റെ സൂചനകൾ മിന്നിമറഞ്ഞതും പ്രവചന ഭാഷയിൽ അത് രേഖപ്പെടുത്തപ്പെട്ടതും അത്ഭുതകരമാണ്. ആ പ്രവചനങ്ങളിൽ പറയപ്പെട്ട ***ഒരു പൗരസ്ത്യ ശക്തിയും കൊറിയയുടെ ദുർഘട സ്ഥിതിയും*** എന്ന പ്രവചനം കൂടുതൽ അർഥങ്ങൾ തേടിക്കൊണ്ട് പുതിയ തലങ്ങളിൽ പുലരുകയാണ്.

ചൈന വടക്കൻ കൊറിയയുടെ ഹൈഡ്രജൻ ബോംബിനെ നയതന്ത്ര ഭാഷയിൽ അപലപിച്ചിട്ടുണ്ട്. വടക്കൻ കൊറിയയുടെ ന്യൂക്ലിയർ പരിപാടിയുമായി ബന്ധപ്പെട്ട് ചൈനയുമായി വടക്കൻ കൊറിയക്കുള്ള ബന്ധം പഴയത് പോലെ അത്ര ഊഷ്മളമായി ബാഹ്യമായി കാണപ്പെട്ടിരുന്നില്ല. എങ്കിലും ചൈനയുടെ ഒരു ആശ്രിത രാജ്യമാണ് വടക്കൻ കൊറിയ. 1961 ൽ ഒപ്പ്വെച്ച Sino-North Korean Mutual Aid and Co-operation Friendship Treaty പ്രകാരം വടക്കൻ കൊറിയക്ക് മേലുള്ള ഏതൊരു വിദേശ ആക്രമണത്തേയും പ്രതിരോധിക്കാനും പ്രത്യാക്രമണം നടത്താനും ചൈന ബാദ്ധ്യസ്ഥരാണ്. 2021 വരെ പ്രാബല്യത്തിലുള്ള ഒരു കരാറാണിത്. അമേരിക്കയും പാശ്ചാത്യ രാജ്യങ്ങളും പൗരസ്ത്യ ശക്തികളായ ചൈനയും റഷ്യയും തമ്മിൽ ഇപ്പോൾ നിലനിൽക്കുന്ന വാണിജ്യപരവും സാമ്പത്തികവും സൈനികവുമായ മത്സരത്തെ വടക്കൻ കൊറിയൻ പ്രശ്നം കൂടുതൽ മൂർച്ഛിപ്പിക്കാനും സങ്കീർണമാക്കാനും അത് പ്രക്ഷുബ്ധമായി കൊണ്ടിരിക്കുന്ന ആഗോള സമാധാനത്തെ വീണ്ടും അലോസരപ്പെടുത്താനും ഇടയുണ്ട്. അങ്ങനെ ആവാതിരിക്കട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം.

**പേജ് 39 ൽ നിന്ന് തുടർച്ച**

മലക്കുകൾ പ്രകടിപ്പിച്ച ഭയം എന്ന് ചില വ്യാഖ്യാതാക്കൾ പറയുന്നു.

ഒരു ജനതക്കും അവരുടെ കഴിവിനപ്പുറമുള്ള ഭാരം ചുമത്തപ്പെടുന്നതല്ലെന്ന് വിശുദ്ധഖുർആൻ പ്രസ്താവിക്കുന്നു. സ്രഷ്ടാവിന്റെ മാർഗദർശനമില്ലാതെ ഒരു ജനതയും ജീവിച്ചിട്ടില്ല. ഇതിന്റെ സൂചന ഒന്നാമതായി ആദമിന്റെ കാലംവരെ മനുഷ്യന് ദൈവികനിയമം മനസ്സിലാക്കാനുള്ള കഴിവുണ്ടായിരുന്നില്ല എന്നും വെളിപാടിന്റെ പ്രക്രിയ ആരംഭിച്ചശേഷം മദ്ധ്യപൗരസ്ത്യ ദേശങ്ങളിലെയും ഏഷ്യയിലെയും ജനങ്ങൾ മാത്രമായിരുന്നില്ല അതിന്റെ ഗുണഭോക്താക്കൾ എന്നുമാണ്. അതേപ്രകാരം ആഫ്രിക്കയിലേയും ആസ്ത്രേലിയയിലെയും അമേരിക്കയിലെയും ജനങ്ങൾക്ക് ഗുണപ്രദമായ രീതിയിൽ ദൈവിക മാർഗദർശനം ലഭിച്ചിരുന്നു.

ഇത് രണ്ടുവിധത്തിൽ ബൈബിളിലെ വിവരണവുമായി വ്യത്യസ്തമാണ്. ഒന്നാമതായി ആദം ആദ്യത്തെ മനുഷ്യനായി ഗണിക്കപ്പെടുന്നില്ല. മതത്തോടുകൂടിയുള്ള ആദ്യത്തെ മനുഷ്യനായിരുന്നു അദ്ദേഹം. മദ്ധ്യപൗരസ്ത്യദേശങ്ങളിലെ ജനങ്ങൾക്ക് മാത്രമായിരുന്നില്ല വെളിപാട് ലഭിച്ചത്. മനുഷ്യവർഗത്തിന് മുഴുവനും അവർക്കനുയോജ്യമായ വിധത്തിൽ വെളിപാട് ലഭിച്ചിരുന്നു. ലഭിച്ച സന്ദേശം ലോകത്തിലെ വ്യത്യസ്ത ഭാഗങ്ങളിൽ വ്യത്യസ്തമായ സങ്കീർണതകളോടെയായിരിക്കാം. എന്നാൽ അവ പരസ്പര വിരുദ്ധമായിരുന്നില്ല. ലോകംമുഴുവനുമുള്ള പരമ്പരാഗത വിശ്വാസങ്ങളിൽ സ്വർഗനരകങ്ങളെക്കുറിച്ചുള്ള വിഷയം ഉണ്ടായിരിക്കണമെന്നത് തികച്ചും ബുദ്ധിപൂർവകമാണ്. ശരിയായ വിശദവിവരങ്ങൾ കാലപ്പഴക്കത്താൽ വികൃതമായതാവാം. പക്ഷേ അതിന്റെ അടിസ്ഥാനതത്ത്വങ്ങൾ ഒന്നുതന്നെയായിരുന്നു.

**(വിവ: കെ.വി. എച്ച്. )**

# എച്ച്. നാസിറുദ്ദീൻ സാഹിബ് മാതൃകാ യോഗ്യനായ കർമഭടൻ

**(അമീറുൽ മുഅ്മിനീൻ അദ്ദേഹത്തെ അനുസ്മരിക്കുന്നു.)**



*അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസ് പറയുന്നു:*

*ഇന്നത്തെ ഖുത്ബയ്ക്കുവേണ്ടി മറ്റു ചില വിഷയങ്ങളാണ് ഞാൻ എടുത്തിരുന്നത്. പക്ഷേ, ചില മർഹൂമീംകളുടെ ജനാസ നമസ്കരിക്കേണ്ടതുണ്ട്. അവരെ കുറിച്ചുള്ള ചില കാര്യങ്ങൾ മുമ്പിൽ വന്നു. അതുകൊണ്ട് അവരെക്കുറിച്ച് പറയാമെന്ന് ഞാൻ വിചാരിച്ചു. അവരിൽ ഒരാൾ ശഹീദാണ്. ഒരാൾ ജമാഅത്തിന്റെ മുറബ്ബിയാണ്. ഒരാൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ പൗത്രിയാണ്. ഇവരുടെ ചില സവിശേഷ ഗുണങ്ങൾ ജമാഅത്തിലെ എല്ലാതരക്കാർക്കും സൽമാതൃകയാണ്. അത് നമ്മളിൽ അധികമാളുകൾക്കുമുള്ള അനുകരണീയ മാതൃകകളാണ്. ഒരുപാടാളുകൾക്ക് അവയിൽ പാഠങ്ങളുണ്ട്. അതുകൊണ്ട് ഈ പരേതാത്മാക്കളുടെ സംക്ഷിപ്ത വിവരം പറയുന്നതിനുപകരം അവരെക്കുറിച്ച് തുറന്ന നിലയിൽ പറയാമെന്ന് ഞാൻ കരുതി.*

എന്റെ മുമ്പിൽ വന്നിട്ടുള്ള ഓരോരുത്തരുടേയും ജീവിതത്തിന്റെ വശങ്ങൾ അല്ലെങ്കിൽ അവർ അങ്ങനെയുള്ളവരാണെന്ന് എനിക്കറിയാവുന്നത് അവർ **മൻ ഖളാനഹ്ബഹൂ** (അവർ തങ്ങളുടെ പ്രതിജ്ഞ പൂർത്തിയാക്കിയിരിക്കുന്നു-33 :24) എന്നതിന്റെ സാക്ഷ്യങ്ങളാക്കുന്നു. അവർ തങ്ങളുടെ പ്രതിജ്ഞകളേയും നിയ്യത്തുകളേയും ഉദ്ദേശ്യങ്ങളേയും പൂർത്തിയാക്കുന്നവരായിരുന്നു. അവർ ദീനിനെ ദുൻയാവിനെക്കാൾ മുന്തിച്ചുകൊണ്ട് തങ്ങളുടെ ജീവിതം കഴിച്ചുകൂട്ടി. അങ്ങനെ തന്നെ അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഹാജരാകുകയും ചെയ്തു.

**എനിക്ക് സ്മരിക്കാനുളളതിൽ ഒരാൾ ഇന്ത്യയിലെ ഗോദാവരി ഈസ്റ്റിലെ മുബല്ലിഗ് ഇൻചാർജ് എച്ച് നാസിറുദ്ദീൻ സാഹിബാണ്.** 2017 ഏപ്രിൽ 7 ന് ഗോദാവരി നദിയിൽ മുങ്ങിപ്പോയതിനാൽ 42-ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ. അപകട ദിവസം സെക്കന്ത്രാബാദ് അമീർ സാഹിബിനോടും ജമാഅത്തംഗങ്ങളോടുമൊപ്പം ബാങ്കിൽപൂഡി ജമാഅത്തിൽ സുബ്ഹി നമസ്കാരത്തിനുശേഷം അദ്ദേഹം നദിയിൽപോയി. നീന്തൽ വിദ്യ നല്ലവണ്ണം അറിയാമായിരുന്നു. അവിടെ ചില സഹോദരങ്ങളോടൊപ്പം നീന്തുന്നതിനിടയിൽ കാണാതെയായി. പിന്നീട് മുക്കുവന്മാരുടെ സഹായത്താൽ ഒരു മണിക്കൂർ തിരച്ചിലിനുശേഷം നദിയുടെ തീരത്ത് അദ്ദേഹത്തിന്റെ മൃതദേഹം കിട്ടി.

പരേതന്റെ പിതാവ് എ.ശാഹുൽഹമീദ് സാഹിബ് കേരളത്തിലെ തന്റെ പ്രദേശമായ കാവശേരിയിലെ ആദ്യത്തെ അഹ്മദിയായിരുന്നു. ഇദ്ദേഹം മുഖേനയാണ് അവിടെ ജമാഅത്ത് സ്ഥാപിതമായത്. ഇദ്ദേഹത്തിന്റെ മാതാവ് ചേലക്കര ജമാഅത്തിലെ ആദ്യകാല അഹ്മദികളിൽപ്പെട്ടവരാണ്. പരേതൻ 2000-ൽ ഖാദിയാനിൽനിന്ന് പഠനം പൂർത്തിയാക്കി ആന്ധ്ര, തെലുങ്കാന സംസ്ഥാനങ്ങളിൽ വിവിധ സ്ഥലങ്ങളിൽ വിജയിയായ മുബല്ലിഗ് ആയി സേവനം ചെയ്തുകൊണ്ടിരുന്നു. മരണ സമയത്ത് ഈസ്റ്റ് ഗോദാവരി ജില്ലയിലെ മുബല്ലിഗ് ഇൻചാർജായി നിയമിതനായിരുന്നു.

അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു: "ജമാഅത്തിന്റെ സെന്റർ മാത്രമുള്ള ചിലയിടങ്ങളിലും താമസിക്കേണ്ടിവന്നിട്ടുണ്ട്. അവിടെ ഭാര്യയേയും കുട്ടികളേയും കൂട്ടി നമസ്കരിപ്പിച്ച് ദർസ് കൊടുത്തിരുന്നു. ഈ പരമ്പര വഫാത്തിനു ഒരു

ദിവസം മു മ്പേവരെ തുടർന്നുവ ന്നു.'' **ഇതിൽ മുറബ്ബിമാർക്കും മുബല്ലിഗുമാർക്കും പാഠമുണ്ട്. ജമാഅത്ത് ദൂര ദൂരയാണുളളതെങ്കിൽ, ആരും നമസ്കരിക്കാൻ എത്തുന്നില്ലെങ്കിൽത്തന്നെയും ജമാഅത്തായിട്ടുളള നമസ്കാരം എന്തായാലും നടക്കേണ്ടതാണ്; അത് സ്വന്തം കുടുംബക്കാരോടൊപ്പം ആയാലും വേണ്ടില്ല.**

അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു: "അദ്ദേഹം കാമറെഡ്ഡിയിൽ നിയമിതനായപ്പോൾ നോട്ടീസു വിതരണം ചെയ്ത കാരണത്താൽ അദ്ദേഹത്തിനെതിരിൽ എതിർപ്പ് കൂടി. അദ്ദേഹം പിടിക്കപ്പെട്ടു. ശത്രുക്കൾ കഠിനമായി മർദിച്ചു. പക്ഷേ, അദ്ദേഹം അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടുമാത്രം കഷ്ടിച്ച് രക്ഷപ്പെടുകയാണുണ്ടായത്."

അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു: "ഇവിടെ ഭയാനകമായ അവസ്ഥകളാണ്, ശത്രുതയും എതിർപ്പുമുണ്ട്. കേരളത്തിലേക്ക് മാറാൻവേണ്ടി അപേക്ഷ നല്കാമെന്ന് ഞാൻ അദ്ദേഹത്തോടു പറഞ്ഞു. അപ്പോൾ പറഞ്ഞു: നമ്മൾ ട്രാൻസ്ഫർ വാങ്ങി പോകുന്നതാണ്. നീ പറയുന്നത് ശരിതന്നെ. ഞാൻ ശത്രുത പറഞ്ഞുകൊണ്ട് കേന്ദ്രത്തിന് എഴുതിയാൽ കേന്ദ്രം ചിലപ്പോൾ ട്രാൻസ്ഫർ ചെയ്തേക്കാം. നമുക്ക് പോകുകയും ചെയ്യാം. പക്ഷേ, ഇവിടെ താമസിക്കുന്ന അഹ്മദികളെ എങ്ങോട്ടാണ് ട്രാൻസ്ഫർ ചെയ്യുക? അവർക്കെതിരിൽ ശത്രുത അതേപോലെ തന്നെ തുടരുകയാണ്.'' പറയുന്നു: "എതിർപ്പ് ഭയന്ന് പോകുക എന്നത് ശരിയായ കാര്യമല്ല. അതുകൊണ്ട് നമ്മൾ നമ്മുടെ വഖ്ഫിന്റെ പ്രതിജ്ഞ നിറവേറ്റേണ്ടതാണ്. നമ്മൾ ജീവിതം വഖ്ഫ് ചെയ്താണ് വന്നിട്ടുളളത്. ഏതവസ്ഥയായാലും നമ്മൾ ഇവിടെത്തന്നെ കഴിയേണ്ടതാണ്. ഇങ്ങനെയും പറയാറുണ്ടായിരുന്നു: ഇനി ശഹാദത്തിന്റെ തൗഫീഖ് കിട്ടുകയാണെങ്കിൽ അതിനേക്കാൾ വലിയ സമ്മാനം മറ്റെന്താണുളളത്? അതുകൊണ്ട് നമ്മൾ ഇവിടെത്തന്നെ താമസിക്കേണ്ടതാണ്.''

ലാളിത്യത്തിന്റെ അവസ്ഥ എന്തായിരുന്നുവെന്നാൽ, അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു, "ഒരു ഫർണീച്ചറും ഒരിക്കലും വാങ്ങിയിരുന്നില്ല. വീട്ടിൽ വ്യക്തിപരമായ നിലയിൽ ഒരു ഫർണീച്ചറും ഉണ്ടായിരുന്നില്ല. എപ്പോഴും പറയുമായിരുന്നു, നമ്മൾ വഖ്ഫെ സിന്ദഗിയാണ്. ജമാഅത്ത് എവിടെയാണോ പറയുന്നത് അവിടെ നമ്മൾ പോകേണ്ടതാണ്. അതുകൊണ്ട് ഒരിക്കലും ഫർണീച്ചറോ വീട്ടു സാധനങ്ങളോ പെട്ടെന്നുളള നമ്മുടെ സ്ഥലം മാറ്റത്തിന് തടസമാകാൻ പാടില്ല. ജമാഅത്ത് തന്നിട്ടുളള സൗകര്യത്തിൽ നമ്മൾ കഴിയേണ്ടതാണ്. അതിൽ നമ്മൾ ജീവിക്കേണ്ടതാണ്. അതുകൊണ്ട് തൃപ്തിപ്പെടേണ്ടതാണ്.'' **ഇതും ഒരു വാഖ്ഫെ സിന്ദഗിക്ക് മാതൃകയാണ്.**

കഴിഞ്ഞ വർഷം അമലാപുരത്തേക്ക് സ്ഥലമാറ്റമുണ്ടായിരുന്നു. അവിടെ കുട്ടികളെ വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നതിന് എത്രമാത്രം കൃത്യനിഷ്ഠ പാലിച്ചിരുന്നുവെന്നാൽ നിത്യവും ഒരു കിലോമീറ്റർ നടന്നോ സൈക്കിളിലോ പോയി ആളുകളെ വിശുദ്ധ ഖുർആൻ പഠിപ്പിച്ച് തിരിച്ചു വരുമായിരുന്നു. **ഇതും മുബല്ലിഗുമാർക്കും മുറബ്ബിമാർക്കുമുളള ഒരു മാതൃകയാണ്.**

അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു: അതിഥി സൽക്കാരത്തിന്റെ വലിയ സവിശേഷത അദ്ദേഹത്തിലുണ്ടായിരുന്നു. പറയുന്നു, ഞാൻ കുട്ടികളുടെ സ്കൂൾ അവധിയുടെ അവസരത്തിൽ കേരളത്തിൽ വരുന്ന കാരണത്താൽ വീട്ടിലില്ലാത്തപ്പോഴും അതിഥികൾ വന്നാൽ ഒരു വിഷമവും കാണിക്കുമായിരുന്നില്ല. സ്വയം തന്നെ എപ്പോഴും ഭക്ഷണം പാകം ചെയ്ത് അതിഥികളെ സൽക്കരിക്കുമായിരുന്നു.

ശഹാദത്തും അദ്ദേഹം വളരെ ആഗ്രഹിച്ചിരുന്നു. മുമ്പേ പറഞ്ഞതാണ്. അദ്ദേഹം പറഞ്ഞു, "ഞാൻ കൂടെക്കൂടെ ഹദ്റത്ത് മുസ്‌ലിഹ് മൗ ഊദ്(റ)നേയും എന്റെ പിതാവിനേയും സ്വപ്നത്തിൽ കാണുന്നു. എന്റെ പിതാവ് എന്നോട് ആംഗ്യംകാണിക്കുന്നു, വിളിച്ചുകൊണ്ടിരിക്കുന്നു.'' എന്തായാലും ദീനീ സേവനത്തിലായിരുന്നതുകൊണ്ട് ഒരു തരത്തിൽ അദ്ദേഹത്തിന് ശഹാദത്തും അങ്ങനെ ലഭിച്ചു. ദീനീസേവനത്തിനുവേണ്ടി പോയതായിരുന്നു. അവിടെ ഈ ദീനീ പര്യടനത്തിനിടയിൽത്തന്നെ അദ്ദേഹത്തിന്റെ മരണം സംഭവിച്ചു, അപകട മരണം. ഇതും ശഹാദത്താണ് ഒരു തരത്തിൽ.

നല്ലപോലെ ദുആചെയ്യുന്നയാളും തഹജ്ജുദ് അനുഷ്ഠിക്കുന്ന വ്യക്തിയും എല്ലാവരുമായും ഇടപഴകുന്ന ആളും തബ്‌ലീഗ് രംഗത്തെ നിർഭയനായ മുജാഹിദും (കർമഭടൻ) ആയിരുന്നു. പല പ്രാവശ്യവും എതിരാളികൾ തങ്ങളുടെ കസ്റ്റഡിയിൽവച്ച് അദ്ദേഹത്തെ മർദിച്ചിട്ടുണ്ട്. അതേക്കുറിച്ച് ജൽസയുടെ പ്രഭാഷണത്തിൽ സംഭവങ്ങൾ കേൾപ്പിക്കുമ്പോൾ ഒരിക്കൽ ഞാൻ കേൾപ്പിച്ചിരുന്നു. ഭയാനകമായ നിലയിൽ മൗലവിമാർ അദ്ദേഹത്തെ മർദിച്ചിരുന്നു.

അദ്ദേഹത്തിന് പ്രായാധിക്യമുളള മാതാവുണ്ട്. ദുഃഖാർത്തരായ കുടുംബാംഗങ്ങളിൽ ഭാര്യയും രണ്ടു ആൺകുട്ടികളുമുണ്ട്.

*(മാതാവ്: പി.പി.പാത്തുമ്മ സാഹിബ, ഭാര്യ: ടി.എച്ച്.താഹിറ സാഹിബ, മക്കൾ: സ്വബാഹുദ്ദീൻ, റിസ്‌വാനുദ്ദീൻ സ.പ)*

അദ്ദേഹത്തിന്റെ മൂത്ത രണ്ടു സഹോദരന്മാരിൽ ഒരാൾ കേരളത്തിലെ പാലക്കാട് ജില്ലാ അമീർ എച്ച് സുലൈമാൻ സാഹിബാണ്. മറ്റൊരാൾ നിസാറത്ത് നശ്ർ വ ഇശാഅത്ത് ഖാദിയാനിലെ മലയാളം സെക്ഷനിൽ ഇപ്പോൾ സേവനം ചെയ്തുകൊണ്ടിരിക്കുന്ന എച്ച് ശംസുദ്ദീൻ സാഹിബും.

*(മറ്റ് സഹോദരങ്ങൾ: എച്ച്. സൈനബ സാഹിബ w/o മൗ. ടി.എം.മുഹമ്മദ് സാഹിബ്, എച്ച്. ബശീർ അഹ്മദ് സാഹിബ് (കുവൈത്ത്), എച്ച്.മഹ്മൂദ് അഹ്മദ് സാഹിബ് (യു.എ.ഇ) സ.പ)*

ഇദ്ദേഹത്തോടൊപ്പം സേവനം ചെയ്യാൻ തൗഫീക് കിട്ടിയിരുന്ന മുബല്ലിഗ് നവീദുൽ ഫത്ഹ് ശാഹിദ് സാഹിബ് പറയുന്നു:

മൗലാനാ എച്ച്. നാസിറുദ്ദീൻ സാഹിബ് കേരള സ്വദേശിയായിരുന്നു. ഏകദേശം 18 വർഷമായി ആന്ധ്രാ, തെലുങ്കാന സംസ്ഥാനങ്ങളിൽ സേവനനിരതനായിരുന്നു. ഒരേ പ്രദേശത്ത് ജോലി ചെയ്യുന്നതു കൊണ്ട് അധികവും കാണാറുണ്ടായിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ അഭിവൃദ്ധിക്കായി എന്തു ജോലിയും ചെയ്യാൻ എപ്പോഴും സന്നദ്ധനായിരുന്നു. വളരെയധികം സ്നേഹിക്കുന്ന മനുഷ്യനായിരുന്നു. ആലിം ബാ അമൽ (കർമാനുഷ്ഠാനിയായ പണ്ഡിതൻ) ആയിരുന്നു. മുടക്കം കൂടാതെ തഹജ്ജുദ് നമസ്കരിച്ചിരുന്നു. നിത്യവും പതിവായി തഅ്ലീം തർബിയത്ത് പ്രവർത്തനം നടത്തിയിരുന്നു. ഓഫീസ് ജോലിക്കായി നിത്യവും പ്രത്യേക സമയം വെച്ചിരുന്നു. മഹാത്മാക്കളെ ആദരിക്കുക എന്നത് അദ്ദേഹത്തിന്റെ ഒരു വിശേഷ ഗുണമായിരുന്നു. ചെറിയവരോടുള്ള പെരുമാറ്റവും പ്രത്യേകമായ സവിശേഷഗുണമായിരുന്നു. എല്ലാ ദിവസവും പതിവായി പുറത്തുപോകുമായിരുന്നു. ഒരു ഭയവുമുണ്ടായിരുന്നില്ല. എതിരാളികളുണ്ടെങ്കിൽ അവർ എന്തു ചെയ്യാനാണെന്ന് ചോദിക്കുമായിരുന്നു. ഇക്കാരണത്താൽ അനഹ്മദികളുടേയും വൃത്തം അദ്ദേഹത്തിന് വളരെ വിശാലമായിരുന്നു. കാരണം അവരോടും പ്രസന്നതയോടെ പെരുമാറിയിരുന്നു. വലിയ പ്രിയങ്കരനായിരുന്നു.

പറയുന്നു: "ഞാൻ ഒരിക്കലും അദ്ദേഹത്തിന്റെ നെറ്റി ചുളിഞ്ഞു കണ്ടിട്ടില്ല. ഒരിക്കലും ദേഷ്യത്തിലും കണ്ടിട്ടില്ല. തന്റെ കൂടെയുള്ള മുഅല്ലിമീങ്ങളോടും നല്ല നിലയിൽ പെരുമാറിയിരുന്നു. അവരുടെ കാര്യങ്ങൾ എപ്പോഴും ശ്രദ്ധിച്ചിരുന്നു. എല്ലാവരോടും എങ്ങനെയുള്ള സ്നേഹമായിരുന്നുവെന്നാൽ അദ്ദേഹവുമായി ഇടപെടുന്ന ഓരോരുത്തരും അദ്ദേഹത്തിൽ അനുരക്തരാകുമായിരുന്നു."

ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഗ്രന്ഥങ്ങൾ വലിയ ചിട്ടയോടെ പാരായണം ചെയ്തിരുന്നു. പതിവായി വായിക്കുമായിരുന്നു. അതിനുവേണ്ടി പ്രത്യേക സമയം വച്ചിരുന്നു. **ഇതും എല്ലാ ഓരോ മുബല്ലിഗിനും മുറബ്ബിക്കും അങ്ങേയറ്റം സുപ്രധാനവും അത്യാവശ്യവുമായ പാഠമാണ്.**

വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നതിൽ ഒരിക്കലും അശ്രദ്ധ കാണിച്ചിരുന്നില്ല. എല്ലാദിവസവും പതിവായി ഡയറി എഴുതുമായിരുന്നു. ഖിലാഫത്തിൽനിന്ന് എന്തുകാര്യം പറഞ്ഞാലും എപ്പോഴും അത് ശ്രദ്ധയോടെ കേൾക്കുന്ന ശീലമായിരുന്നു. ഖുത്ബകൾ എപ്പോഴും സശ്രദ്ധം കേട്ടിരുന്നു. കേൾക്കുക മാത്രമല്ല മറിച്ച് പിന്നീട് അത് പൂർണമായും പ്രവർത്തനത്തിൽ കൊണ്ടുവരാനുള്ള ശ്രമമായിരുന്നു. അതിലെ ഓരോ വാക്കുകളുമനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിച്ചിരുന്നു. വ്യാഖ്യാനങ്ങൾ നൽകുമായിരുന്നില്ല. **വാഖ്ഫീനെ സിന്ദഗിക്ക് ഇതും വളരെ പ്രധാനപ്പെട്ട കാര്യമാണ്.**

"ഖിലാഫത്തിനെ അങ്ങേയറ്റം സ്നേഹിക്കുന്ന വ്യക്തിയായിരുന്നു. നബി(സ)തിരുമേനിയോടും ഹദ്റത്ത് മസീഹ് മൗഊദ്(അ) നോടുമുള്ള സ്നേഹവും അനുരക്തിയും അതിരറ്റതായിരുന്നു." ഇദ്ദേഹം പറയുന്നു, ഈ പ്രത്യേകതകളെല്ലാം അദ്ദേഹത്തിൽ വ്യക്തമായും ദൃശ്യമായിരുന്നു.

ശത്രുക്കൾ അദ്ദേഹത്തെ കാമറെഡ്ഡി ബിലാൽ മസ്ജിദിൽ കൊണ്ടുപോയി ഒരുപാട് മർദിച്ചു. ക്ഷമയോടെ മർദനങ്ങൾ സഹിച്ചു. പിന്മാറിയില്ല.

മുബല്ലിഗ് സാഹിബ് പറയുന്നു: മർദനങ്ങൾ കൊണ്ട് ഞാൻ ആസ്പത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയായിരുന്നു. പോലീസ് മുഖേനയാണ് രക്ഷപ്പെടുത്തിയത്. ആ സമയത്ത് ഞാൻ ആസ്പത്രിയിൽ പോയി കണ്ടിരുന്നു. പരുക്കുകൾ കാരണം വിവശനാണെന്നതും ബാന്റേജുകൾ പൊതിഞ്ഞിരിക്കുന്നുവെന്നതും ശരി തന്നെ, പക്ഷേ മുഖത്ത് ഒരു ആത്മീയ പ്രസന്നത ഉണ്ടായിരുന്നു. വളരെ സന്തോഷവാനായിരുന്നു. എല്ലാ സംഭവങ്ങളും വളരെ സമാധാനത്തിൽ കേൾപ്പിച്ചു കൊണ്ടിരുന്നു. ശത്രുക്കൾ ചോദിച്ചു; മിർസാ ഗുലാം അഹ്മദ് എന്ത് വാദമാണ് പുറപ്പെടിവിച്ചത്? അദ്ദേഹം പറഞ്ഞു; ശിഷ്യപ്രവാചകത്വ വാദമാണ് ചെയ്തിട്ടുള്ളത്. അപ്പോൾ ശത്രുക്കൾ കഠിനമായി മർദിച്ചു. അടിച്ചടിച്ച് അവശനാക്കുമായിരുന്നു. പിന്നെ ചോദിച്ചു; എന്താണ് ശിഷ്യപ്രവാചകത്വം? ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ)നോടുള്ള സ്നേഹത്തിൽ ലീനനായതു കൊണ്ട് ലഭിച്ച നുബുവ്വത്താണത്. അതാണ് അദ്ദേഹത്തിന്റെ നുബുവ്വത്ത്. തുടർന്ന് വീണ്ടും ശത്രുക്കൾ മർദിച്ചു. ഏതായിരുന്നാലും ദീനീ സേവനത്തിന് ഒരുപാട് മർദനങ്ങൾ ഏൽക്കാനും എനിക്ക് തൗഫീഖ് ലഭിച്ചുവെന്ന് പറഞ്ഞ് വളരെ നന്ദിയോടെയാണ് ഈ സംഭവങ്ങളെല്ലാം കേൾപ്പിച്ചത്.

ഈ കാര്യങ്ങൾ എഴുതുന്ന മുബല്ലിഗ് പറയുന്നു; അദ്ദേഹത്തിന്റെ ട്രാൻസ്ഫറിനെ കുറിച്ച് അറിവ് ലഭിച്ചപ്പോൾ പറയുകയാണ്, എനിക്ക് ട്രാൻസ്ഫറാണ്, പക്ഷേ ശത്രുക്കളുടെ ഇടയിൽ പോയി താങ്കൾ ഒരുപാട് പ്രവർത്തിക്കണം. അവിടെ നിങ്ങൾക്ക് ഒരുപാട് അവസരങ്ങൾ ലഭിക്കും. പിന്നെ എത്തരത്തിലുള്ള എതിർപ്പാണെന്നും എങ്ങനെ തബ്ലീഗ് ചെയ്യണമെന്നും പറഞ്ഞു തരുകയുണ്ടായി. അതായത് തനിക്ക് ശേഷം വരുന്ന

മുബല്ലിഗുമാർക്കും ധൈര്യം കൊടുത്തുകൊണ്ട് പറഞ്ഞു, ഭയപ്പെടരുത്, അഹ്മദിയ്യത്തിന്റെ സന്ദേശം ധൈര്യപൂർവം പ്രചരിപ്പിക്കണം.

മുഅല്ലിം വസീർ സാഹിബ് പറയുന്നു: ഞാൻ അദ്ദേഹത്തെ പതിവായി തഹജ്ജുദ് നമസ്കരിക്കുകയും നമസ്കാരങ്ങൾ ഭയഭക്തിയോടെ അനുഷ്ഠിക്കുകയും നിത്യവും വിശുദ്ധ ഖുർആൻ പാരായണം ചെയ്യുകയും സൽസ്വഭാവിയും കർമയോഗിയുമായിട്ടാണ് കണ്ടിട്ടുള്ളത്. ഖിലാഫത്തിനോടു പ്രത്യേക സ്നേഹമായിരുന്നു. ജമാഅത്തായിട്ടുള്ള നമസ്കാരത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തിയിരുന്നു. അതിഥി സൽക്കാര പ്രിയനും ലളിതജീവിതം ഇഷ്ടപ്പെടുന്ന വ്യക്തിയും അനാവശ്യ ചെലവുകളിൽനിന്ന് രക്ഷപ്പെടുന്ന ആളുമായിരുന്നു.

പിന്നീട് ഇദ്ദേഹം എഴുതുന്നു: ഗ്രന്ഥ പാരായണത്തിൽ വളരെ തൽപരനായിരുന്നു. അതേക്കുറിച്ച് നേരത്തേയും പറഞ്ഞതാണ്. എന്തെങ്കിലും ചോദ്യം ചോദിച്ചാൽ സമുചിതമായി മറുപടി നല്കുമായിരുന്നു. ഏതെങ്കിലും പരിപാടിയിലോ സദസ്സിലോ പ്രത്യേകിച്ചും യാത്രയിലോ ഖുദ്ദാമിനോടൊപ്പമിരുന്നാൽ ജമാഅത്തിനെ കുറിച്ച് ചർച്ച നടത്തുകയും ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങൾ കേൾപ്പിക്കുകയും ചെയ്യുമായിരുന്നു. എല്ലാവരോടും ഉത്തമ സ്വഭാവത്തോടെ പെരുമാറിയിരുന്നു. ഇക്കാരണത്താൽ അദ്ദേഹത്തോടൊപ്പമിരിക്കാൻ ഓരോരുത്തരും ഇഷ്ടപ്പെട്ടിരുന്നു.

പറയുന്നു: ഒരിക്കൽ കാമറെഡ്ഡിയിൽ ലഘുലേഖകൾ വിതരണം ചെയ്തകാരണത്താൽ ശത്രുക്കൾ അദ്ദേഹത്തെ മർദിക്കാൻ പ്ലാൻ ചെയ്തിരുന്നു. ഫെബ്രുവരി 20ന് മുസ്ലിഹ് മൗഊദ് ദിന യോഗമായിരുന്നു. നമസ്കാര സെന്ററിൽ നേരത്തെ തന്നെ അദ്ദേഹം എത്തിച്ചേർന്നിരുന്നു. ഇതിനിടെ നൂറ് പേരടങ്ങുന്ന അനഹ്മദീ സംഘം അദ്ദേഹത്തെ തിരഞ്ഞ് പുറപ്പെട്ടിരുന്നു. അദ്ദേഹം നേരത്തെ മസ്ജിദിൽ എത്തിയതിനാൽ അവർക്ക് വഴിയിൽ അദ്ദേഹത്തെ കിട്ടിയില്ല. ശത്രുക്കൾ നമ്മുടെ മുഅല്ലിം മുഹമ്മദ് ഉമർ സാഹിബും ഭാര്യയും മക്കളും സെന്ററിലേക്ക് യോഗത്തിന് പോകുമ്പോൾ അവരെ തടഞ്ഞു വെക്കുകയും നാസിറുദ്ദീൻ വരാതെ നിങ്ങളെ വിടുന്നതല്ലെന്നു പറയുകയും ചെയ്തു. മർഹൂം ഇതേക്കുറിച്ച് അറിഞ്ഞപ്പോൾ ഉടൻ തന്നെ അവിടെ എത്തി പറഞ്ഞു: ഞാനാണ് നാസിറുദ്ദീൻ. അങ്ങനെ ശത്രുക്കൾ മുഅല്ലിം സാഹിബിനേയും ഭാര്യാമക്കളേയും വിടുകയും അദ്ദേഹത്തെ മർദിച്ചു കൊണ്ട് പോകുകയും ചെയ്തു. വളരെ കഠിനമായി എല്ലാവരും മർദിച്ചു. അവസാനം പോലീസ് എത്തിയാണ് വിടുതൽ കിട്ടിയത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദങ്ങളെ നിഷേധിക്കണമെന്നതും അദ്ദേഹത്തെ കള്ളവാദിയാണെന്ന് പറയണമെന്നതുമായിരുന്നു അവരുടെ ശാഠ്യം.

അല്ലാഹു അദ്ദേഹത്തിന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും ക്ഷമയും കരുത്തും നല്കുമാറാകട്ടെ. (ആമീൻ).

(ഖുത്ബ ജുമുഅ : 14.04.2017)



അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് ലജ്നാ ഇമാഇല്ലാ കൂടാളിയും പെരിന്തൽമണ്ണ അൽ-സലാമ ഹോസ്പിറ്റലും സംയുക്തമായി നടത്തിയ നേത്ര പരശോധനാ ക്യാമ്പ്.




അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് എറണാകുളം ജില്ലാ തഅ്ലിം ക്യാമ്പ് അഡീഷണൽ നാസിർ അഅ്ലാ സൗത്ത് ഇന്ത്യ ശിറാസ് അഹ്മദ് സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. ബി.ബി. അഹ്മദ് കബീർ സാഹിബ്, എച്ച്. അഹ്മദ് ശാഫി സാഹിബ്, മൗലവി സുൽത്താൻ നസീർ സാഹിബ്, പി.കെ. ശാഹുൽ ഹമീദ് സാഹിബ്, അഹ്സൻ ഗോരി സാഹിബ് എന്നിവർ സമീപം.

Published on 7.05. 2017
Pages 44
Vol: 89 Issue. 5
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2015-17
Licence No. KL/CR/EKM/WPP-12/2015-17. Licensed to Post Without Prepayment
The Sathyadoothan Monthly



mta INTERNATIONAL

Muslim Television Ahmadiyya International



mta INTERNATIONAL
www.mta.tv

YouTube | mta INTERNATIONAL
www.youtube.com/mtaonline1

www.alislam.org

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി
കൂടുതൽ അറിയാൻ ബന്ധപ്പെടുക

1800 425 2020 Toll Free (9 am to 9 pm)